2015 ഡിസംബർ 10
വാല്യം 08
ലക്കം 23
ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

# ചർച്ച് ഓഫ് ഗോഡ് കൗൺസിൽ ഇലക്ഷൻ പുതുമുഖങ്ങൾക്ക് സാധ്യത

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഇലക്ഷനിൽ പുതുമുഖങ്ങൾക്ക് സാധ്യത ഏറുന്നു. 15 അംഗ കൗൺസിലിലേക്ക് 50 ലധികം മത്സരാർത്ഥികൾ ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. പതിവിന് വിപരീതമായി ഇക്കുറി ശക്തമായ മത്സരം ഉണ്ടാകും എന്നാണ് കണക്കുകൂട്ടുന്നത്. മത്സരരംഗത്ത് പ്രമുഖരായ പുതുമുഖങ്ങൾ എത്തിയത് സീനിയർ ശുശ്രൂഷകരെ പരിഭ്രാന്തരാക്കിയിട്ടുണ്ട്. കൗൺസിൽ സ്ഥാനങ്ങൾ തങ്ങളുടെ നേട്ടത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്നവർക്കെതിരെ ശക്തമായ വികാരമാണ് ശുശ്രൂഷകരുടെ ഇടയിൽ ഉള്ളത്. ശുശ്രൂഷകരുടെ ക്ഷേമത്തിനോ സഭയുടെ പുരോഗതിക്കോ വേണ്ടി ഒന്നും പ്രവർത്തിക്കാത്തവരാണ് ബഹുഭൂരിപക്ഷം കൗൺസിൽ അംഗങ്ങളും എന്ന വിമർശനം പരക്കെ ഉണ്ട്. കൗൺസിൽ അംഗം എന്ന പദവി ഉപയോഗിച്ച് വലിയ സഭകളും ഡിസ്ട്രിക്ടുകളും മറ്റ് ചുമതലകളുമൊക്കെ അടിച്ചെടുക്കുക മാത്രമാണ് നടക്കുന്നതെന്ന് ശുശ്രൂഷകന്മാർ പരാതിപ്പെടുന്നു.

സഭയുടെ പുരോഗതിക്കും ശുശ്രൂഷകന്മാരുടെ ക്ഷേമത്തിനുംവേണ്ടി കാഴ്ചപ്പാടുള്ളവരും ദുരുപദേശത്തിനും അഴിമതിക്കുമെതിരെ ശക്തമായ നിലപാടെടുക്കുന്നവരും കൗൺസിലിൽ എത്തണം എന്ന അഭിപ്രായമാണ് പൊതുവെ ഉള്ളത്. അതുകൊണ്ട് തന്നെ പതിവിനു വിപരീതമായി 15 അംഗ കൗൺസിലിൽ പുതുമുഖങ്ങളുടെ എണ്ണം വർദ്ധിക്കുവാനുള്ള സാധ്യതയാണ് ഇക്കുറിയുള്ളത്.




ഓവർസിയർ ഇലക്ഷൻ (പ്രിഫറൻസ് ബാലറ്റ്) നടക്കുവാൻ പോകുന്ന സാഹചര്യത്തിൽ പുതിയതായി തെരഞ്ഞെടുക്കപ്പെടുന്ന കൗൺസിലിന് പ്രത്യേക പ്രാധാന്യം ഉണ്ട്. ആയിരത്തോളം ശുശ്രൂഷകരാണ് സമ്മതിദാനാവകാശം രേഖപ്പെടുത്തുന്നത്. ചർച്ച് ഓഫ് ഗോഡിൽ വിശ്വാസികൾക്ക് വോട്ടിംഗിന് അവസരമില്ല. എന്നാൽ വിശ്വാസികൾക്ക് പ്രാതിനിധ്യം നൽകണമെന്ന ആവശ്യം വർഷങ്ങളായി നിലനിൽക്കുകയാണ്. എല്ലാ സഭകളിൽ നിന്നും ഒരു പ്രതിനിധിക്കെങ്കിലും വോട്ടവകാശം നൽകണമെന്ന ആവശ്യം വരുന്ന കൗൺസിൽ പരിഗണിക്കേണ്ടി വരും. സഭയുമായി ബന്ധപ്പെട്ട് കോടതിയിലുള്ള കേസുകൾ, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ തലവന്മാരെ നിയമിക്കൽ തുടങ്ങി വരുന്ന കൗൺസിലിന് അഴിക്കുവാൻ കുരുക്കുകളേറെയാണ്.

നിലവിലുള്ള കൗൺസിലിലെ പ്രമുഖ അംഗങ്ങളിൽ പലരും രണ്ടു ടേം പൂർത്തിയാക്കിയതിനാൽ മത്സരരംഗത്തില്ല. പാനൽ തിരിഞ്ഞുള്ള മത്സരമാണ് ഇക്കുറി എന്നതും ശ്രദ്ധേയമാണ്. ഡിസം. 15 വരെയാണ് പത്രിക സമർപ്പണത്തിനുള്ള അവസരം. ഡിസം. 24ന് സൂക്ഷ്മ പരിശോധന നടക്കും. ജനുവരി 5 രാവിലെ 8മുതൽ1 മണി വരെ മുളക്കുഴയിലാണ് വോട്ടെടുപ്പ് നടക്കുന്നത്. അന്നു രാത്രി തന്നെ ഫലപ്രഖ്യാപനവും നടക്കും.

## സ്കൂൾ ഓഫ് ജേണലിസം ബിരുദദാനം ഡിസംബർ 16ന്

### പെരുമ്പടവം ശ്രീധരൻ വിശിഷ്ടാതിഥി


ശ്രീ. പെരുമ്പടവം ശ്രീധരൻ


പാസ്റ്റർ പി. ജെ. ജെയിംസ്


പാസ്റ്റർ സാം ജോർജ്ജ്

**കുമ്പനാട്:** ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ ചുമതലയിൽ നടന്നുവരുന്ന സ്കൂൾ ഓഫ് ജേണലിസം ബിരുദദാനം ഡിസംബർ 16, ബുധൻ ഉച്ചകഴിഞ്ഞ് 2.30ന് കുമ്പനാട് ബെഥേൽ ചർച്ച് ഓഫ് ഗോഡ് ഹാളിൽ നടക്കും. സാഹിത്യ അക്കാദമി ചെയർമാനും പ്രമുഖ സാഹിത്യകാരനുമായ ശ്രീ. പെരുമ്പടവം ശ്രീധരൻ മുഖ്യ പ്രഭാഷണം നടത്തുന്ന സമ്മേളനം ഐ. പി. സി. ആക്ടിംഗ് ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിക്കും. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ. ജെയിംസ് ബിരുദദാന സന്ദേശവും സർട്ടിഫിക്കറ്റ് വിതരണവും നിർവ്വഹിക്കും. റൈറ്റേഴ്സ് ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ പി. ജി. മാത്യൂസ് അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർ എം. കുഞ്ഞപ്പി അനുഗ്രഹപ്രഭാഷണം നടത്തും. ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് പ്രസിഡന്റ് പാസ്റ്റർ തോമസ് ഫിലിപ്പ് അനുഗ്രഹ പ്രാർ

04

## ബെഥേൽ ഗോസ്പൽ അസംബ്ലി ജനറൽ കൺവൻഷൻ

### 2016 ജനുവരി 14 മുതൽ 17 വരെ


ഡോ. ജോയി പി. ഉമ്മൻ


പാസ്റ്റർ ജോർജ്ജ് പി. ചാക്കോ


പാസ്റ്റർ അനിൽ കൊടിത്തോട്ടം


മിസിസ്സ് ഗ്രേസ് ഉമ്മൻ

**പത്തനാപുരം:** ബെഥേൽ ഗോസ്പൽ അസംബ്ലി 26-മത് ജനറൽ കൺവൻഷനും ദ്വിവത്സര കോൺഫറൻസും 2016 ജനുവരി 14 വ്യാഴം മുതൽ 17 ഞായർ വരെ പത്തനാപുരം ബെഥേൽ കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. ഇരുപത്തി അഞ്ച് വർഷങ്ങൾ കൊണ്ട് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ പടർന്നു പന്തലിച്ച സഭയുടെ പ്രതിനിധികളായി ആയിരങ്ങൾ പങ്കെടുക്കുന്ന പത്തനാപുരത്തെ ഏറ്റവും വലിയ ആത്മീയ സംഗമമാണ് ഈ കൺവൻഷൻ. ജനറൽ സെക്രട്ടറി പാസ്റ്റർ എം. ഒ. അനിയന്റെ നേതൃത്വത്തിൽ വിവിധ സെക്ഷൻ പ്രസ്ബിറ്റർമാരുടെ ചുമതലയിൽ ക്രമീകരണങ്ങൾ നടക്കുന്നു.

**"കർത്താവിന്റെ വരവ്"** ആണ് ചിന്താവിഷയം. കർത്തൃദാസന്മാരായ അനിൽ കൊടിത്തോട്ടം, ഷാജി യോഹന്നാൻ, സജി ലൂക്കോസ്, ജോർജ് പി. ചാക്കോ, വിത്സൻ പി.ജോർജ് തുടങ്ങിയവർ പ്രസംഗിക്കും.

വ്യാഴാഴ്ച രാവിലെ

04

CHURCH OF GOD (Full Gospel) IN INDIA
KERALA STATE
ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ
ശാലേം ചർച്ച്, വട്ടാർകയം (മന്ദമരുതി) റാന്നി
ബൈബിൾ ക്ലാസ്സ്
യുഗാന്ത്യ സംഭവങ്ങളും ക്രിസ്തുവിന്റെ മടങ്ങിവരവും

2015 ഡിസംബർ 11,12,13 (വെള്ളി - ഞായർ)
സമയം: രാവിലെ 10.00 - 1.30, വൈകിട്ട് 6 -9
ഞായർ: രാവിലെ 9-1
ഏവർക്കും സ്വാഗതം

പാസ്റ്റർ ബിനു തോമസ് നേതൃത്വം നൽകുന്നു
പാസ്റ്റർ പി. റ്റി. തോമസ് (കോട്ടയം) ക്ലാസ്സുകൾ നയിക്കുന്നു
കൂടുതൽ വിവരങ്ങൾക്ക്: ബ്രദർ ജോർജ്ജ് തോമസ് (സെക്രട്ടറി), 9744580323, 9847237055

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ




# സഭാ ഇലക്ഷനിൽ മാന്യത സൂക്ഷിക്കുക



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ആശയത്തെ ആശയം കൊണ്ട് നേരിടണം. സഭയിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാം. ആശയവൈരുദ്ധ്യമുണ്ടാകാം. നിലപാടുകളെയും ആശയങ്ങളെയും അടിസ്ഥാനമാക്കി നടത്തുന്ന ആശയസമരങ്ങൾ ഒരിക്കലും തെറ്റെന്ന് പറയുവാൻ സാധ്യമല്ല. നിലപാടുകളിൽ ഉറച്ചുനിന്ന് അതിനുവേണ്ടി പോരാടുന്നതുകൊണ്ട് അനാത്മീയത എന്നു പറയുവാൻ കഴിയില്ല. സഭയുടെ ആരംഭകാലഘട്ടത്തിൽ ഉണ്ടായിരുന്നതിനേക്കാൾ എത്രയോ മടങ്ങ് വളർച്ച ഇന്നുണ്ടായിരിക്കുന്നു. ആളുകൾ ധാരാളമായി എത്തിയതുകൊണ്ട് തന്നെ അതിനനുസരിച്ച് ഗുണമേന്മയിലും കുറവ് വന്നിട്ടുണ്ട്. യഥാർത്ഥമായ ആത്മീയ അനുഭവവും വിളിയുമില്ലാത്തവർ സഭയിലും നേതൃത്വത്തിലും എത്തിയതുകൊണ്ട് പ്രശ്നങ്ങൾക്കും പഞ്ഞമില്ല. സഭയുടെ പോക്ക് അപകടത്തിലേക്കാകുമ്പോൾ ദൈവം ശക്തമായ ഇടപെടൽ നടത്താറുണ്ട്. അതിനായി ദർശനമുള്ളവരെ എഴുന്നേൽപ്പിക്കുകയും ചെയ്യും.

ഇന്ന് പെന്തെക്കോസ്ത് സമൂഹത്തിന്റെ പോക്ക് അപകടകരമാം വിധമാണ്. ദുരുപദേശം, അഴിമതി ഇവയെല്ലാം പെന്തെക്കോസ്തിൽ സർവ്വസാധാരണമായിരിക്കുന്നു. ന്യൂജനറേഷൻ സഭകളുടെ കടന്നുകയറ്റത്തെയും അതിനോടനുബന്ധിച്ച് ഉണ്ടായ ആത്മീയ കോപ്രായങ്ങളെയും തടയുവാൻ ഒരു പരിധി വരെ നേതൃത്വത്തിന് കഴിയാതെ പോകുന്നു. എന്നാൽ ശക്തമായ നേതൃത്വമാണ് ഇന്ന് ആവശ്യമായിരിക്കുന്നത്. രണ്ടുതരത്തിലുള്ള പുരോഗതിയാണ് സഭയ്ക്ക് ആവശ്യം. ഏറ്റവും പ്രധാനം സഭയുടെ ആത്മീയ പുരോഗതിതന്നെയാണ്. അതിൽ ആത്മീയ ആരോഗ്യമുള്ള വിശ്വാസികളും മിഷൻ ദർശനമുള്ള നിസ്വാർത്ഥരായ നേതൃത്വവുമെല്ലാം ഉൾപ്പെടും. രണ്ടാമതായി പ്രസ്ഥാനങ്ങളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾക്കായി ഭൗമീകസൗകര്യങ്ങൾ ഉണ്ടാക്കുക. സ്ഥലം വാങ്ങുന്നതും കെട്ടിടം പണിയുന്നതുമെല്ലാം അതിൽ ഉൾപ്പെടുന്നതാണ്. എന്നാൽ ശരിയായ ദർശനം ഉള്ള നേതാക്കന്മാർ ഇതുരണ്ടും ഒന്നിച്ചുകൊണ്ടുപോകാനാണ് ശ്രമിക്കേണ്ടത്. സീസറിന്റെ ഭാര്യ സംശയത്തിന് അതീതയായിരിക്കണം എന്ന ചൊല്ലുപോലെ ആത്മീയ നേതാക്കന്മാരും സംശയത്തിന് അതീതരായിരിക്കണം. അഴിമതി, ദുരുപദേശം, ദ്രവ്യാഗ്രഹം, ജഡചിന്തകൾ ഇവയിൽ നിന്നെല്ലാം നേതാക്കന്മാർ ഒഴിഞ്ഞിരിക്കണം. മാത്രമല്ല സമൂഹമദ്ധ്യേ പെന്തെക്കോസ്തിന്റെ വക്താക്കളെന്ന നിലയിലുള്ള മാന്യതയും ഇവർ കാത്തുസൂക്ഷിക്കണം. ദുഃഖകരം എന്നു പറയട്ടെ ഇതെല്ലാം ഇന്ന് അന്യം നിന്നിരിക്കുന്നു.

വാസ്തവമായി ഒരു മാറ്റം നമ്മുടെ പ്രസ്ഥാനങ്ങൾക്കെല്ലാം ഉണ്ടാകണം. ഐ. പി. സി., ചർച്ച് ഓഫ് ഗോഡ് സഭകളുടെ ഇലക്ഷൻ സമയമാണല്ലോ. പ്രാർത്ഥനയോടും വിവേചനത്തോടും വോട്ടവകാശം വിനിയോഗിച്ചാൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാകും. പണവും സ്വാധീനവും ഗ്രൂപ്പുപിടിത്തവും ഒന്നും നമ്മുടെ നിലപാടിനെ മാറ്റുവാൻ പാടില്ല. ഇന്ന് ചിരിക്കുന്നവർ ഇലക്ഷൻ കഴിയുമ്പോൾ തിരിഞ്ഞുനോക്കാറില്ലല്ലോ. അതുകൊണ്ട് തന്നെ നമ്മുടെ നിലപാടുകൾ ഒരു ചിരിയുടെ മുമ്പിൽ ബലി കഴിക്കേണ്ടതുമില്ല.

ദുഃഖകരമായി എനിക്ക് തോന്നുന്നത് ഇലക്ഷൻ സമയത്ത് നടക്കുന്ന ചില വ്യാജപ്രചരണങ്ങളാണ്. ഊമക്കത്തുകളും വ്യാജപ്രചരണങ്ങളും കൊണ്ട് നടത്തുന്ന വ്യക്തിഹത്യ ഒഴിവാക്കണം. നമ്മുടെ നിലപാടുകളും ആശയങ്ങളും വ്യക്തമാക്കാം. എന്നാൽ അത് വ്യക്തിബന്ധങ്ങളെ തകർക്കുന്ന നിലയിലാകരുത്. പരസ്പര ബഹുമാനത്തോടും സ്നേഹത്തോടും എതിർസ്ഥാനാർത്ഥികളെ കാണുവാൻ കഴിയണം. നമ്മുടെ മാന്യത സമൂഹത്തിന്റെ മുമ്പിൽ നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കേണ്ട കടപ്പാട് ഉണ്ടെന്ന ബോധം സ്ഥാനാർത്ഥികൾക്കെല്ലാം ഉണ്ടാകണം. വിദ്വേഷവും പകയും നമ്മുടെ സമീപനത്തിൽ ഉണ്ടാകരുത്. വരുംതലമുറയ്ക്ക് മാതൃകയാകേണ്ടവരാണ് എന്ന ബോധവും സ്ഥാനാർത്ഥികൾക്ക് ഉണ്ടാകണം. സ്ഥാനാർത്ഥികളുടെ നിലപാടും ആശയവും മനസ്സിലാക്കി പ്രസ്ഥാനത്തിന് പ്രയോജനമുള്ളവരെ തിരിച്ചറിഞ്ഞ് അവർക്ക് വോട്ട് രേഖപ്പെടുത്തുവാൻ സമ്മതിദായകരും മറക്കരുത്. പക്ഷമോ പണമോ ഇല്ലാത്തതിന്റെ പേരിൽ അർഹതയുള്ളവർ ഒഴിവാക്കപ്പെടുന്ന പ്രവണതയും മാറണം. ഈ വരുന്ന തെരഞ്ഞെടുപ്പിൽ മാന്യത സൂക്ഷിക്കുവാൻ എല്ലാവരും ശ്രദ്ധിച്ചാൽ സമൂഹത്തിന്റെ മുമ്പിൽ നമുക്ക് തലയുർത്തി നിൽക്കാം.

# നാം ജീവിക്കുന്നത് അന്ത്യ നാളുകളിലോ



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

നാം ജീവിക്കുന്നത് യഥാർത്ഥത്തിൽ 'അന്ത്യകാലത്താണോ?' ലോകത്തിൽ ഇന്ന് സംഭവിച്ചു കൊണ്ടിരുക്കുന്ന സംഭവങ്ങൾ അതിന് സാക്ഷ്യം വഹിക്കുന്നു. ബൈബിൾ അന്ത്യകാലം എന്നു വിളിക്കുന്നത് എന്താണെന്നു തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നു. 'ലോകാവസാന'കാലത്ത്, ശ്രദ്ധേയമായ ചില സംഭവങ്ങൾ അരങ്ങേറുമെന്ന് തിരുവെഴുത്തുകൾ മുൻകൂട്ടിപ്പറഞ്ഞിരുന്നു. (മത്തായി 24:3) അതുപോലെ, 'അന്ത്യകാല'ത്ത് ആളുകളുടെ മനോഭാവത്തിലും പ്രവൃത്തിയിലും ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും ബൈബിൾ പ്രവചിച്ചിട്ടുണ്ട്. ലോകസംഭവങ്ങളും ആളുകളുടെ സ്വഭാവവും, നാം ജീവിക്കുന്നത് അന്ത്യകാലത്താണെന്നും ദൈവത്തെ സ്നേഹിക്കുന്നവർക്ക് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിലൂടെ നിത്യാനുഗ്രഹങ്ങൾ കൈവരുത്തുമെന്നും ബൈബിൾ തെളിയിക്കുന്നു. യുദ്ധങ്ങളിലും വംശീയ കലാപങ്ങളിലുമായി ഒട്ടനവധി ആളുകൾ കഴിഞ്ഞ നൂറ്റാണ്ടിൽ മൃഗീയമായി കൊല്ലപ്പെട്ടു.അന്ത്യനാഴികയെന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഓടിയെത്തുന്ന ചിന്ത കർത്താവിന്റെ രണ്ടാം വരവിനു തൊട്ടു മുൻപുള്ള കുറെ വർഷങ്ങളെന്നാണ്. കർത്താവു വന്നു തന്റെ വിശുദ്ധന്മാരെ ചേർക്കുകയും ഭൂമിയെയും, അതിന്റെ ഇപ്പോഴത്തെ ഭരണാധികാരിയായ സാത്താനെയും, അവന്റെ ദൂതന്മാരയും, കർത്താവായ യേശുവിനെ അറിയാത്ത സകലജാതികളെയും ന്യായം



വിധിച്ചു, നിത്യാഗ്നിയിൽ തള്ളിയിടും വരെ ഈ കാലഘട്ടം വിവിധ അവസ്ഥയിൽ ഭൂമിയിൽ തുടർന്ന് കൊണ്ടിരിക്കും.അന്ത്യകാലത്ത് ലോകത്തിൽ എന്ത് സംഭവിക്കും എന്നതിനെക്കുറിച്ച് വേദപുസ്തകം വിശദമായി വ്യക്തമായ സൂചനകൾ നല്കുന്നു. അന്ത്യകാലത്തിൽ സംഭവിക്കേണ്ട അതിപ്രധാന സംഭവമായ കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാം വരവ്. ക്രിസ്തുവിന്റെ വരവ് അടുക്കുന്നു എന്നതിന് ചില പ്രധാന അടയാളങ്ങൾ മത്താ.24:5 8 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. 'ഞാൻ ക്രിസ്തു എന്നു പറഞ്ഞ് അനേകർ എന്റെ പേർ എടുത്തു വന്ന് പലരേയും തെറ്റിക്കും. നിങ്ങൾ യുദ്ധങ്ങളേയും യുദ്ധശ്രുതികളേയും കുറിച്ചു കേൾക്കും. ചഞ്ചലപ്പെടാതിരിപ്പീൻ. സൂക്ഷിച്ചുകൊള്ളുവീൻ. അതു സംഭവിക്കേണ്ടതു തന്നെ. എന്നാൽ അത് അവസാനമല്ല. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇത് ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ'. കള്ളക്രിസ്തുക്കൾ, യുദ്ധങ്ങൾ, ക്ഷാമവും ഭൂകമ്പവും, പ്രകൃതി വിനാശങ്ങൾ എന്നിവയുടെ അധികരിപ്പ് അവസാന നാളുകൾ അടുത്തു വരുന്നു എന്നതിന്റെ ലക്ഷണമായി ഇവിടെ പറഞ്ഞിരിക്കുന്നു. ഇത് അവസാനമല്ല, ഈറ്റുനോവിന്റെ ആരംഭമത്രേ എന്ന് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കേണ്ടതാണ്. ക്രിസ്തുവിന്റെ ഒലിവുമല പ്രഭാഷണത്തിൽ നാലു തരത്തിലുള്ള ലക്ഷണങ്ങളെ യേശു നിർവ്വചിക്കുന്നത് കാണാം.

**1) രാഷ്ട്രീയ ലക്ഷണം:** -ജാതി ജാതിയോടും രാജ്യ രാജ്യത്തോടും എതിർക്കും എന്ന് പറയുമ്പോൾ ലോക രാഷ്ട്രങ്ങളുടെ ഭാവി എന്തായിരിക്കും എന്ന വ്യക്തമായ സൂചനയാണ് അതിലൂടെ നല്കപ്പെടുന്നത്. തകർന്നടിയുന്ന ഭരണകൂടങ്ങളിൽ ഉയരുന്ന ഭൗതികവാദവും ഭീകരതയും എല്ലാം ഇന്ന് ലോകരാജ്യങ്ങളെ സമാധാനരഹിതമായ അവസ്ഥയിലേക്ക് തള്ളിവിടുന്നു. ലോകരാഷ്ട്രങ്ങളിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന സ്വതന്ത്ര ചിന്താ രീതികൾ ന്യൂട്ടോണിയൻ ഫിസിക്സിന്റെ സാർവ്വത്രികാംഗീകാരം ഒരു മഹത്തായ സാമൂഹ്യവിപ്ളവത്തിന്റെ പരവതാനി വിരിക്കുകയാണ് ചെയ്തതെന്ന വസ്തുത നിഷേധിക്കുവാൻ കഴിയില്ല. ആകാശഗോളങ്ങളുടെ ചലനനിയമങ്ങൾ ആവിഷ്ക്കരിച്ചതോ വെളിച്ചത്തെ വിഭജിച്ച് പഠിച്ചതോ മറ്റേതെങ്കിലും ഒറ്റപ്പെട്ട ശാസ്ത്രീയ കണ്ടെത്തലുകളോ മാത്രമല്ല, ചരിത്രത്തിലെ ന്യൂട്ടന്റെ പ്രസക്തി. ഇൻക്വിസിഷൻ കോടതികളുടെ ചുവരുകൾക്കപ്പുറം പോകാതിരുന്ന സ്വതന്ത്രചിന്തയുടെ സ്ഫുലിംഗങ്ങളെ ജനകീയവൽക്കരിക്കുന്നതിന് അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ നിമിത്തമായി എന്നതാണ് പ്രധാനം. കണ്ണിൽച്ചോരയില്ലാത്ത ഹീനകൃത്യങ്ങൾ നടത്തുന്ന ഭീകരപ്രസ്ഥാനങ്ങളുടെ പിടിമുറുക്കം തുടരുന്നതിനാൽ സുശക്തമെന്ന് അവകാശപ്പെട്ട വ്യവസ്ഥാപിത ഭരണസംവിധാനങ്ങൾ ഉണ്ടായിരുന്ന രാഷ്ട്രങ്ങൾ പോലും ഭീകരതാണ്ഡവത്തിൽ ചില്ലുകൊട്ടാരം പോലെ തകർന്നടിഞ്ഞതു ചരിത്രം. ലോക മനഃസാക്ഷി ഉണർന്നിട്ടും വർത്തമാന കാലത്തെ രക്തപങ്കിലമാക്കുന്ന ഈ ചോരക്കളി അവസാനിപ്പിക്കാനും കഴിയുന്നില്ല. സർവഭീകര പ്രസ്ഥാനങ്ങളെയും എതിർക്കണമെന്നു ലോകരാജ്യങ്ങൾ ഒറ്റക്കെട്ടായി മുറവിളി കൂട്ടുകയും ചെയ്യുന്നു. എന്നിട്ടും അവരുടെ ശക്തി ചോരുന്നില്ല. (തുടരും...)

എനിക്കും പറയാനുണ്ട്...

# കൺവൻഷൻ ചിന്തകൾ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

വീണ്ടും ഒരു കൺവൻഷൻ സീസൺ ആരംഭിച്ചിരിക്കുന്നു. ഇക്കുറി ചെറിയ വിവാദത്തോടെയാണ് സീസൺ ആരംഭിച്ചിരിക്കുന്നത്. ഐ. പി. സി. മലബാർ മേഖലയുടെ കൺവൻഷനിൽ പങ്കെടുക്കാതെ അതേ ദിവസം തന്നെ കുമ്പനാട്ട് പി. വൈ. പി. എ. കൺവൻഷന് പ്രസംഗകനാണ് വിവാദത്തിന് ഒരു വശത്ത്. ഐ. പി. സി. രാഷ്ട്രീയത്തിലെ ചേരിതിരിവും കൂടിയായപ്പോൾ വിവാദം കുറച്ചുകൂടെ കൊഴുത്തു. നവമാധ്യമങ്ങളിലൂടെ നടത്തിയ വിഴുപ്പലക്കൽ ഇപ്പോഴും തുടരുന്നു. ഒരു ദിവസം തന്നെ രണ്ട് കൺവൻഷന് പ്രോഗ്രാം കൊടുത്തത് എങ്ങനെയെന്നതാണ് വിമർശനവിധേയമായിരിക്കുന്നത്. മലബാർ മേഖല കൺവൻഷന് പോകാതെ തന്നെ തടയുകയായിരുന്നു എന്ന പ്രസംഗകന്റെ വിശദീകരണം ഐ. പി. സി.യിലെ രാഷ്ട്രീയ ചേരിതിരിവിന്റെ ആഴമാണ് വെളിപ്പെടുത്തുന്നത്.

ഇക്കുറി കുമ്പനാട് കൺവൻഷൻ തെരഞ്ഞെടുപ്പ് പ്രചരണ വേദിയാകും എന്നതിന് സംശയമില്ല. തീയതി സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ലെങ്കിലും ഉടനെ നടക്കാൻ പോകുന്ന കേരളാ സ്റ്റേറ്റ്, ജനറൽ ഇലക്ഷനുകളിൽ മത്സരിക്കുന്നവർക്ക് സമ്മതിദായകരെ കാണുവാനുള്ള അവസരമാണ്. ശക്തമായ രണ്ടു പാനലുകൾ ഉള്ളതിനാൽ വാശിയേറിയ പ്രചരണവും ഉറപ്പാണ്.

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലും കൗൺസിൽ ഇലക്ഷൻ നടക്കുകയാണ്. ജനറൽ കൺവൻഷന് മുമ്പ് ആയതിനാൽ തിരുവല്ല കുറച്ചുകൂടി ശാന്തമായിരിക്കും. എന്നാൽ ഓവർസിയറുടെ പ്രിഫറൻസ് ബാലറ്റ് മെയ് മാസത്തിലോ ജൂൺ മാസത്തിലോ നടക്കുമെന്നതിനാൽ അനുകൂലികളും പ്രതികൂലികളും പ്രചരണം നടത്തുവാൻ കൺവൻഷൻ സമയം ഉപയോഗിക്കും എന്നതിൽ സംശയമില്ല.

സഭാ ഇലക്ഷനുകൾ ജനറൽ കൺവൻഷനുകൾക്ക് മുമ്പ് നടത്തുന്നതാണ് ഉചിതം. കാരണം കൺവൻഷൻ സമയം ഇലക്ഷൻ പ്രചരണം ഒഴിവാക്കുവാൻ സാധിക്കും. മാത്രമല്ല ഇലക്ഷന് മത്സരിക്കുന്ന പ്രസംഗകൻ ജനത്തെ ആകർഷിക്കുവാൻ സ്വയമായി ചിലതെല്ലാം തന്റെ പ്രസംഗത്തിൽ മേമ്പൊടി ചേർക്കും. അതുകൊണ്ട് തന്നെ എല്ലാം തികഞ്ഞ പരാജയമാകും എന്നതിന് സംശയം വേണ്ട. ആത്മീയ അന്തരീക്ഷം ഇല്ലാതാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതാണ് നല്ലത്.

ഈ കുറിപ്പ് എഴുതുമ്പോൾ തിരുവല്ലയിൽ ശാരോൻ സഭയുടെ ജനറൽ കൺവൻഷൻ നടക്കുകയാണ്. പുനലൂരിലും തിരുവല്ലയിലും പായിപ്പാട്ടും ചിങ്ങവനത്തും കുമ്പനാട്ടും എല്ലാം നടക്കുന്നത് ആത്മീയ ഉത്സവ നാളുകളാണ്. എന്നാൽ ജനത്തെ ആകർഷിക്കുവാനോ ജനത്തിന് ശരിയായ ദിശാബോധം നൽകുവാനോ ഒന്നും ഈ കൺവൻഷനുകൾക്ക് കഴിയുന്നില്ല എന്നത് പച്ചയായ യാഥാർത്ഥ്യം.

പ്രമുഖരായ പല പ്രസംഗകർക്കും ഒരു സീസണിലേക്ക് ഒരു പ്രസംഗം മാത്രമേ ഉള്ളൂ. ലോക്കൽ, സെന്റർ തലങ്ങളിൽ നടക്കുന്ന കൺവൻഷന് പ്രസംഗിച്ചിട്ട് അതേ പ്രസംഗം തന്നെ കുമ്പനാട്ടും തിരുവല്ലയിലുമൊക്കെ വിളമ്പുകയാണ് പതിവ്. ചിലരൊക്കെ സന്ദർഭോചിതമായ ചില മാറ്റങ്ങളൊക്കെ വരുത്താറുണ്ടെങ്കിലും വള്ളിപുള്ളി വിടാതെ റിക്കോർഡ് ചെയ്ത മാതിരിയാണ് മറ്റുചിലർ തട്ടിവിടുന്നത്.

കുമ്പനാട് കൺവൻഷനിൽ ഐ. പി. സി.യിലെ പ്രസംഗകർ മിക്കവർക്കും അവസരം കിട്ടാറുണ്ട്. ചിലരൊക്കെ നന്നായി ശോഭിക്കുകയും ചെയ്യാറുണ്ട്. ചില പദവികൾ വഹിക്കുന്നതുകൊണ്ട് മാത്രം പ്രസംഗവേദിയിലെത്തുന്ന ചിലരൊക്കെ നിരാശപ്പെടുത്തുകയാണ് പതിവ്.

തങ്ങൾക്കില്ലാത്ത കഴിവുകൾ ഉണ്ട് എന്ന് വരുത്തിതീർക്കാനുള്ള ശ്രമം ചിലർ നടത്തുന്നത് കാണുമ്പോൾ കഷ്ടം തോന്നും. പ്രസംഗിക്കുവാൻ താലന്തില്ലാത്ത ചിലരെങ്കിലും തങ്ങൾക്ക് ലഭിച്ച സമയപരിധി തികയ്ക്കുവാൻ പെടാപ്പാട് പെടുന്നത് കാണുമ്പോൾ അറിയാതെ ചിരിച്ചുപോയാൽ കുറ്റം പറയാൻ ഒക്കുമോ. കുമ്പനാട് കൺവൻഷന്റെ സ്റ്റേജിൽ പ്രസംഗിക്കുവാൻ കഴിയുന്നത് ഒരു പ്രത്യേക അനുഭവം തന്നെയാണ്. ഐ. പി. സി. കൺവൻഷൻ എന്നതിനെക്കാൾ പെന്തെക്കോസ്ത് സമൂഹത്തിന്റെ പൊതുവികാരമാണ് കുമ്പനാട് കൺവൻഷൻ. ചർച്ച് ഓഫ് ഗോഡിൽ നല്ല പ്രസംഗകരുണ്ടെങ്കിലും അവസരം കിട്ടുന്നവർ വളരെ കുറവാണ്. അവസരം കിട്ടണമെങ്കിൽ ഓവർസിയറുടെ മനസ്സിൽ കയറിപ്പറ്റിയെങ്കിൽ മാത്രമേ സാധ്യമാകൂ. അതുകൊണ്ട് തന്നെ അനർഹരുടെ കസർത്തും പാവം ജനങ്ങൾ സഹിക്കേണ്ടി വരുന്നു.

ഒന്നുരണ്ട് മീറ്റിംഗുകളിലെങ്കിലും സഹോദര സഭയിലെ നേതൃത്വത്തിലുള്ളവർക്ക് അവസരം നൽകി പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ മാതൃക കാണിക്കണം എന്നാണ് എന്റെ അഭിപ്രായം. കാരണം പരസ്പര സഹവർത്തിത്വത്തിന്റെയും കൂട്ടായ്മയുടെയും പാഠം താഴേ തട്ടിലേക്കും ഇറങ്ങിച്ചെല്ലുവാൻ അത് കാരണമാകും. ഇവിടെ ഐക്യതയും കൂട്ടായ്മയും ഉണ്ടെങ്കിൽ മാത്രമേ ദൈവരാജ്യത്തിലേക്കും പ്രവേശനം സാധ്യമാകുകയുള്ളല്ലോ.

നിലവാരം കുറഞ്ഞ ഉദാഹരണങ്ങളും തമാശകളും കൊണ്ട് വേദികളെ കോമഡിയാക്കി മാറ്റുന്ന ചിലരെങ്കിലും ഉണ്ട്. നന്നായി തയ്യാറായി ജനത്തിന് ആവശ്യമുള്ളത് പ്രാർത്ഥനാപൂർവ്വം ഒരുക്കി കൊണ്ടുവന്ന് വിളമ്പിക്കൊടുക്കണം. ഞാൻ കർത്താവിങ്കൽ നിന്ന് പ്രാപിക്കുകയും നിങ്ങൾക്ക് ഏൽപ്പിച്ചു തരികയും ചെയ്യുന്നത് എന്ന പൗലോസിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. കർത്താവിന്റെ മേശയുമായി ബന്ധപ്പെട്ടാണ് താൻ പറയുന്നതെങ്കിലും ശുശ്രൂഷകൾ കർത്താവിൽ നിന്ന് പ്രാപിച്ച് ജനത്തിന് നൽകുമ്പോൾ മാത്രമേ അത് അനുഗ്രഹമായി പരിണമിക്കൂ.

സ്റ്റേജിലിരുന്ന് ഫോൺ ചെയ്യുന്നവരും നെറ്റിൽ കളിക്കുന്നവരുമൊക്കെ ഒരു കാര്യംകൂടി ഓർക്കണം. നിങ്ങളെ ശ്രദ്ധിക്കുന്നത് നൂറുകണക്കിന് കണ്ണുകളാണ്. സ്ഥാനത്തും അസ്ഥാനത്തുമൊക്കെ ജനങ്ങളെക്കൊണ്ട് സ്തുതിപ്പിക്കുകയും കൈ പൊക്കിക്കുകയും ഒക്കെ ചെയ്യുന്നവർ ഒരു കാര്യം ഓർക്കണം മറ്റുള്ളവർ പ്രസംഗിക്കുമ്പോൾ മുഖത്തെ മസിലുകളെല്ലാം മുറുക്കിയിരിക്കുന്ന നിങ്ങളെയും ജനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. ഈ കൺവൻഷൻ സീസൺ ആത്മീയ അനുഗ്രഹത്തിന്റെ ദിനങ്ങളാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു ആശംസിക്കുന്നു.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

ഒരു വ്യക്തിയെന്ന നിലയിൽ ശുശ്രൂഷകന് ഉണ്ടായിരിക്കേണ്ടതായ യോഗ്യതകളാണ് ചുവടെ ചേർക്കുന്നത്.

1. ദൈവവചന പരിജ്ഞാനമുള്ള വ്യക്തിയായിരിക്കണം.
2. പരിശുദ്ധാത്മനിറവിലുള്ള വ്യക്തിയായിരിക്കണം.
3. വചനധ്യാനത്തിലും പ്രാർത്ഥനയിലും ദീർഘസമയം ചെലവഴിക്കുന്ന വ്യക്തിയായിരിക്കണം
4. സത്യസന്ധനും വിശ്വസ്തനുമായിരിക്കണം
5. സാമ്പത്തികകാര്യങ്ങളിൽ വിശ്വസ്തനായിരിക്കണം
6. ആത്മവിശ്വാസമുള്ള വ്യക്തിയായിരിക്കണം
7. വിശ്വാസികളെ സ്നേഹിക്കുകയും കരുതുകയും ചെയ്യുകയും അവർക്കുവേണ്ടി ജീവിതം സമർപ്പിക്കേണ്ടതുമായിരിക്കണം
8. ആത്മീക പക്വതയുണ്ടായിരിക്കണം
9. ദർശനമുള്ള വ്യക്തിയും അത് മറ്റുള്ളവരിലേക്കു പകരുന്ന വ്യക്തിയുമായിരിക്കണം
10. സുവിശേഷീകരണത്തിൽ താല്പര്യമുള്ള വ്യക്തിയായിരിക്കണം.
11. ക്ഷമാശീലനായിരിക്കണം
12. വായനാ ശീലമുള്ളവനായിരിക്കണം
13. പ്രാർത്ഥിക്കുന്നവനായിരിക്കണം
14. വാക്കിലും പെരുമാറ്റത്തിലും മാന്യത പുലർത്തണം
15. പ്രസംഗവും പ്രവർത്തിയും ഒത്തുപോകണം
16. കാര്യനിർവ്വഹണശേഷി ഉണ്ടായിരിക്കണം
17. സുതാര്യമനഃസ്ഥിതി
18. മറ്റുള്ളവർക്കു പ്രചോദനം നൽകുക
19. സാഹചര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുക
20. കൗൺസലിംഗ് നൽകുവാൻ പ്രാപ്തനായിരിക്കണം
21. ആവശ്യത്തിലിരിക്കുന്നവരോടുകൂടെ സമയം ചിലവഴിക്കുക
22. മറ്റുള്ളവരുടെ രഹസ്യങ്ങൾ വെളിപ്പെടുത്താതിരിക്കുക
23. രാജ്യനിയമങ്ങളെ പാലിക്കുക
24. കുടുംബം നന്നായി പുലർത്തണം
25. ഭാര്യയ്ക്കും കുട്ടികൾക്കും വേണ്ടി സമയം ചെലവഴിക്കണം
26. ദൈവവേലയെക്കുറിച്ച് കുടുംബത്തിലുള്ളവരോടു പങ്കിടുക
27. കുട്ടികളുടെ ആത്മീയ ശിക്ഷണത്തിൽ വളർത്തുക
28. കുട്ടികളുടെ ജീവിതത്തെ നിയന്ത്രിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.

പുതിയ നിയമ സഭയിൽ കർത്താവായ യേശുക്രിസ്തു ശുശ്രൂഷകന്മാർക്കു ഒരു മാതൃകയാണ്, ശുശ്രൂഷകന്മാരിലെ ശുശ്രൂഷകൻ എന്നാണ് യേശുക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നത്. യേശുക്രിസ്തു പറഞ്ഞു, മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത് (മർക്കോ:10: 45). കത്തോലിക്കാ സഭയുടെ പരമാധികാരിയായ മാർപാപ്പായെ സ്വയം വിശേഷിപ്പിക്കുന്നത് ദാസന്മാരുടെ ദാസൻ എന്നാണ്. പൗലോസും അതേ നിലയിലാണ് തന്നെയും തന്റെ ശുശ്രൂഷയെയും കണ്ടിരിക്കുന്നത്. ശുശ്രൂഷന്മാർ എന്നു പറയുമ്പോൾ ഇന്നു സഭയുടെ ശുശ്രൂഷകന്മാരുണ്ട്, പ്രസ്ഥാനത്തിന്റെ ശുശ്രൂഷകന്മാരുണ്ട്. മനുഷ്യരുടെ ശുശ്രൂഷകന്മാരുണ്ട്, എന്നാൽ പുതിയ നിയമത്തിലെ ശുശ്രൂഷകന്മാർ അത്രെ ദൈവം ആഗ്രഹിക്കുന്നത്. ദൈവസഭയുടെ ശുശ്രൂഷകന്മാർ മറ്റുള്ളവരിൽ നിന്നും വളരെ വ്യത്യസ്തരാണ്, ആദിമ സഭയിൽ ഏഴു ശുശ്രൂഷകന്മാരെ തിരഞ്ഞെടുത്തതായി പ്രവർത്തിയുടെ പുസ്തകത്തിൽ വായിക്കുന്നു, അ.പ്രവൃ:6:1-3 അപ്പോസ്തലന്മാർ വചനശുശ്രൂഷയിലും പ്രാർത്ഥനയിലും ചിലവഴിക്കാൻ ആഗ്രഹിച്ചപ്പോഴാണ് സഭയുടെ നടത്തിപ്പിനായി ശുശ്രൂഷകന്മാരെ വേർതിരിച്ചത്, ശുശ്രൂഷകന്മാർ ദൈവത്തിനു വേണ്ടി സമർപ്പിക്കപ്പെട്ടവരാണ്, അതുകൊണ്ട് അവർക്കു പ്രത്യേകമായ ഗുണങ്ങളും പ്രത്യേകതകളും ഉണ്ടായിരിക്കണം. ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിന്റെ വൈസ് പ്രസിഡന്റായിരിക്കുന്ന റവ. തോമസ് ഫിലിപ്പ് ശുശ്രൂഷകന്മാരുടെ യോഗ്യതകളായി മുപ്പത്തിയൊന്നോളം കാര്യങ്ങൾ തിരുവചനാടിസ്ഥാനത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്, അവ താഴെ പറയുന്നതാണ്,

1. രക്ഷിക്കപ്പെട്ടവരായിരിക്കണം, അപ്രവ:2:47
2. നിരപവാദ്യർ - അഥവാ അപവാദത്തിനു അവസരം കൊടുക്കാത്തവൻ ആയിരിക്കണം, 1തിമൊ:3:2
3. നിർമ്മദൻ - സൂക്ഷ്മതയോടെ ഇരിക്കുന്നവൻ ആയിരിക്കണം, 1തിമൊ:3:2
4. ജിതേന്ദ്രിയൻ - ഇന്ദ്രിയങ്ങളെ ജയിക്കുവാൻ കഴിവുള്ളവൻ, 1തിമൊ:3:2
5. സുശീലൻ - നല്ല സ്വഭാവത്തിനു ഉടമയായിരിക്കണം, 1തിമൊ:3:2
6. ശാന്തൻ - തന്നിഷ്ടക്കാരനും കോപിയും ആകരുത്, 1തിമൊ: 3:3
7. ഏകഭാര്യയുടെ ഭർത്താവ് ആയിരിക്കണം, കുടുംബജീവിതത്തിൽ മാതൃകവേണം 1 തിമൊ: 3:2,12
8. മക്കളെയും സ്വന്തകുടുംബത്തെയും നന്നായി ഭരിക്കുന്നവൻ ആയിരിക്കണം, 1തിമൊ:3:4,12 മക്കളെ വിശ്വാസത്തിൽ വളർത്തുവാനായിരിക്കണം
9. അതിഥി പ്രിയൻ ആയിരിക്കണം, 1 തിമൊ:3:4 അതിഥികളെ സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്യുന്നവൻ
10. ഉപദേശിക്കുവാൻ സമർത്ഥനായിരിക്കണം 1തിമൊ:3:4
11. നല്ല സാക്ഷ്യമുള്ളവനായിരിക്കണം, 1 തിമൊ:3:7
12. സൽഗുണ തല്പരനായിരിക്കണം, തീത്തോ:1:8
14. വിശുദ്ധജീവിതം നയിക്കു

- തുടർച്ച -

ന്നവനായിരിക്കണം 2കൊരി:7:1

15. ദൈവവചനം മുറുകെ പിടിക്കുന്നവരായിരിക്കണം 1തിമൊ:3:9
16. ആത്മനിറവും ജ്ഞാനവും ഉള്ളവരായിരിക്കണം, അ. പ്രവ:6:3-5
17. സ്ഥിരതയുള്ളവരായിരിക്കണം, യാക്കോ:1:3-4
18. ദ്രവ്യാഗ്രഹവും മദ്യപാനശീലവും ഇല്ലാത്തവരായിരിക്കണം, 1തിമൊ:3:8
19. വിശ്വാസത്തിൽ സ്ഥിരതയുള്ളവരായിരിക്കണം 1തിമൊ:3:12
20. സകലത്തിലും വിശ്വസ്തരായിരിക്കണം, 1തിമൊ:3:11
21. കഷ്ടം സഹിക്കുവാൻ മനസ്സുള്ളവനായിരിക്കണം 3തിമൊ: 2:3
22. ഭക്തിവിരുദ്ധമായ വ്യർത്ഥാലാപങ്ങളെ ഒഴിഞ്ഞിരിക്കണം, 2 തിമൊ:2:15
23. സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുന്നവനായിരിക്കണം
24. ലജ്ജിപ്പാൻ സംഗതിയില്ലാത്തവനായിരിക്കണം, 2തിമൊ:2:15
25. ദൈവത്തിനു കൊള്ളാകുന്നവനായിരിക്കണം 2തിമൊ:2:15
26. ദോഷം സഹിക്കുന്നവനായിരിക്കണം 2തിമൊ:2:24
27. വചനം പ്രസംഗിക്കുവാൻ സമയത്തിലും അസമയത്തിലും ഒരുക്കമുള്ളവരായിരിക്കണം 2തിമൊ:4:2
28. സുവിശേഷം നിമിത്തം കടക്കാരൻ എന്ന ബോധം ഉണ്ടായിരിക്കണം, റോമ:1:14
29. സുവിശേഷകന്റെ പ്രവർത്തി ചെയ്യണം, 2തിമൊ:4:5
30. ഹൃദയപരമാർത്ഥികളായിരിക്കണം 1കൊരി:4:2, യോശുവ24:14
31. ഘനശാലികൾ ആയിരിക്കണം, 1തിമൊ:3:8, ഫിലി:4:8

(തുടരും...)

# സഭയും മാവോയിസ്റ്റുകളും ഉടമ്പടിയിൽ: ഇന്ദ്രേഷ് കുമാർ.

## ക്രൈസ്തവ നേതാക്കൾ ആരോപണം നിരാകരിച്ചു

● പ്രകാശ് പി. കോശി

റായ്പൂർ: മുതിർന്ന ആർ.എസ്.എസ് നേതാവ് ഇന്ദ്രേഷ് കുമാർ വടക്കേ ഇന്ത്യയലെ സഭകൾക്കെതിരെ ആരോപണം ഉന്നയിക്കുന്നു. എന്തുകൊണ്ടാണ് മാവോയിസ്റ്റുകൾ ക്രൈസ്തവരുടെ സഭകളും സ്ഥാപനങ്ങളും ആക്രമിക്കാത്തതെന്നും ഇതിന് സഭ വിശദീകരണം നൽകണമെന്നുമാണ് ഇന്ദ്രേഷ് കുമാർ ആവശ്യപ്പെട്ടത്. ഛത്തീസ്ഗഡിലെ റായ്പൂരിൽ ഫോറം ഫോർ അവയർനസ് ഓൺ നാഷണൽ സെക്യൂരിറ്റി (FANS) മീറ്റിങ്ങിൽ പത്രപ്രവർത്തകരെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു ഇദ്ദേഹം. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി അക്രമണ മാർഗ്ഗം സ്വീകരിക്കുന്ന മാവോയിസിറ്റുകൾ എന്തു നേടി എന്ന് ഇദ്ദേഹം ആരാഞ്ഞു. ഇന്ദ്രേഷ് കുമാറിന്റെ ആരോപണങ്ങൾക്ക് മറുപടിയായി ഛത്തീസ്ഗഡ് ക്രിസ്ത്യൻ ഫോറം അദ്ധ്യക്ഷൻ അരുൺ പന്നാലാൽ രംഗത്തെത്തി. ആരോപണങ്ങൾക്ക് മറുപടിയുമായി റായ്പൂരിൽ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ "മാവോയിസ്റ്റുകൾ സഭകൾ ആക്രമിക്കാറില്ലെന്ന ആരോപണം ക്രൈസ്തവരെ കരിവാരിതേക്കാനുള്ള ശ്രമമാണ്. ഇന്നുവരെ മാവോയിസ്റ്റുകൾ സംഘപരിവാർ സ്ഥാപനങ്ങളെ ആക്രമിച്ചിട്ടില്ല. ഇതിന്റെ അർത്ഥം ആർ.എസ്.എസും മാവോയിസ്റ്റുകളും രഹസ്യബന്ധത്തിലാണ് എന്നാണോ? മാവോവാദികൾ ആരാധനാലയങ്ങളോ മതസ്ഥാപനങ്ങളോ സാധാരണയായി ആക്രമിക്കാറില്ല. അതുകൊണ്ട് ഈ സ്ഥാപനങ്ങളെല്ലാം മാവോയിസ്റ്റുകളുമായി ഉടമ്പടി ഉണ്ടാക്കിയെന്ന് പറയാൻ പറ്റുമോ?" അരുൺ പന്നാലാൽ പറഞ്ഞു

ക്രൈസ്തവ സഭകൾക്ക് മാവോയിസ്റ്റു പ്രശ്നത്തിന്റെ പരിഹാരം കാണാൻ കഴിയും എന്ന് അരുൺ പന്നാലാൽ അവകാശപ്പെട്ടു.

ഛത്തീസ്ഗഡിലെ ബസ്തർ ജില്ലയിൽ മാവോയിസ്റ്റ് സംഘടനകൾ ക്രൈസ്തവർക്കെതിരെ ശക്തമായ ആക്രമണങ്ങൾ ആണ് കഴിഞ്ഞ വർഷങ്ങളിൽ നടത്തിയതെന്ന് പന്നാലാൽ പറഞ്ഞു.

ഛത്തീസ്ഗഡിലെ പുതിയ ഭീകരവിരുദ്ധ നിയമമായ ഛത്തീസ്ഗഡ് സ്പെഷ്യൽ പബ്ലിക്ക് സെക്യൂരിറ്റി ആക്ട് പ്രകാരം ക്രൈസ്തവരെ ജയിലിൽ അടക്കാനുള്ള ഹീനമായ തന്ത്രമാണിതെന്ന് പന്നാലാൽ ആരോപിച്ചു.

മാവോയിസ്റ്റുകൾ ക്രൈസ്തവരെ ആക്രമിക്കില്ലെന്ന ആരോപണം തെറ്റാണെന്ന് പല സംഭവങ്ങളും ചൂണ്ടികാണിക്കുന്നു. അടുത്തകാലത്താണ് മാവോയിസ്റ്റുകൾ ആന്ധ്രയിലെ ഒരു പാസ്റ്ററുടെ മകനെ തട്ടികൊണ്ടുപോയ സംഭവം നടന്നത്.

## 01 ⮌ സ്കൂൾ ഓഫ് ജേണലിസം ...

ത്ഥന നടത്തും. മാധ്യമ പ്രവർത്തകരും സഭാ നേതാക്കളും സമ്മേളനത്തിൽ പ്രസംഗിക്കും.

34 പേരാണ് ജേണലിസം ക്ലാസ്സിൽ പങ്കെടുത്തത്. സ്കൂൾ ഓഫ് ജേണലിസത്തിൽ മാധ്യമരംഗത്ത് പ്രമുഖരായ പോൾ മണലിൽ, എബി പി. ജോയി, വർഗീസ് സി. തോമസ്, ടോംസ് ആന്റണി, തോമസ് മാത്യു, രാജേഷ് എരുമേലി, രാജു മാത്യു, ജോർജ്ജ് കോശി മൈലപ്ര, രാജീവ് എം. തോമസ്, മാക്സി വിശ്വാസ്മേന, എസ്. ഷാനവാസ്, ജയ്സൺ തോമസ്, പി. എസ്. ചെറിയാൻ, വി. ഇ. വർഗീസ് (റിട്ട. ജില്ലാ ജഡ്ജി), സാജൻ മാത്യു തുടങ്ങിയവരാണ് ക്ലാസ്സുകൾ എടുത്തത്. പെന്തെക്കോസ്ത് മാധ്യമരംഗത്ത് ഇദംപ്രഥമമായാണ് ഇത്രയും ക്രമീകൃതമായ നിലയിൽ ജേണലിസം കോഴ്സ് നടത്തപ്പെട്ടതെന്ന് ജനറൽ സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യു പറഞ്ഞു. പാസ്റ്റർ ജെ. ജോസഫ് (കൺവീനർ), പാസ്റ്റർ ജെയ്സ് പാണ്ടനാട് (രജിസ്ട്രാർ), പാസ്റ്റർ പി. പി. കുര്യൻ, ജയ്മോഹൻ അതിരുങ്കൽ, ഷൈജു തോമസ്, പ്രൊഫ. എം. കെ. ശമുവേൽ തുടങ്ങിയവരാണ് ക്ലാസ്സിന് നേതൃത്വം നൽകിയത്.

## 10 ⮌ സ്വന്തം എരിവിൽ.....

ള്ള യേശു കർത്താവിന്റെ മറുപടി ലൂക്കോസ്9:55ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നമ്മുടെ ക്രിയാത്മകമായ വിമർശമനങ്ങൾ ഒരു വ്യക്തിയിൽ മാറ്റം വരുത്തിയില്ലെങ്കിൽ പിന്നീടു വിമർശനത്തിന്റെ ശൈലി മാറ്റുവാൻ പാടില്ല. നാം വിമർശിക്കുന്ന വ്യക്തിയെ ബലഹീനനാക്കുവാനായി അവരുടെ ബന്ധുക്കളെയോ സുഹൃത്തുക്കളെയോ വ്യക്തിഹത്യ നടത്തരുത്. കുറ്റം ചെയ്തവനെ മാത്രം ന്യായാധിപൻ ശിക്ഷിക്കുവാൻ വിധിക്കുന്നു. കുറ്റവാളിയുടെ ഭർത്താവോ, ഭാര്യയോ, മക്കളോ സുഹൃത്തുക്കളോ വിധിയിൽ ഉൾപ്പെടുത്തുന്നില്ല ആയതിനാൽ സ്വന്ത എരിവിൽ എല്ലാവരുടെയും തെറ്റുകൾ ലൈക്ക് അടിച്ചും ഷെയർ ചെയ്തും വിടക്കാക്കരുത്. ദൈവീക കോടതിയിൽ നിലനില്കുന്ന കേസുകൾ മാത്രം നാം കൈകാര്യം ചെയ്യുക. ഉപദേശ സംരക്ഷണം ഉദര സംരക്ഷണ മാർഗ്ഗമായി തിരഞ്ഞെടുത്തവരെ ഒഴിവാക്കുക.

# എക്സൽ വി. ബി. എസ്സ് ചിന്താവിഷയം തിരഞ്ഞെടുത്തു

തിരുവല്ല: ഇന്ത്യയിലെ പ്രമുഖ ബാലസുവിശേഷ പ്രവർത്തനമായ എക്സൽ വി. ബി. എസ്സ് 2016 ലേക്കുള്ള ചിന്താവിഷയം തിരഞ്ഞെടുത്തു. മർക്കോസ് 4: 35 അടിസ്ഥാനമാക്കി "Let's go" (നാം പോകുക) എന്നതാണ് ചിന്താവിഷയം. ഗ്രാമങ്ങളിലേക്കും, ഭവനങ്ങളിലേക്കും, കർത്താവിങ്കലേക്കും ചെല്ലുവാനുള്ള ഒരു ആഹ്വാനമാണ് ഈ ചിന്താവിഷയം.

ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി 3000 ലധികം വി. ബി. എസ്സുകളും 200 ലധികം പരിശീലനങ്ങളും നടക്കും. കൂടാതെ ആൻഡമാൻ, നേപ്പാൾ, ഗൾഫ് രാജ്യങ്ങൾ, ഓസ്ട്രേലിയ, കാനഡ തുടങ്ങിയ രാജ്യങ്ങളിലും വി. ബി. എസ്സ് നടക്കും. അഭിനയഗാനങ്ങൾ, ഗെയിമുകൾ, ബൈബിൾ കഥകൾ, വിഡിയോകൾ, ആക്ടിവിറ്റീസ് ചേർന്ന പുതുമയാർന്ന സിലബസാണ് തയ്യാറാക്കുന്നത്. ഏകദേശം 4 ലക്ഷത്തിലധികം കുട്ടികൾ ഈ വർഷത്തെ വി. ബി. എസ്സിൽ പങ്കാളികളാകും. ബിനു ജോസ്സഫ് വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ഷിബു ജോൺ കല്ലട, കെ. വി ജോൺ, ബാബു തോമസ് അങ്കമാലി, സ്റ്റാൻലി റാന്നി, ബെൻസൺ തോട്ടഭാഗം, ബ്ലസ്സൺ, ജോബി കെ. സി, സാംസൺ ആർ. എം, സജു ഫിലിപ്പ്, അഖിലാവ്, സിജോ ഇലന്തൂർ, ജോഷി ബാബു, കിരൺ കുമാർ, സനോജ്രാജ് എന്നിവർ നേതൃത്വം നൽകും.

ചിന്താവിഷയം അടിസ്ഥാനമാക്കിയുള്ള ഗാനങ്ങൾ, കഥകൾ, വി. ബി.എസ്സുകൾക്കായി വിളിക്കുക. ഫോൺ: 9495834994, 9496325026, e-mail; excelvbs@gmail.com

# വാർഷിക സമ്മേളനവും സഹായ വിതരണവും

കുമ്പനാട്: ഐ. പി. സി. കേരളാ സ്റ്റേറ്റ് സോദരീ സമാജത്തിന്റെ വാർഷിക സമ്മേളനവും സഹായവിതരണവും 2015 ഡിസംബർ 16, ബുധനാഴ്ച രാവിലെ 10 മണി മുതൽ കുമ്പനാട് ഹെബ്രോൺ പാരീഷ് ഹാളിൽ നടക്കുന്നു. കേരളത്തിലെ എല്ലാ സെന്ററുകളിൽ നിന്നും കർത്തൃദാസന്മാരും എല്ലാ മേഖലകളിലെയും സഹോദരിമാരും പങ്കെടുക്കുന്ന ഈ സമ്മേളനത്തിന് സ്റ്റേറ്റ് സോദരീ സമാജം ഭാരവാഹികൾ നേതൃത്വം നൽകുന്നു.

## 05 ⮌ നോവൽ.....

ഒന്നും സംഭവിക്കില്ല. ആൽബീ.. എന്തെങ്കിലും സംഭവിച്ചാലും കുഴപ്പമില്ല. കാതറിനെ എഴുന്നേൽപ്പിക്കുവാൻ ആൽബർട്ട് ശ്രമിച്ചു. എഴുന്നേൽക്കാൻ കഴിയാതെ കാതറിൻ ഞരങ്ങി. അവളുടെ കാൽ ഒടിഞ്ഞിട്ടുണ്ടാവുമെന്ന് ആൽബർട്ടിന് ഉറപ്പായി. കറമ്പന്റെ ശബ്ദം അടുത്തു വരുന്നു. കുതിച്ചെത്തിയ അയാൾ ആൽബർട്ടിന്റെ കഴുത്തിൽ പിടിച്ച് വയറിലേക്ക് കുത്തുകയാണ് ചെയ്തത്. പച്ചമാംസം തുരന്നു കൊണ്ട് കത്തി പാഞ്ഞു പോയി. പെട്ടന്ന് ആൽബർട്ടിന്റെ കണ്ണിലേക്ക് ഇരുട്ട് കയറി. അവളെ തൂക്ക്. കൂടെ വന്നവർ കാതറിനെ വലിച്ചെടുക്കുന്നു. ആൽബീ... കാതറിന്റെ കരച്ചിൽ. കറമ്പൻ കത്തി വലിച്ചൂരി. ചോര ചീറ്റി തെറിക്കുന്നു. ദൈവമേ...ആൽബർട്ട് മുഴുബലത്തോടും കൂടി കണ്ണുകൾ വലിച്ചു തുറന്നു. അരണ്ട വെളിച്ചത്തിൽ കാതറിനെ തോളിലിട്ട് നടന്നു പോകുന്നവരെയാണ് അയാൾ കണ്ടത്. ആൽബീ....എന്നെ വിട്ടു പോകല്ലേ....കാതറിൻ അലമുറയിടുന്നു. നെഞ്ചിലേക്ക് കറമ്പന്റെ തൊഴി പാഞ്ഞെത്തുന്നത് ആൽബർട്ട് കണ്ടു. തടയാൻ കഴിയും മുൻപ് നെഞ്ചിൻകൂട് തകർത്തു കൊണ്ട് കാൽ പതിച്ചു. കാത്തീ... പുറത്തു വരാത്ത നിലവിളിയുമായി ആൽബർട്ട് താഴേക്ക് തെറിച്ചു പോയി.

(തുടരും)

## 01 ⮌ ബെഥേൽ ഗോസ്പൽ അസംബ്ലി....

10.30ന് ശുശ്രൂഷകന്മാരുടെ പ്രത്യേക സമ്മേളനത്തോടെ ആരംഭിക്കുന്ന യോഗം ഞായറാഴ്ച സഭായോഗത്തോടും കർത്തൃമേശയോടും കൂടി സമാപിക്കും. പകൽ മീറ്റിംഗുകളിൽ പാസ്റ്റർമാരായ ജെ. ജോൺ, അലക്സാണ്ടർ ഉമ്മൻ, സി.കെ. മാത്യു, ഏ.ജെ.ചാക്കോ തുടങ്ങിയവർ ശുശ്രൂഷിക്കും. ശനിയാഴ്ച രാവിലെ 9 മണിക്ക് സ്നാന ശുശ്രൂഷയും 10 മുതൽ സഹോദരീസമ്മേളനവും നടക്കും. സഹോദരീ സമ്മേളനത്തിൽ മിസ്സിസ് ഗ്രെയസ് ഉമ്മൻ മുഖ്യ സന്ദേശം നൽകും. സഹോദരിമാരായ വത്സമ്മ മാത്യു, സൂസൻ അനിയൻ, എലിസബത്ത് തങ്കച്ചൻ തുടങ്ങിയവർ നേതൃത്വം നൽകും. ഉച്ചയ്ക്ക് 3 മുതൽ സഭയുടെ സണ്ടേസ്കൂൾ - യുവജന സമ്മേളനം നടക്കും. പാസ്റ്റർമാരായ ബിജു മാത്യു, ഷിജു സി.ആർ, ബോവസ്, രാജീവ് തുടങ്ങിയവർ നേതൃത്വം നൽകും.

ഓരോ രണ്ടു വർഷം കൂടുമ്പോൾ സഭയുടെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന പതിവ് അനുസരിച്ച് സഭയുടെ ദ്വിവത്സര കോൺഫറൻസും അടുത്ത രണ്ടുവർഷത്തേക്ക് സഭയുടെ വിവിധ തലങ്ങളിലേക്കും, സണ്ടേസ്കൂൾ - യുവജന പ്രവർത്തനങ്ങളുടെ നേതൃസ്ഥാനത്തേക്കും സഹോദരീ വിഭാഗത്തിനും ഉള്ള ഭാരാവാഹികളെ തിരഞ്ഞെടുക്കുന്നതും ഈ യോഗത്തോടനുബന്ധിച്ച് നടക്കും.

സഭയുടെ ഓവർസീയർ റവ. ഡോ. ജോയി പി.ഉമ്മൻ ഉദ്ഘാടനം ചെയ്യുന്ന ഈ മഹായോഗങ്ങളിൽ പത്തനാപുരം ലോഗോസ് മ്യൂസിക്ക് സംഗീത ശുശ്രൂഷ നിർവ്വഹിക്കും.

## 11 ⮌ വീക്ഷണം.....

ലായ ഇത്തരത്തിൽ പൊറുതി മുട്ടുന്ന ആളുകളെ കണ്ടുപിടിച്ച് വിശ്വഹിന്ദു പരിഷത്തും മറ്റും നടത്തിയ ഒരു രാഷ്ട്രീയ മാമാങ്കം മാത്രമായിരുന്നു ഘർവാപ്പസി. വി. എച്ച്.പി പോലുള്ള സംഘടനകൾ നടത്തുന്ന ഇത്തരം മതം മാറ്റങ്ങൾക്ക് ഗവൺമെന്റ് അംഗീകാരമില്ലെന്നതാണ് ഇതിലെ വൈരുദ്ധ്യം. വാർത്താപ്രാധാന്യത്തിനും രാഷ്ട്രീയ വിവാദത്തിനപ്പുറം യഥാർത്ഥത്തിൽ രക്ഷയിലേക്ക് വന്നവരാരും മടങ്ങിപ്പോയിട്ടില്ല. പക്ഷെ അമിതമായ വാർത്താ പ്രാധാന്യവും പൊതുചർച്ചകളും കാരണം പെന്തെക്കോസ്ത് അടക്കമുള്ള നൂനപക്ഷ വിഭാഗങ്ങളിൽ അരക്ഷിതവസ്ഥ സൃഷ്ടിക്കുന്നതിന് സംഘപരിവാറിന് സാധിച്ചിട്ടുണ്ട്. ഘർവാപ്പസിയിൽ പങ്കെടുത്ത കുടുംബങ്ങളിൽ നിന്നും മുദ്രപ്പത്രത്തിൽ സമ്മതപത്രമുൾപ്പെടെ എഴുതിവാങ്ങിച്ചായിരുന്നു ഈ കോമഡി അരങ്ങേറിയത്.

സുവിശേഷത്തിന്റെ ശക്തി പ്രഘോഷിക്കുന്ന പെന്തെക്കോസ്ത് സമൂഹത്തിനുള്ളിലേക്ക് വിവിധ ജാതിമതവിഭാഗങ്ങളിൽ നിന്നും ഒഴുക്ക് തുടരുന്നിടത്തോളം സംവരണ സംരക്ഷണ പ്രക്ഷോഭങ്ങളും സമ്മേളനങ്ങളുമൊക്കെ ഇനിയും തുടാനാണ് സാധ്യത. ഇവ ശരിയെന്നോ തെറ്റെന്നോ ഉള്ള ചർച്ചകൾക്കും പ്രസക്തിയുണ്ട്. എങ്കിലും പെന്തെക്കോസ്തിലെ ഇത്തരം ഒറ്റപ്പെട്ട സ്വത്വബോധതാല്പര്യങ്ങൾ പെന്തെക്കോസ്തിനെ ശിഥിലീകരിക്കാതെ നോക്കേണ്ടത് ഏവരുടെയും കടമയാണ്. പെന്തെക്കോസ്ത് ഐക്യം യാഥാർത്ഥ്യമാവുകയും അങ്ങനെ ഒരു പൊതു ബാനറിനു കീഴിൽ ന്യായമായ ആവശ്യങ്ങൾക്കുള്ള ഇടപെടലുകളുമാണ് ഉണ്ടാകേണ്ടത്. വിശ്വാസ സമൂഹത്തെ ഒരുമിപ്പിച്ച് 'ക്രൈസ്തവപീഡനം' എന്നതിനപ്പുറത്തേക്ക് യാതൊരുവിധ പൊതു ഡിമാന്റുകളും ഉയർന്നിട്ടില്ല എന്നതും കാണേണ്ടതാണ്. സമത്വസുന്ദരമായൊരു സാമൂഹിക വ്യവസ്ഥിതി നമ്മുടെ കർത്താവ് സ്ഥാപിക്കുന്നിടത്തോളം കാലം ഈ ലോകത്തിൽ സമത്വത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങളും പ്രകടനങ്ങളുമൊക്കെ അനുസ്യൂതം തുടരുക തന്നെ ചെയ്യും എന്നതിൽ സംശയമില്ല.

# ഭാരവാഹികൾ





മഹാരാഷ്ട്ര: മഹാരാഷ്ട്ര ഐ. പി. സി. സണ്ടേസ്കൂളിന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ബ്രദർ മാത്യു പോൾ (ഡയറക്ടർ), ബ്രദർ ഡാനി ജോർജ് (അസ്സോസിയേറ്റ് ഡയറക്ടർ). ഡോ: സജി പോൾ (സെക്രട്ടറി), ജേക്കബ് ജോൺ (ജോയിന്റ് സെക്രട്ടറി), ബ്രദർ മോൻസി ജോർജ് (ട്രഷറാർ), ബ്രദർ ജോൺ വർഗ്ഗീസ് (Controler Of Examination), പാസ്റ്റർ ബെഞ്ചമിൻ പാപ്പച്ചൻ, പാസ്റ്റർ ജോസഫ് ജോർജ്, പാസ്റ്റർ ബാപ്പുജി ശമുവേൽ, പാസ്റ്റർ ജോൺസൺ ചാക്കോ, പാസ്റ്റർ കെ.എ. ചെറിയാൻ, ബ്രദർ വർഗ്ഗീസ് എബ്രഹാം, ബ്രദർ ഷാജി ജോർജ്, ബ്രദർ സോനു വർഗ്ഗീസ്, ബ്രദർഎബി വർഗ്ഗീസ് (മെമ്പേഴ്സ്) എന്നിവരാണ് ഭാരവാഹികൾ.

നോവൽ

# കാൽവറിയുടെ ഉയരങ്ങൾ

അദ്ധ്യായം - 32



സുനിൽ വർഗീസ്, ബാംഗ്ലൂർ

ആൽബർട്ടിന്റെ തൊഴിയേറ്റു വീണയാൾ അപ്പോഴും ഞെരങ്ങി കൊണ്ടിരുന്നു. പന്തങ്ങളുടെ വെളിച്ചത്തിൽ ആയുധങ്ങളുമായി കുമ്മാശന്റെ ആളുകൾ ആൽബർട്ടിനെ വളഞ്ഞു കഴിഞ്ഞിരുന്നു. എന്നാൽ എഴുന്നേൽക്കാൻ പോലുമാകാതെ കിടക്കുന്ന തങ്ങളുടെ കൂട്ടത്തിലുള്ളവന്റെ സ്ഥിതി അവർ പാളി നോക്കുന്നുമുണ്ടായിരുന്നു. ആരെങ്കിലും ആക്രമിക്കാനടുത്താൽ അവരെ തള്ളി മാറ്റാനുള്ള ചുവടുകളുമായി ആൽബർട്ട് നിന്നു. ആൽബർട്ടിനെ നോക്കി കാതറിൻ എന്തോ പറയുന്നുണ്ടായിരുന്നു. എന്നാൽ അവളുടെ വായ കെട്ടിവെച്ചിരിക്കുന്നതിനാൽ ഞരക്കം മാത്രമേ പുറത്തേക്ക് വന്നതുള്ളൂ.

മൂപ്പൻ അപ്പോഴേക്കും ആൽബർട്ടിന്റെ മുൻപിലേക്ക് വന്നു. മൂപ്പാ, ഈ ചെയ്യുന്നത് പാപമാണ്. ഒരിക്കലും ഇതു ചെയ്യുവാൻ കുമ്മാശനെ സമ്മതിക്കരുത്. കാട്ടുപൊന്തയ്ക്കുള്ളിൻ അപ്പോഴേക്കും മാതേവൻ പുറത്തു വന്നു. മൂപ്പാ, കാതറിനെ വിട്ടു തരണം. ഇവിടെ കുരുതി നടക്കുന്നുവെന്ന് പോലീസിനെ അറിയിക്കുവാൻ ആളു പോയിട്ടുണ്ട്. മൂപ്പനിതിനു കൂട്ടു നിന്നാൽ പിന്നെ പോലീസൊക്കെ വന്നു കഴിഞ്ഞ്, അവരുടെ കൈയിൽ നിന്ന് രക്ഷിക്കുവാൻ ഈ കുമ്മാശൻ വരില്ല. ആവേശത്തോടെയാണ് മാതേവൻ അത് പറഞ്ഞത്. മൂപ്പൻ തിരിഞ്ഞു കുമ്മാശനെ നോക്കി. മൂപ്പാ നമ്മുടെ കർമ്മങ്ങൾ മുടക്കാൻ ഇങ്ങനെ പല സാഹചര്യങ്ങളും ഉണ്ടാക്കും എന്ന് ഞാൻ പറഞ്ഞില്ലേ. ഇപ്പോൾ നീലമുടിയുടെ പ്രശ്നങ്ങൾ മാറാൻ ഇതു മാത്രമാണ് ഏക വഴി. ഇവിടെ തീരുമാനം പറയാൻ കൂട്ടം വിട്ടു പോയ ആർക്കും അവകാശമില്ല. മാതേവനെ നോക്കി കൊണ്ടാണ് കുമ്മാശൻ അത് പറഞ്ഞത്. അതുവരെ നിർത്തി വെച്ച മന്ത്രോ ച്ചാരണം കുമ്മാശൻ ആരംഭിക്കുകയും പൂവിതളുകൾ വാരി എറിഞ്ഞു തുടങ്ങുകയും ചെയ്തു.

മൂപ്പാ, പാടില്ല. കാതറിനും ഞാനും ഒരിക്കലും നീലമുടിക്ക് ദോഷം വരുന്ന ഒരു കാര്യവും ഇതുവരെ ചെയ്തിട്ടില്ല. ഞങ്ങൾ, ഞങ്ങളുടെ എല്ലാ സന്തോഷവും മാറ്റി വെച്ച് ഇവിടെ വന്നത് നിങ്ങളെ സഹായിക്കുവാനാണ്. അത് കുമ്മാശനും അറിയാം. അയാളുടെ മകൻ എന്റെ കൂടെ വന്നതും അവനെ ഞാൻ പട്ടണത്തിലേയച്ച് പഠിപ്പിക്കുന്നതുമാണ്, അയാൾക്ക് ഞങ്ങളോട് ഇത്ര കോപത്തിനു കാരണം. മൂപ്പാ, അങ്ങൊരിക്കലും സ്വന്തം കാര്യങ്ങൾക്കു വേണ്ടി പ്രവൃത്തിക്കുന്ന കുമ്മാശന്റെ കൈയ്യിലെ പാവയായി മാറരുത്. അങ്ങയുടെ അനുവാദത്തോടെ ഞാൻ കാതറിന്റെ കെട്ട് അഴിക്കുകയാണ്. അങ്ങനെ പറഞ്ഞുകൊണ്ട് ആൽബർട്ട് മഞ്ചത്തിന്റെ അരികിലേക്ക് നടന്നു.

കാതറിന്റെ കണ്ണുകൾ നിറഞ്ഞൊഴുകയായിരുന്നു. കാത്തീ എല്ലാം അവസാനിക്കുകയാണ്. പേടിക്കേണ്ട അങ്ങനെ പറഞ്ഞുകൊണ്ട് ആൽബർട്ട് അവളുടെ വായിലെ കെട്ടഴിച്ചു. മുഷിഞ്ഞ തുണിക്കഷണം കാതറിന്റെ വായിക്കുള്ളിലേക്ക് തിരുകി വെച്ചിരുന്നു. അത് ഊരിയെടുക്കുമ്പോൾ ആൽബർട്ടിന്റെ ഹൃദയം തുടിച്ചു. പെട്ടന്നാണ് കുമ്മാശൻ ഓടിവന്ന് ആൽബർട്ടിനെ തൊഴിച്ചത്. തൊടരുത് അവരെ! പെട്ടന്ന് മൂപ്പൻ, കുമ്മാശനോടായി ഗർജ്ജിച്ചു. മൂപ്പാ, നമ്മുടെ നീലമുടി നശിച്ചു പോകാൻ സമ്മതിക്കുകയാണോ. ഇവിടെയുള്ള എല്ലാവരും മരിച്ചു പോകണമെന്നാണ് മൂപ്പൻ ആഗ്രഹിക്കുന്നത്. നമ്മുടെ നീലമുടിയിൽ ഇതിനു മുൻപും ഇതുപോലെ കർമ്മങ്ങൾ നടന്നിട്ടുണ്ട്. കുമ്മാശനും കോപത്താൽ വിറയ്ക്കുകയായിരുന്നു. കൂട്ടമേ...നിങ്ങൾ പറയൂ..... നമ്മുടെ നീലമുടിക്കായിട്ട് ജീവിക്കുന്ന ഞാൻ പറയുന്നതാണോ, ഒന്നിനും കഴിയാതെ ഇങ്ങനെ ഊമയായി നിൽക്കുന്ന മൂപ്പന്റെ മൗനമാണോ നിങ്ങൾ പരിഗണിക്കുന്നത്.



ജനങ്ങൾ പരസ്പരം നോക്കുവാനും പിറുപിറുക്കുവാനും തുടങ്ങുന്നത് മൂപ്പൻ ശ്രദ്ധിച്ചു. കുമ്മാശൻ രോക്ഷം കൊള്ളാതെ. മഴയല്ല ഇവിടെ പ്രശ്നം. നിന്റെ ആവശ്യങ്ങൾക്കു വേണ്ടി ചാടി നടക്കാൻ എന്നെ കിട്ടില്ല. കൂട്ടമേ... ഇവിടെ ഞാൻ പറയുന്നതാണ് ചട്ടം. ഞാൻ പറയുന്നതാണ് നട ക്കേണ്ടത്. അത് കേട്ടു കൊണ്ടാണ് ആൽബർട്ട് എഴുന്നേറ്റത്. ആരേയും ശ്രദ്ധിക്കാതെ അയാൾ മഞ്ചത്തിൽ നിന്നുള്ള കെട്ടുകൾ ഒരോന്നായി അഴിക്കുവാൻ തുടങ്ങി. ഇവിടെ മൂപ്പനും, കുമ്മാശനും താനുമല്ല അവസാന തീരുമാനം എടുക്കുന്നത്. അവസാന തീരുമാനം എടുക്കുകയും അത് നടപ്പിലാക്കുകയും ചെയ്യുന്നത് ദൈവമാണ്. അപ്പോൾ ഇങ്ങനെ ആകുലപ്പെട്ടു കൊണ്ട് ഒന്നും സാധിക്കുകയില്ല. അയാളുടെ കലുഷമായ മനസ്സ് ശാന്തമാകുകയായിരുന്നു. കാത്തി, ഒട്ടും പേടിക്കേണ്ട..., ഇവിടേക്ക് നമ്മളെ അയച്ചത് ദൈവമാണ്. ഇപ്പോൾ ഈ പ്രശ്നത്തിൽ നിന്ന് നമ്മെ രക്ഷിക്കുവാനും അവിടുന്നാണ് ഇടപെടുന്നത്. കുമ്മാശാ, ഒരു കുരുതിയാണ് ആ വശ്യമെങ്കിൽ നമ്മുക്ക് മൃഗങ്ങളെ ഉപയോഗിക്കാം. ഇവർ നമ്മളെ ഇന്നു വരെ സഹായിച്ചിട്ടേ ഉള്ളു. ആ പെണ്ണിന്റെ കെട്ടഴിക്കാൻ സഹായിക്കൂ..... മൂപ്പൻ താക്കീതോടെ കുമ്മാശനെ നോക്കുന്നു.

ആൽബർട്ടിനെ ചുറ്റി നിൽക്കുന്ന വർ അവരുടെ ആയുധങ്ങൾ താഴ്ത്തി തുടങ്ങി. കുമ്മാശൻ ദേവിയേ എന്നുഅലറിക്കൊണ്ട് നിലത്തു കണ്ട കല്ലിലേക്ക് അയാളുടെ തല ഇടിച്ചു. മൂപ്പാ, ഇത് മൂലം ഒറപ്പായിട്ടും ദേവീടെ ശാപം നിങ്ങടെ മേൽ വരും. മാതേവൻ ഓടി വന്ന് കാതറിന്റെ എഴുന്നേൽപ്പിച്ചു നിർത്താൻ സഹായിച്ചു. കുമ്മാശാ നിന്റെ കള്ളത്തരങ്ങൾക്ക് ഞങ്ങൾ ആരും കൂട്ടു നിൽക്കില്ല. അയാൾ കുമ്മാശനെ നോക്കി അങ്ങനെ പറയുന്നുമുണ്ടായിരുന്നു. കുമ്മാശൻ അപ്പോൾ മുത്തിക്കാവിന്റെ ഭാഗത്തേക്ക് നോക്കി. ദേവിയേ നിന്നെ അനുസരിക്കാൻ ആരും ഇല്ലായോ... നിന്റെ പ്രീതി പ്പെടുത്താൻ ആരും ഇല്ലായോ.... കുമ്മാശന്റെ നിലവിളി പോലത്തെ ശബ്ദം അവസാനിക്കുന്നതിന് മുൻപ് മൂപ്പന്റെ നിലവിളി ഉയർന്നു. എല്ലാവരും ആൽബർട്ടിനേയും കാതറിനേയും നോക്കി നിൽക്കുകയായിരുന്നു. കുമ്മാശന്റെ കൂട്ടാളികൾ പലരും, പലതവണ ആൽ ബർട്ടും കാതറിനും തങ്ങളെ സ ഹായിച്ച സന്ദർഭങ്ങൾ ഓർത്തു നിൽക്കുകയിരുന്നു. മൂപ്പന്റെ നിലവിളി എല്ലാവരേയും നടുക്കി. ആൽബർട്ട് നടുക്കത്തോടെ നോക്കിയപ്പോൾ, പന്തങ്ങളുടെ വെളിച്ചത്തിൽ മൂപ്പനിൽ നിന്നും തെറിക്കുന്ന ചോരയാണ് കണ്ടത്.

ഭ്രാന്തുപിടിച്ചതു പോലെ കരമ്പൻ കത്തി വലിച്ചൂരുന്നു. തുറിച്ച കണ്ണുകളുമായി നിൽക്കുന്ന മൂപ്പനെ വീണ്ടും അയാൾ കുത്തുന്നു. ന്റെ യേശുവപ്പാ, അലർച്ചയോടെ മാതേവൻ കരമ്പന്റെ അരികിലേക്ക് ഓടി. ആരും അടുത്ത് വരരുത്. ദേവിയെ പ്രീതിപ്പെടുത്താത്ത ഒരു മൂപ്പൻ നമ്മ്ടെ നീലമുടിക്ക് വേണ്ടാ. കുമ്മാശാ നീങ്കളാണ് ഇനി ഞങ്ങടെ മൂപ്പൻ. മൂപ്പന്റെ കയ്യിലിരുന്ന വടി വലിച്ചൂരിയെടുത്ത് കറമ്പൻ കുമ്മാശന്റെ നേരെ എറിഞ്ഞു. കൂടി നിന്നവർ മൂപ്പന്റെ അടുത്തേക്ക് ഓടി. മാതേവൻ ആയുധങ്ങളുമായി നിൽക്കുന്നവരെ നോക്കി ആക്രോശിച്ചു, കരമ്പന്റെ ക്രൂരത തീർക്കിൻ...കുറച്ചു പേർ വാളുമായി കരമ്പന്റെ നേരെ ചാടിയതാണ്. നിൽക്കീൻ. കൈയ്യിലെക്ക് കിട്ടിയ വടി മുന്നോട്ടു നീക്കി കുമ്മാശൻ ഗർജ്ജിക്കുകയായിരുന്നു. ഞാൻ, ഞാനാണ് മൂപ്പൻ. നീലമുടി എന്നെയാണ് അനുസരിക്കേണ്ടത്. എന്തോ മൃഗത്തിന്റെ കണ്ണുകൾ പോലെ അയാളുടെ കണ്ണുകൾ തിളങ്ങി. ഇതാണ് ദേവിയുടെ ശക്തി. ഇനി ഈ കുമ്മാശന്റെ ശ്വാസം പോലും ദേവിയേ നിനക്കാണ്. പെട്ടന്ന് മിന്നൽ നീലമുടിയുടെ ചരിവിൽ തിളങ്ങി വന്നു. ക്രൂരമായ ആവേശത്തോടെ കുമ്മാശൻ ആൽബർട്ടിനേയും കാതറിനേയും നോക്കി. മൂപ്പൻ കാലുകൾ അനക്കുന്നത് നിർത്തിയിരുന്നു. അയാൾ മരിച്ചു കഴിഞ്ഞുവെന്ന് ആൽബർട്ടിന് ഉറപ്പായി.

അപ്പോൾ വന്ന ആവേഗത്താൽ അയാൾ കാതറിന്റെ കൈ പിടിച്ച് ഇരുട്ടിലൂടെ താഴേക്ക് ഓടി. കറമ്പാ ആരേയും വിടരുത്. ഇനി യാരും അവരുടെ കൂട്ടത്തിൽ പോകരുത്. നമ്മുടെ മലമുത്തിയെ വേണ്ടാത്ത എല്ലാവരേയും നമ്മൾ ദേവിക്കു കൊടുക്കും. കുമ്മാശന്റെ അലർച്ച ആൽബർട്ടിന്റെ കാതിലെത്തുന്നതിനു മുൻപേ, ഏതോ കല്ലിൽ തട്ടി അവർ രണ്ടു പേരും താഴേക്ക് തെറിച്ച് ചരിവിലൂടെ ഉരുണ്ടു തുടങ്ങിയിരുന്നു. കരമ്പന്റെ കൂടെ കുമ്മാശന്റെ കൂട്ടാളികളും പാഞ്ഞു വരുന്നതി ന്റെ അലർച്ച താഴേക്ക് ഉരുണ്ടു പോകുമ്പോൾ ആൽബർട്ട് കേട്ടു. ആൽബീ.. കാതറിന്റെ ശബ്ദം. ഒരു മരക്കുറ്റിയിൽ തട്ടി അവർ നിന്നപ്പോഴേക്കും കിതപ്പോടെ ആൽബർട്ട് കാതറിനെ ചേർത്തു പിടിച്ചു. കാത്തീ ഒന്നും സംഭവി ക്കില്ല.

11

കവിത

ബേസിൽ വർഗ്ഗീസ്, റിയാദ്

## കാലമാറ്റങ്ങൾ

വചനത്തിൻ ആഴമാം സത്യങ്ങൾ പോലുമെ
കാലമാറ്റങ്ങളാൽ മാറിയെന്നോ??
"ആടുവാൻ, തുള്ളുവാൻ, വീഴുവാനാ"ഗ്രഹം
ആത്മീയ ലോകത്തിലേറിടുന്നോ??...
"പാപ"ത്തിനും അർത്ഥമാറ്റങ്ങൾ വന്നയീ-
കാലമിതന്ത്യകാലമെന്നോർക്കേണം....

"എന്തു പറഞ്ഞാലും, എന്തെല്ലാം ചെയ്താലും
ഏതേതു വഴിയേ നടന്നെന്നാലും....
ക്രിസ്തുവിൽ കേവലം വിശ്വസച്ചീടുകിൽ
ചെയ്യുന്നതൊന്നുമേ പാപമല്ലെ"ന്നുള്ള,
കേൾക്കും ജനത്തിനാഹ്ലാദമേകീടുന്ന-
പുത്തൻ പ്രമാണങ്ങളേറുന്ന കാലം.....

വചനസത്യങ്ങളെ വളച്ചൊടിച്ചീടുന്ന-
വ്യാഖ്യാനകർത്താക്കൾ പെരുകുന്ന കാലം....
"കട്ടളക്കാലിന്മേൽ രക്തമുണ്ടെന്നാകി-
ലകമുറി "വാണിഭ" ശാലയായ് തീരിലും,
സംഹാര ദൂതൻ വരികില്ല"ന്നുരച്ചിടും-
വ്യാജ ശുശ്രൂഷകർ വാഴുന്ന കാലം....

വചനവ്യാഖ്യാനങ്ങൾ തെറ്റെന്നു വന്നാലും
പാടിപ്പുകഴ്ത്തുവാനാളുള്ള കാലം....
തെറ്റിനെ തെറ്റെന്നു ചൂണ്ടുവാനുയരുന്ന-
വിരലുകൾക്കും വിലങ്ങേകുന്ന കാലം....
സത്യം ശ്രവിക്കുവാൻ, തെറ്റു തിരുത്തുവാൻ
വാഞ്ചകളേതുമെ ഇല്ലാത്ത കാലം....

സത്യ വിശ്വാസിയെ ലക്ഷ്യത്തിലെത്താതെ-
തെറ്റിച്ചകറ്റുമീ കാലമെന്നോർത്തിടൂ...
ഭൗതീക നന്മകൾ ഏറെയില്ലെങ്കിലും
സ്വർഗ്ഗീയമായതു ശ്രേഷ്ഠമെന്നോർക്കണം
കാലങ്ങളിനിയേറെ മാറിടും മുന്നമായി
കാഹള ധ്വനിയൊന്നു കേട്ടീടുമോ???..

സ്വർഗ്ഗീയ ഗേഹമണയുവാനിച്ഛയാൽ
ജീവിതം ഭൂവിൽ നാം നയിച്ചീടേണം
ന്യായം വിധിക്കുന്ന ദൈവമൊന്നുണ്ടെന്ന-
ചിന്തകൾ എന്നും ഭരിച്ചീടേണം...
ദൗത്യം മറക്കാതെ ദർശനം തെറ്റാതെ
ഓടേണം ക്രിസ്തുവിൻ പാതയിൽ നാം

## ഡോ. കോര സംസാരിക്കുന്നു



1. ഇന്ത്യൻ ചർച്ച് ഓഫ് ഗോഡിലെ പല സ്റ്റേറ്റുകാരും പ്രിഫറൻസ് ബാലറ്റിന് 66% വോട്ട് വേണം എന്നതിന് പകരം 51 ആക്കാൻ നിർബന്ധം പിടിക്കുന്നതിന് കാരണം എന്താണ് കോരേ?

**– തോമസ് മുളക്കുഴ**

*ജനങ്ങൾ വീണ്ടും തെരഞ്ഞെടുക്കും എന്ന ആത്മവിശ്വാസം കുറയുന്തോറും ഇത് സംഭവിച്ചുകൊണ്ടേയിരിക്കും. ആത്മവിശ്വാസം നഷ്ടപ്പെടുമ്പോൾ പ്രിഫറൻസ് ബാലറ്റ് വേണ്ടെന്ന് വാദിക്കാനും മതി.*

2. ഹെബ്രോൻപുരത്തും മുളക്കുഴയിലുമൊക്കെ ഇപ്പോൾ പരിചയമില്ലാത്ത പലരും എന്നെ കണ്ടപ്പോൾ നന്നായി ചിരിക്കുകയും ക്ഷേമം അന്വേഷിക്കുകയും ചെയ്തു. ചിലരൊക്കെ എന്നെ ആലിംഗനം ചെയ്യുകയും ഉണ്ടായി. എന്താണ് കോരേ ഇതിനെല്ലാം കാരണം?

**– സുബിൻ, കുമ്പനാട്**

*സിംഹാസനത്തിലിരിക്കുന്നവരൊക്കെ താഴെയിറങ്ങുന്ന കാലമാണിത്. എന്നു പറഞ്ഞാൽ ഇലക്ഷൻ കാലത്തിന്റെ പ്രത്യേകതയാണിത്. താല്കാലിക പ്രതിഭാസമാകയാൽ ഇലക്ഷൻ കഴിയുമ്പോൾ ഇക്കണ്ടതെല്ലാം മാറിക്കോളും. അന്ന് ഒരു ചിരിച്ച മുഖം മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കാണുവാൻ നാം കൊതിക്കും.*

3. ചെറിയ കൂട്ടായ്മയ്ക്ക് പ്രസംഗിക്കാൻ വിളിച്ചാൽ ഉടൻ തന്നെ ടൈയും കോട്ടുമിട്ട് ഫേസ്ബുക്ക് പോസ്റ്റിൽ കുറേ വിശേഷണങ്ങളും ചേർത്ത് സ്വയം പ്രസിദ്ധനാക്കുന്ന ഉപദേശിമാരെ എന്തുവിളിക്കണം കോരേ

**– എബി, ഡാളസ്**

*അല്പനെന്നോ കാച്ചിൽ കൃഷ്ണപിള്ളയെന്നോ ഒക്കെ ഇവരെ വിളിക്കാം. മറ്റുള്ളവർ പ്രസിദ്ധരാക്കുന്നില്ലെങ്കിൽ സ്വയം മാർക്കറ്റ് ചെയ്യുന്നതാണല്ലോ ഈ കാലം.*

# ഐ.പി.സി. ജനറൽ ട്രഷറാർ സ്ഥാനത്തേക്ക് സജി പോൾ



ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പ് 2016 ആരംഭത്തിൽ നടക്കേണ്ടതാണ്. സഭയുടെ ജനറൽ ട്രഷറാർ സ്ഥാനം ഏറ്റെടുക്കുവാൻ ഇപ്പോൾ കേരളാ സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡ് കൺവീനറായ സജി പോൾ തയ്യാറെടുക്കുന്നു. ഐ.പി.സി. പ്രസ്ഥാനത്തിന്റെ വളർച്ചക്കും പുരോഗതിക്കും എന്ത് പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് സജി പോൾ വ്യക്തമാക്കുന്നു.

*? ബിസിനസ് രംഗത്ത് വിജയം വരിച്ച ഒരാൾക്ക് സഭയുടെ ഭരണ രംഗത്ത് എന്താണ് ചെയ്യാനുള്ളത്?*

എന്റെ ചിന്തയിൽ സഭയുടെ ഭരണം രണ്ടുതലത്തിലാണ് നടന്നു വരുന്നത്. ഒന്ന് ആത്മീയ ശുശ്രൂഷകൾ. അതിൽ വരുന്നതാണ് ശുശ്രൂഷകന്മാരുമായി ബന്ധപ്പെട്ട നിയമനം, ആരാധന, അച്ചടക്കം, കാലാകാലങ്ങളിലുണ്ടാകുന്ന ഉപദേശപരമായ വിഷയങ്ങളെ വ്യാഖ്യാനിച്ച് സഭയെ നയിക്കുക തുടങ്ങിയവ. അതൊക്കെ ഭംഗിയായി നിർവ്വഹിക്കുവാൻ ശക്തന്മാരായ അനുഭവസമ്പത്തും അഭിഷേകവുമുള്ള ദൈവദാസന്മാർ ഐ.പി.സിക്കുണ്ട്. രണ്ടാം ഭാഗം സഭയുടെ ഭൗതികവിഷയങ്ങളാണ്. സാമ്പത്തിക കാര്യങ്ങൾ, വസ്തു സംബന്ധിച്ച വിഷയങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ, സുവിശേഷീകരണ പദ്ധതികൾ, പുതിയ പ്രൊജക്ടുകൾ, കുമ്പനാട് കൺവൻഷന്റെ ആത്മീയ ശുശ്രൂഷ ഒഴിച്ചുള്ള നടത്തിപ്പ്..... ഇങ്ങനെ നൂറുകൂട്ടം കാര്യങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

ഈ രണ്ടാം വിഭാഗത്തിലാണ് സഹോദരന്മാർക്ക് പ്രവർത്തനസാധ്യതകളുള്ളത്. സഭയുടെ ആകമാന വളർച്ചക്ക് രണ്ട് വിഭാഗവും ഒരേ പോലെ ശക്തമാകണം.

ഐ. പി. സി. യിൽ എല്ലാക്കാലത്തും ബിസിനസ് മേഖലയിൽ കഴിവ് തെളിയിച്ച സഹോദരന്മാരാണ് സഭയുടെ ട്രഷറാർ പദവിയിൽ ഇരുന്നിട്ടുള്ളത്. തോമസ് വടക്കേക്കുറ്റ്, ജോസഫ് താന്നിക്കൽ, കുര്യൻ ജോസഫ് എന്നിവരൊക്കെ ഉദാഹരണമാണ്. ബിസിനസ് രംഗത്ത് എനിക്ക് ലഭിച്ച അനുഭവ സമ്പത്തും പരിചയവും ഒപ്പം സാമ്പത്തിക നന്മകളും സഭയുടെ പുരോഗതിക്കായി ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നതിൽ എനിക്കുറപ്പുണ്ട്. അതുകൊണ്ടാണ് ജനറൽ ട്രഷറാർ സ്ഥാനത്തേക്ക് വരുവാൻ ആഗ്രഹിക്കുന്നത്.

? ട്രഷറാർ എന്ന നിലയിൽ ഐ.പി.സി.ക്ക് വേണ്ടി എന്ത് പദ്ധതിയാണ് താങ്കൾക്കുള്ളത്?

ട്രഷറാർ എന്ന ചുമതല വെറുമൊരു കണക്കെഴുത്തുകാരന്റേതാണെന്ന് ഞാൻ ചിന്തിക്കുന്നില്ല. വ്യക്തമായ പ്രൊജക്ടുകൾ രൂപപ്പെടുത്തുകയും ബഡ്ജറ്റിംഗ് സിസ്റ്റം ഉണ്ടാക്കുകയും ആവശ്യമായ പണം വരുവാനുള്ള വഴികൾ കണ്ടെത്തുകയും ചെയ്യണം. വെറുതെ കുറേ പ്രൊജക്ടുകൾ പറയുന്നതിൽ അർത്ഥമില്ല. യാഥാർത്ഥ്യബോധത്തോടെ പദ്ധതികൾ രൂപപ്പെടുത്തുകയും കൃത്യമായ പ്ലാനിംഗോടെ നടപ്പിലാക്കുകയും വേണം. ഐ.പി.സി.ചെറിയൊരു പ്രസ്ഥാനമല്ല. എണ്ണായിരം ലോക്കൽ സഭകളുള്ള സഭയാണിത്. അതിനാൽത്തന്നെ ആ നിലയിലുള്ള വിശാലത നമുക്ക് സാമ്പത്തിക കാര്യങ്ങളിലുമുണ്ടാകണം.

സഭയുടെ അടിയന്തിരശ്രദ്ധ പതിയേണ്ടുന്ന മേഖലകളുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം നമുക്കിപ്പോൾ കൃത്യമായ ബഡ്ജറ്റിംഗ് സംവിധാനമില്ല. വാർഷിക ബഡ്ജറ്റിംഗ് നിർബ്ബന്ധമാക്കണം. സുവിശേഷീകരണം, പാസ്റ്റേഴ്സിന്റെ വെൽഫെയർ, സഭാ സ്ഥാപനം, നിർമ്മാണ പദ്ധതികൾ, വിശ്വാസികൾക്കും പാസ്റ്റേഴ്സിനും വേണ്ടിയുള്ള ജീവകാരുണ്യ വിദ്യാഭ്യാസ സഹായ പദ്ധതികൾ എന്നിവയെല്ലാം വ്യക്തമായി രൂപപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

? ഇപ്പോൾ ഐ.പി.സിക്ക് ധാരാളം പണം ലഭിക്കുന്നുണ്ട്. അതിൽ 99%-വും ജനറൽ പ്രസിഡന്റ് നേരിട്ട് പോയി നടത്തുന്ന കളക്ഷനാണ്. ഇങ്ങനെ പിരിവ് നടത്താതെ സഭക്ക് വരുമാനം കണ്ടെത്തുവാൻ വേറെ മാർഗ്ഗമൊന്നുമില്ലേ?

ഐ.പി.സി.ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ കഴിഞ്ഞ മൂന്നു വർഷം കൊണ്ട് പണം ശേഖരിച്ച് ഒട്ടനവധി കാര്യങ്ങൾ നടപ്പിലാക്കി. ആ രംഗത്ത് ദൈവം അദ്ദേഹത്തെ മാനിച്ചു. ഐ.പി.സിയിലെ കർതൃദാസന്മാരും ജനവും അദ്ദേഹത്തെ വിശ്വസിച്ച് പണം ഏൽപ്പിക്കുന്നു.

നമ്മുടെ സഭയുടെ ഏറ്റവും വലിയ ബലഹീനത നമുക്ക് കൃത്യമായ സാമ്പത്തിക സ്രോതസ്സുകൾ ഇല്ലന്നതാണ്. വിശ്വാസത്താലുള്ള വേല എന്ന അടിസ്ഥാന പ്രമാണമാണ് നമ്മുടെ പിതാക്കന്മാർ ലക്ഷ്യമിട്ടത്. അതിനാൽ മാസാമാസം വരുമാനം ലഭിക്കുന്ന ഒരു മാർഗ്ഗവും നമ്മൾ രൂപപ്പെടുത്തിയിട്ടില്ല. പിന്നെ ഐ.പി.സിക്ക് സമ്പന്നരായ വിശ്വാസികളും ധാരാളം നല്ല സഭകളുമുണ്ട്. അവർ കാലാകാലങ്ങളിൽ കൈതുറന്ന് സഹായിക്കുന്നതിലൂടെയാണ് കാര്യങ്ങൾ നടക്കുന്നത്. തുടർന്നും അതുതന്നെയായിരിക്കും നമ്മുടെ പ്രധാന വരുമാനമാർഗ്ഗം.

ഇവിടെ പ്രധാനമായ കാര്യം ദൈവജനവും സഭയും ഏൽപ്പിക്കുന്ന പണം വിശ്വസ്തമായി ചിലവഴിക്കുക എന്നതാണ്. അതോടൊപ്പം കൃത്യവും സുതാര്യവുമായി കണക്കുകൾ സഭയെ ബോധ്യപ്പെടുത്തുക. എന്നെ സംബന്ധിച്ചിടത്തോളം ദൈവകൃപയാൽ മികച്ച ചില ബിസിനസ് സ്ഥാപനങ്ങൾ ദൈവം നൽകിയിട്ടുണ്ട്. സഭയുടെ ഒരു രൂപാ പോലും എന്റെ പോക്കറ്റിൽ വരുവാനോ അന്യാധീനപ്പെട്ടു പോകാനോ ഞാൻ അനുവദിക്കില്ല. അതാണ് ഐ.പി.സി.യിലെ എല്ലാവരോടും എനിക്ക് തരുവാനുള്ള ഉറപ്പ്.

? തിരക്കുള്ള ഒരു ബിസിനസുകാരൻ എന്ന നിലയിൽ സഭാ ട്രഷറാറായി തിരഞ്ഞെടുക്കപ്പെട്ടാൽ സഭക്ക് വേണ്ടി സമയം മാറ്റിവയ്ക്കുവാൻ സാധിക്കുകമോ?

ദൈവം എനിക്ക് നൽകിയിരിക്കുന്ന സമയത്തിന്റെ നല്ലൊരു പങ്ക് ഇപ്പോൾത്തന്നെ ദൈവിക പ്രവർത്തനങ്ങൾക്കും സഭയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി മാറ്റിവച്ചിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങളിൽ ഞാൻ വ്യാപൃതനാണ്. ജനറൽ ട്രഷറാർ 365 ദിവസവും കുമ്പനാട്ട് ഇരിക്കേണ്ടുന്ന ആളല്ല. സിസ്റ്റമാറ്റിക്കായ ഓഫീസ് സംവിധാനം ഉണ്ടാക്കുക എന്നതാണ് പ്രധാനം.

കേരളാ സ്റ്റേറ്റിലെ ഇവാഞ്ചലിസം ബോർഡിന് ഞാൻ ചുമതല വഹിക്കുന്നു. സ്റ്റേറ്റിലെ മറ്റേതൊരു ബോർഡിനേക്കാൾ ശക്തമായ പദ്ധതികളും പ്രവർത്തനങ്ങളും കഴിഞ്ഞ മൂന്നു വർഷമായി ഇവാഞ്ചലിസം ബോർഡാണ് നടത്തുന്നത്. ലക്ഷക്കണക്കിന് ട്രാക്റ്റ് പ്രിന്റ് ചെയ്ത് വിതരണം ചെയ്തു. നൂറുകണക്കിന് പരസ്യയോഗങ്ങൾ നടത്തി. നിരവധി കൺവൻഷനുകൾ നടത്തി. സ്റ്റേറ്റിന്റെ ചുമതലയിൽ സുവിശേഷീകരണ രംഗത്ത് ഇത്രയധികം പ്രവർത്തനങ്ങൾ ഏതെങ്കിലും കാലത്ത് നടന്നിട്ടുണ്ടോ എന്ന് സംശയമാണ്.

സമയം നമുക്കെല്ലാം 24 മണിക്കൂർ മാത്രമേയുള്ളൂ. അതെങ്ങനെ വിനിയോഗിക്കുന്നു എന്നതാണ് പ്രധാനം. ഒരു ബിസിനസും ജോലിയുമില്ലാത്ത ഒരാൾ ട്രഷറാർ ആകുന്നതുകൊണ്ട് സഭക്ക് പ്രത്യേകിച്ച് നേട്ടമൊന്നുമില്ലല്ലോ.

സഭയുടെ ട്രഷറാർ സ്ഥാനം എനിക്ക് വ്യക്തിപരമായി നേട്ടങ്ങളുണ്ടാക്കാനോ, പണം ഉണ്ടാക്കാനോ ഉള്ള അവസരമാക്കുവാനല്ല, ദൈവം എനിക്ക് തന്ന കഴിവുകളും സാഹചര്യങ്ങളും സഭയുടെ നന്മക്ക് ഉപയോഗിക്കുക എന്നതാണ് എന്റെ ആത്യന്തിക ലക്ഷ്യം.

**കോട്ടയം മൂലേടം ഐ.പി.സി.സഭാംഗമായ സജി പോൾ ഗൾഫിലും ഇന്ത്യയിലുമായി മൂവായിരത്തിലധികം ജീവനക്കാരുള്ള ബിസിനസ് ഗ്രൂപ്പിന്റെ ഉടമയാണ്. കഠിനാധ്വാനവും ദൈവസഹായവും കൊണ്ട് ബിസിനസിൽ ഉയരങ്ങൾ കീഴടക്കിയപ്പോഴും പ്രാർത്ഥനാ ജീവിതത്തിലും ആത്മീയ പ്രവർത്തനങ്ങളിലും വിട്ടുവീഴ്ചയില്ലാതെ നിലകൊണ്ടു. ദൈവം നൽകിയ നന്മകൾ സുവിശേഷീകരണത്തിനും കർതൃദാസന്മാരുടെയും കഷ്ടത അനുഭവിക്കുന്നവരുടെയും ആശ്വാസത്തിനുമായി വിനിയോഗിക്കുന്നതിൽ സജി പോൾ ബദ്ധശ്രദ്ധനാണ്.**

**ഐ.പി.സി.സ്റ്റേറ്റ് കൗൺസിൽ അംഗം, സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡ് കൺവീനർ, പവ്വർ വിഷൻ ടി.വി.ചാനൽ ഡയറക്ടർ ബോർഡ് അംഗം, കോട്ടയം തിയോളജിക്കൽ സെമിനാരി സെക്രട്ടറി തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങൾക്ക് മുൻപന്തിയിൽ നിന്ന് നേതൃത്വം നൽകുന്നു.**

**ഇവാഞ്ചലിസം ബോർഡിന്റെ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. ലക്ഷക്കണക്കിന് ട്രാക്റ്റുകൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്തതുകൂടാതെ നൂറുകണക്കിന് പരസ്യയോഗങ്ങളും കൺവൻഷനുകളും ഈ കാലഘട്ടത്തിൽ നടത്തിയതും ശ്രദ്ധേയമായ പ്രവർത്തനങ്ങളായിരുന്നു.**

# പ്രാർത്ഥനയുടെ പിൻബലവുമായി പാസ്റ്റർ വത്സൻ ഏബ്രഹാം ഐ.പി.സി. നേതൃത്വത്തിലേക്ക്......

## ഐപിസി യുടെ ആത്മീക അധഃപതനത്തിനെതിരെ കുമ്പനാട് നടന്ന പ്രാർഥനായോഗം വൻ വിജയം.

## പണം കൊണ്ട് സഭയിൽ സ്വാധീനം ഉണ്ടാക്കുവാൻ ശ്രമിക്കുന്നത് അപകടം: പാസ്റ്റർ കെ.എം. ജോസഫ്



**കുമ്പനാട്:** പണം കൊണ്ട് ദൈവസഭയിൽ സ്വാധീനം ഉണ്ടാക്കുവാൻ ശ്രമിക്കുന്നവർക്ക് അനന്യാസിന്റെയും സഫീറായുടെയും അനുഭവം ഉണ്ടാകുമെന്ന് ഐ. പി. സി. മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ. എം. ജോസഫ് പ്രസ്താവിച്ചു. ഐ. പി. സി.ക്ക് ഒരു സമൂഹം എന്ന നിലയിൽ മടങ്ങി വരവ് ആവശ്യമാണെന്നും അതിനായി നവീകരണ കർത്താക്കൾ സഭയിൽ നിന്നും എഴുന്നേൽക്കുവാൻ പ്രാർത്ഥിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സഭയുടെ ആത്മീയ തകർച്ചയിൽ നിന്നും ഉദ്ധാരണത്തിനായി പ്രാർത്ഥിക്കുവാൻ നവംബർ 19 ന് കുമ്പനാട് എലീം ഹാളിൽ കൂടിയ പ്രാർത്ഥനാ സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പാസ്റ്റർ ഫിലിപ്പ് പി. തോമസ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ കെ.സി. ഉമ്മച്ചൻ സങ്കീർത്തന ധ്യാനം നടത്തി. ലോക രാജ്യങ്ങളുടെ സമാധാനത്തിനായും ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ സുവിശേഷകർക്കെതിരെ നടക്കുന്ന പീഢനങ്ങൾക്കെതിരെയും ഐ. പി. സിയുടെ ആത്മീക, ധാർമ്മിക പുരോഗതിക്കായും പ്രാർത്ഥിച്ചു. പാസ്റ്റർ എം.പി. ജോർജുകുട്ടി പ്രാർത്ഥന നീയന്ത്രിച്ചു. വിവിധ വിഷയങ്ങൾക്കായി സെന്റർ ശുശ്രൂഷകന്മാരായ പാസ്റ്റർ ഏബ്രഹാം ജോർജ്, സി.വി. ജോൺ, സി.സി. ചാക്കോ, പി.എ. മാത്യു, എം.റ്റി. തോമസ്, ജോൺ ജോർജ്, സാം ദാനിയേൽ, മാത്യു പി. ഡേവിഡ്, കൗൺസിൽ അംഗങ്ങളായ ഇ. എ. മോസസ്, ബേബി കടമ്പനാട്, എൽ, കെ. റോയി എന്നിവർ പ്രാർത്ഥനക്ക് നേതൃത്വം നൽകി. ഐ. പി. സി. ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ ബേബി വർഗീസ്, ഓസ്ട്രേലിയ റീജിയൻ പ്രസിഡന്റ് പാസ്റ്റർ തോമസ് ജോർജ്, പാസ്റ്റർ റ്റി. എ. ചെറിയാൻ, പാസ്റ്റർ വിൽസൻ ജോസഫ്, പാസ്റ്റർ കെ. സി. ജോൺ ഫ്ളോറിഡ, പാസ്റ്റർ രാജു ആനിക്കാട്, ഫിന്നി പി. മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. വിവിധ മാധ്യമങ്ങളുടെ പ്രതിനിധികളും സമ്മേളനത്തിൽ സംബന്ധിച്ചു.

പാസ്റ്റർ വത്സൻ ഏബ്രഹാമിന്റെ നേതൃത്വത്തിൽ ഒരു ടീം ജനറൽ/സ്റ്റേറ്റ് ഭരണ സമതികളിൽ വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് വിവിധ സെന്റർ ശുശ്രൂഷകന്മാർ പ്രസ്താവിച്ചു. കാസർകോട് മുതൽ പാറശാലവരെയുള്ള സെന്റർ/ഏരിയായിലെ പാസ്റ്റർമാരും പ്രതിനിധികളും യോഗത്തിൽ സംബന്ധിച്ചു. യോഗത്തിൽ പങ്കെടുക്കുന്നതിനെതിരെ ഇറക്കിയ രണ്ട് കത്തുകളും അർഹിക്കുന്ന അവഗണയോടെ തള്ളിക്കളഞ്ഞു. അപവാദ പ്രചരണങ്ങൾക്കും നുണകൾക്കും സത്യത്തെ തടുക്കാനാവില്ലെന്ന് സമ്മേളനം തെളിയിച്ചു. സ്റ്റേറ്റ് ട്രഷറാർ സണ്ണി മുളമൂട്ടിൽ നന്ദി രേഖപ്പെടുത്തി. ഐപിസി സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ബഞ്ചമിൻ വർഗീസിന്റെ പ്രാർഥനയോടും ആശിർവാദത്തോടും യോഗം സമാപിച്ചു.

## സത്യസന്ധതയും ധാർമ്മികതയുമാണ് നേതൃത്വത്തിന് ആവശ്യം: പാസ്റ്റർ വൽസൻ ഏബ്രഹാം



ദൈവസഭയുടെ വളർച്ചക്ക് ഭൗതികതയേക്കാൾ ആവശ്യം വിശ്വസ്തരും പരമാർത്ഥികളുമായ നേതൃത്വമാണെന്ന് ഐപിസി മുൻ ജനറൽ സെക്രട്ടറി പാസ്റ്റർ വൽസൻ ഏബ്രഹാം പ്രസ്താവിച്ചു. ഇന്നും ജനത്തെ നയിക്കുവാൻ ആത്മീയ നേതൃത്വം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. വ്യക്തികൾക്ക് വിവിധ കാലങ്ങളിൽ ദൈവം നൽകുന്ന ദർശനം പൂർത്തീകരിക്കുവാൻ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും അതിനായി ദൈവസഭ ഐക്യതയോടെ മുന്നേറണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. പാസ്റ്റർ സാജു ജോസഫ് പരിഭാഷ നിർവഹിച്ചു.

ഐപിസി യുടെ ചരിത്രത്തിലെ ഏറ്റവും വലിയ ആത്മീയ ശോഷണത്തിലൂടെ സഭകടന്നു പോകുകയാണ്. അംഗബലത്തെക്കാളും സാമ്പത്തിക ഉയർച്ചയെക്കാളും സഭയ്ക്ക് ആവശ്യം ആത്മീയ യഥാസ്ഥാപനമാണെന്ന് അധ്യക്ഷപ്രസംഗത്തിൽ ഐപിസി സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസ് പറഞ്ഞു.



## മറുപടി അർഹിക്കുന്നില്ല



പാസ്റ്റർ ഫിലിപ്പ് പി. തോമസിനെതിരെ കൂലി എഴുത്തുകാരെ ഉപയോഗിച്ച് ചിലർ നടത്തുന്ന അപവാദ പ്രചരണങ്ങൾക്കും കത്തുകൾക്കും മറുപടി അർഹിക്കുന്നില്ലെന്ന് പാസ്റ്റർ ഫിലിപ്പ് പി. തോമസ് പ്രസ്തവിച്ചു. വെബ്സൈറ്റുകളിലൂടെയും സോഷ്യൽമീഡിയകളിലൂടെയും നടത്തുന്ന എല്ലാ ദുഷ്പ്രചരണങ്ങളേയും അർഹിക്കുന്ന അവഗണനയോടെ വിശ്വാസ സമൂഹം തള്ളിക്കളയുമെന്ന് അദ്ദേഹം തുടർന്നു പറഞ്ഞു. സത്യത്തെ എല്ലാകാലത്തും തടുക്കാനാകില്ലെന്നും കാലം അത് തെളിയിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


## ആശംസകളോടെ..



പാസ്റ്റർ സാം ജോർജ്
ഐ. പി. സി. ആക്ടിംഗ്
ജനറൽ സെക്രട്ടറി



പാസ്റ്റർ സണ്ണി കുര്യൻ
സെന്റർ പാസ്റ്റർ വാളകം



അഡ്വ. ജോൺസൺ കെ. സാമുവേൽ
ഐ. പി. സി. പി. ആർ. ഒ




പാസ്റ്റർ ബേബി വർഗീസ്, പാസ്റ്റർ എം. പി. ജോർജ്ജുകുട്ടി, ബ്രദർ സണ്ണി മുളമൂട്ടിൽ, പാസ്റ്റർ വിൽസൻ ജോസഫ്, പാസ്റ്റർ തോമസ് ജോർജ്, പാസ്റ്റർ പി. എ. മാത്യു, പാസ്റ്റർ കെ. സി. ജോൺ, പാസ്റ്റർ ബെഞ്ചമിൻ വർഗീസ് , ഫിന്നി പി. മാത്യു



പാസ്റ്റർമാരായ രാജു ആനിക്കാട്, ഏബ്രഹാം ജോർജ്, ബേബി കടമ്പനാട്, സി. സി. ചാക്കോ, ഇ. എ. മോസസ്, സാം ഡാനിയേൽ, മാത്യു പി. ഡേവിഡ്, എം. റ്റി. തോമസ്,
ബ്രദർ എൽ കെ. റോയി, പാസ്റ്റർ കെ. സി. ഉമ്മൻ

Advt.

ലേഖനം

# പാനലിൻ പാണികളിലെ പാനപാത്രം



പാസ്റ്റർ ജോൺസൺ സഖര്യാ
ഡാളസ്സ്

കരുണയും കരുതലും ഉള്ള കർത്താവ് തന്നെ പിന്തുടരുന്ന ശിഷ്യഗണത്തെ ഹൃദയത്തിൽ വഹിച്ചുകൊണ്ട് പിതാവിനോട് അപേക്ഷിച്ച് "അവർ നമ്മെ പോലെ ഒന്നാകേണ്ടതിന് അവരെ കാത്തുകൊള്ളേണമെ"! ദൈവം ത്രീ ഏകൻ എന്നു നാം മനസ്സിലാക്കുന്നു. ആകയാൽ നമ്മുടെ ഐക്യത്തിന്റെ മാതൃക ദൈവം തന്നെ. വ്യക്തികൾ തമ്മിൽ കുടുംബങ്ങൾ തമ്മിൽ, സമൂഹങ്ങളും, സഭയും തമ്മിൽ ഐക്യതയിൽ അല്ലെങ്കിൽ അവിടെ നിന്നുമാണ് യുദ്ധങ്ങൾ പൊട്ടിപുറപ്പെടുന്നത്. ആദാമിനെ സൃഷ്ടിച്ച ദൈവം അവനിൽ തന്നെ ഹവ്വായേയും ഉള്ളടക്കം ചെയ്തുകൊണ്ട് 'അവരെ' അനുഗ്രഹിച്ചു എന്നാണല്ലോ രേഖപ്പെടുത്തിയിരുന്നു ആകയാൽ ആദിമ മനുഷ്യനിൽ തന്നെ ഐക്യതയുടെ ആവശ്യം അത്യാവശ്യമായിരുന്നു. "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി....."എന്ന വാചകത്തിൽ പോലും മനുഷ്യർ ഒന്നാകേണ്ടതിനു ഒരുമനപ്പെടേണ്ടതിനും ആവശ്യമായ നിർദ്ദേശമുള്ളടക്കം ചെയ്തിരുന്നു.

കാലങ്ങൾ കഴിഞ്ഞപ്പോൾ സകല കാട്ടുജീവികളിലും വെച്ച് കൌശലമേറിയ പാമ്പ് ചതിവിൽ കൂടി കുടുംബത്തിലെ ഐക്യത തകർത്തുകൊണ്ട് ജയഭേരിമുഴക്കി. അനന്തരം ഹാബേലിനെ കൊന്ന് കൊണ്ട് കായീൻ ഐക്യതയുടെ കഴുത്തിൽ കത്തിയിറക്കി. പിന്നീടങ്ങോടു കലാപങ്ങളുടെ ഒരു നീണ്ട നിരയാണു നമുക്കു കാണുവാൻ സാധിക്കുന്നത്. ഒടുവിൽ മനുഷ്യനെ സൃഷ്ടിച്ച ദൈവം പോലും ദുഃഖിതനായിട്ടാണ് നമുക്കു കാണുവാൻ സാധിക്കുന്നത്. ഏതർത്ഥത്തിൽ നോക്കിയാലും ചിതറപ്പെട്ട മാനവ വർഗ്ഗത്തെ ആണ് നാം ഇന്നു കാണുന്നത്. കുറഞ്ഞ പക്ഷം ഒരേ വിശ്വാസപ്രമാണം അംഗീകരിക്കുന്നവർ ഏങ്കിലും ഒരുമനപ്പെടേണ്ട സമയമാണിപ്പോൾ.

കിളിർത്തു കൊണ്ടിരിക്കുന്ന കൈപ്പിന്റെ വേരുകൾ കിടപ്പറയിൽ പോലും അസ്വാസ്ഥ്യം അനുഭവപ്പെടുമ്പോൾ ജീവിതമാണു നശിക്കുന്നതെന്നുള്ള യാഥാർത്ഥ്യം പോലും അവഗണിക്കപ്പെടുന്നു. ഇങ്ങനെ അസ്വാരസ്യത്തിലായിരിക്കുന്നവർ ഒരുമിച്ചു കൂടുന്ന കൂട്ടായ്മ സ്ഥലങ്ങൾ പോലും സംഘടനമേഖലകൾ ആയി മാറിക്കഴിഞ്ഞു. ഒരുമനപ്പെട്ടു നില്കേണ്ടവർ പല ഗ്രൂപ്പുകളിലായി മാറി കഴിഞ്ഞു. മാന്യതയും മര്യാദയും വിട്ടകളഞ്ഞു കൂട്ടർ. ആരോടും മത്സരിക്കത്തക്കവണ്ണം അഹങ്കാരികളായി തീർന്നു. ആത്മീയ ഗോളം പോലും ഇന്നു മത്സരികളുടെ ആധിപത്യത്തിലാണ്.

കീരിയും പാമ്പും ഒന്നിച്ചു വന്നാൽ എങ്ങനെ ആണോ അതേ അവസ്ഥയിലെക്കു ആത്മീകന്മാരുടെ വേദികളും അധഃപതിച്ചുപോയി. സഭയുടെ ആരംഭം എല്ലാവരും ഒരു സ്ഥലത്തു ഒരു മിച്ചു കൂടി ഒരുമനപ്പെട്ടു ദൈവത്തെ ആരാധിച്ചു എന്നു അപ്പോ.പ്രവ. ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ കാണുന്നു. എന്നാൽ അഞ്ചാം അദ്ധ്യായത്തിലേക്കു വരുമ്പോൾ സഭയിൽ വ്യാജം കാണിക്കുന്നവരെ നമുക്കു കാണാം, ആറാം അദ്ധ്യായത്തിൽ പിറുപിറുപ്പുകളും ഗ്രൂപ്പുകളും ഉണ്ടായിക്കഴിഞ്ഞ് തുടർന്നു ദുഷ്ടന്മാർ സഭയിൽ സ്ഥാനം പിടിച്ച് ഒന്നിച്ച് ഒരുമനപ്പെട്ടു നിന്ന ജനം കുറഞ്ഞതു നാല് ഗ്രൂപ്പുകളായി മാറിയ ചരിത്രമാണ് നാം കൊരിന്ത്യ ലേഖനത്തിൽ കാണുന്നത്. ചേരിതിരിഞ്ഞു മത്സര മനോഭാവത്തോടെ എന്തു ചെയ്താലും അതിൽ ദൈവം പ്രസാദിക്കുകയില്ലായെന്നു നമുക്കു അറിയാമെങ്കിലും അതും അനേകരും അവഗണിക്കുകയാണ്. ഈ കാലഘട്ടത്തിൽ ദൈവമക്കൾ എന്ന പേരെടുത്തവരിൽ പലരും പല ഗ്രൂപ്പുകളിൽ പെട്ടവരും അതിന്റെ മേധാവികളുമായി തീർന്നതിനാൽ ദൈവനാമം ദുഷിക്കപ്പെടുന്നു.

കുക്കുടസർപ്പം പ്രായമേറുമ്പോൾ ഉടൽ ചുരുങ്ങി ഇഴച്ചിൽ അവസാനിപ്പിച്ചു പറക്കുവാൻ സാധിക്കുമെന്നുള്ള വിശ്വാസംപോലെ എല്ലാ തരികിട പണിയും കാണിച്ച് ഒന്നും ചെയ്യാൻ സാധിക്കാത്ത സമയം വരുമ്പോൾ ഒന്നും ചെയ്യാൻ കഴിയാത്തതു കൊണ്ട് പറന്നു പോകാൻ സാധിക്കുമെന്നുള്ള വിശ്വാസത്തിൽ ഈ കുക്കുട സർപ്പങ്ങളായ ഗ്രൂപ്പ് കാത്തിരിക്കുകയാണ്. കൊരിന്ത്യാ സഭയിൽ പൗലോസിന്റെ പക്ഷക്കാർ അപ്പല്ലോസിന്റെ പക്ഷക്കാർ കേഫാവിന്റെ പക്ഷക്കാർ എന്നീ ഗ്രൂപ്പുകൾ ചേർത്തു പ്രസ്ഥാനത്തെ കാണുവാൻ സാധിക്കും. എന്നാൽ ഇതിനിടയിൽ ക്രിസ്തുവിന്റെ പക്ഷത്തു നില്ക്കുന്നവർ ചേർന്നുള്ള ദൈവത്തിന്റെ സഭയേയും നമുക്കു ദർശിക്കാവുന്നതാണ്. സീനായ് പർവ്വതത്തിന്റെ അടിവാരത്തിൽ ആരവാരം മുഴക്കുന്ന ജനലക്ഷങ്ങളാണെങ്കിലും യഹോവയുടെ പക്ഷത്തുള്ളവർ ആര് എന്നു ചോദ്യത്തിനു ചെവികൊടുക്കുവാൻ ലേവിഗോത്രത്തിൽപ്പെട്ടവർക്കേ കഴിഞ്ഞുള്ളു എന്നതിൽ നാം മനസ്സിലാക്കേണ്ടതു ആരവാരങ്ങളും അട്ടഹാസങ്ങളും എല്ലാം ഉണ്ടാക്കുന്നവർ ഏവരും ദൈവപക്ഷത്തു ഇല്ലായെന്നും അന്യദൈവങ്ങളെ അകറ്റിനിറുത്തി ഏക സത്യദൈവത്തെ മാത്രം ആരാധിക്കുന്നവർ മാത്രമാണ് ദൈവപക്ഷത്തുള്ളതെന്നു വ്യക്തമല്ലേ?

കൂടാര വീക്ഷകന്മാരായിമാത്രം പല അഗ്രാധിപന്മാർ അധഃപതിച്ചു കഴിഞ്ഞ് "എന്തു ചെയ്യാം" എന്ന വാക്കു ഉരുവിട്ടുകൊണ്ട് അവർ നാൾകഴിക്കുന്നു. ആകയാൽ ഗ്രൂപ്പുകളുടെ എണ്ണം വർദ്ധിക്കുന്നു ക്രിസ്തുവിനു പകരം 'സ്ഥാനാധിപതികൾ' എന്നഭിമാനത്തോടെ പറയുന്നവരിൽ ഏറെ പേരും ഇന്നു അണികളുടെ അധിപന്മാർ ആയിപ്പോയി! ആകയാൽ എന്തും പറയാം എന്തും ചെയ്യാം എന്തും എഴുതാം എന്ന നിലയിലേക്കു അധഃപതിച്ചു. വ്യാജം പറയുവാൻ പ്രചരിപ്പിക്കുവാനോ ഈ കൂട്ടർക്കു ലവലേശം ഭയമില്ല. എന്നാൽ ജനറൽ കൺവൻഷനിൽ സങ്കീർത്തനം വായിക്കുവാൻ അവസരം കിട്ടിയാൽ പതിനഞ്ചാം സങ്കീർത്തനം തന്നെ ഇവർ നീട്ടി ഈണത്തിൽ വായിക്കും. "കർത്താവിന്റെ മേശ" നടത്തുവാൻ ഈ കൂട്ടർക്കു അവസരം ലഭിച്ചില്ലെങ്കിൽ അവ വിതരണം ചെയ്യാനെങ്കിലും തിരക്കു കൂട്ടും. ശനിയാഴ്ച രാത്രിവരെ പാനലുകൾക്കു വേണ്ടി കഠിനാദ്ധ്വാനം ചെയ്തവർ സഹോദരനെ നിന്ദിച്ചവർ സഹപ്രവർത്തകനെ കുറിച്ച് ഉള്ളതും ഇല്ലാത്തതും പ്രസിദ്ധം ചെയ്തവർ അന്യോന്യം ആക്ഷേപിച്ചവർ ഞായറാഴ്ച ഉച്ചയോടടുത്തപ്പോൾ അപ്പപാത്രങ്ങളും പാനപാത്രങ്ങളും എടുത്തു ഉയർത്തിപ്പിടിച്ചു കൊണ്ട് അപ്പം ഒന്നാക കൊണ്ട് പലരായ നാം ഒന്നത്രെ എന്നു പറയുമ്പോൾ സംഭവിക്കുന്നത് അതുവരെ ഒന്നായിരുന്ന അപ്പം പല കക്ഷണങ്ങളായി തീർന്നുയെന്നു മാത്രം. അപ്പം മുറി ശുശ്രൂഷ നടക്കുമ്പോഴും അനന്തരവും തന്റെ പാനലിപ്പെടാത്തവനെ മുറിവേല്ക്കുവാനുള്ള വ്യഗ്രതയിലാണെന്നും.

കൃപ നഷ്ടപ്പെടുത്തിയ കത്തൃദാസന്മാർ ക്രമവിരുദ്ധമായി ചെയ്യുന്ന ഒരു ശുശ്രൂഷയിലും ദൈവസാന്നിധ്യം ഇല്ലായെന്നു ഏതൊരു സത്യാന്വേഷിക്കും മനസ്സിലാകും. ആകയാൽ ഇന്നു നടന്നു വരുന്ന പരിപാടികളിലും ദൈവത്തിനു യാതൊരു പ്രസാദവുമില്ല. നാം എന്തൊക്കയോ ചെയ്യുന്നു എന്നു ആശ്വസിക്കാം. അതിനു അപ്പുറത്തു എന്തു പ്രയോജനം. വചനവിരുദ്ധമായി അപ്പവും വീഞ്ഞും വിതരണം ചെയ്യുമ്പോൾ ഹോട്ടലുകളിലെ "സപ്ലയറായി" നാം തരം താഴുന്നുവൊ എന്നു ഒന്നു ചിന്തിക്കുമോ?

കെട്ടു കഥകളും മറ്റും വചന ശുശ്രൂഷയെ അലങ്കോലപ്പെടുത്തുന്നതും പ്രസിദ്ധന്മാരിൽ ചിലരാണ്. അധികാരം തങ്ങളുടെ പക്കൽ ഉള്ളതിനാൽ എന്തും ചെയ്യാമല്ലോ. ആരേയും അകത്തു കൊണ്ടുവരാൻ ശുശ്രൂഷകൾക്കു അവസരം കൊടുക്കുവാനും ഒരേ പാനൽക്കാർ മത്സരിക്കുകയാണ്. ദുർന്നടപ്പ് ആചരിക്കുന്ന ഇസബേലിനെ സഭയിൽ വിളിച്ച് പ്രസംഗിപ്പിച്ച തുഥൈര സഭയുടെ അദ്ധ്യക്ഷനു താക്കീതു നല്കാൻ പരിശുദ്ധാത്മാവിനു യാതൊരു പ്രയാസമില്ലായിരുന്നു. ആകയാൽ നാം ജാഗ്രതപാലിച്ചേ മതിയാകു. പ്രസ്ഥാനങ്ങളിൽ നാം ഒന്നുമല്ലെങ്കിലും ദൈവത്തിന്റെ സഭയിൽ നാം സജീവമായിരിക്കണം.

കേഫാവ് കർത്താവിനെ ഒരിക്കൽ തള്ളിപ്പറഞ്ഞു നാം അതു ഇന്നും വലിയൊരു പ്രസംഗവിഷയമാക്കിയിരിക്കുന്നു. നാം നമ്മുടെ അവസ്ഥയെക്കുറിച്ചു മനസ്സിലാക്കിയിട്ടുണ്ടോ? പത്രോസ് ആത്മാർത്ഥമായി അനുതപിച്ചു. ഇതും പ്രസംഗ വിഷയമാക്കിയ നാം ഇനിയും എന്തുമാത്രം അനുതാപത്തിന്റെ ആഴത്തിലേക്കിറങ്ങണം.

കൈക്കീഴിൽ താണിരിക്കുന്നവരെ അനുഗ്രഹിക്കാമെന്നു പറഞ്ഞ ദൈവം അനുഗ്രഹത്തിനായി അനുതാപത്തോടെ അടുത്തു വരുന്നവരെ കാണുവാൻ ആഗ്രഹിക്കുന്നുണ്ടാകും. പലരുടെയും ഇന്നത്തെ നിലകൾ അനുതാപത്തിനോ ദൈവത്തോട് അടുത്തുവരുവാനോ അനുവദിക്കുന്നില്ല. എന്നാൽ ഏറിയമുതലിന്റെ അവകാശിയായിരിക്കുന്നവർ പന്നിയുടെ ആഹാരത്തിനായി ആർത്തിപൂണ്ട സംഭവം നമുക്കു അറിയാമല്ലോ, ആകയാൽ അനുതാപവും ഐക്യതയുമാണു നമുക്കു ആവശ്യം.

കെട്ടു വിട്ടകന്ന കൈകളിൽ പാനപാത്രം വന്നു ചേർന്നു എന്നു പറയുന്നതു ഒരു വലിയ അനുഗ്രഹമാണ്. എന്നാൽ അതു ഏറ്റുവാങ്ങുവാൻ കൈകൾ ദൈവസന്നിധിയിൽ എങ്ങനെയാണ്? കണക്കു തീർക്കുന്ന നാളിൽ നമ്മുടെ കരങ്ങൾ ബലപ്പെട്ടിരിക്കുമോ? സ്വനീതികരണത്തിനായി വാക്കുകൾ തപ്പാതെ കൈകൂലി വാങ്ങാതെ കൈ കുടഞ്ഞു കളഞ്ഞവനാണല്ലോ യോഗ്യൻ. ആകയാൽ കൈകളേയും ശുദ്ധമാക്കണം.

കോപവും ക്രോധവും ഉപേക്ഷിച്ചു ദൈവജനം ഒരുമനപ്പെടേണ്ട കാലമാണിത്. അല്ലെങ്കിൽ നാം ഒന്നാകേണമെന്നു പിതാവിനോട് അപേക്ഷിച്ച നമ്മുടെ കർത്താവിന്റെ ഹിതം നടക്കുകയില്ല. ദൈവഹിതം നാം നടത്തുന്നില്ലെങ്കിൽ പിന്നെ എങ്ങനെ നമുക്കു ദൈവമക്കൾ ആകുവാൻ സാധിക്കും! ദൈവമക്കൾ അല്ലെങ്കിൽ നമുക്കു ദൈവസന്നിധിയിൽ യാതൊരു അവകാശവും ഇല്ലല്ലോ?.

കൗശലം ഉപേക്ഷിച്ച് ആത്മാർത്ഥതയിലെക്കു നാം മടങ്ങിവരണം. ഇരുമനസ്സും മുഖസ്തുതിയും ദൈവത്തിനു ഇഷ്ടമല്ലല്ലോ ആകയാൽ നമ്മുടെ ഇടയിലെ ഗ്രൂപ്പുകൾ അവസാനിപ്പിക്കേണം. എല്ലാവരും കർത്താവിന്റെ പക്ഷത്തു വന്നു ചേർന്നേ മതിയാകൂ. ഇതുവരെയും ഓടിയതും ഒരു വോട്ടിനുവേണ്ടി വൃഥാവാക്കി കളയരുതെ. വെളിപ്പെടുവാനുള്ള തേജസ്സ് ആതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

കംബുകൻ എന്നും നിന്ദ്യനാണ്. എന്നാൽ ദൈവസന്നിധിയിൽ അനുതപിച്ചാൽ അവനെ പോലും ദൈവം അംഗീകരിക്കും. രക്ഷിക്കപ്പെടുന്നതു ഒരിക്കൽ ആണെങ്കിലും മാനസാന്തരം എപ്പോഴും നടക്കേണ്ടതാണല്ലോ. വെളിപ്പാട് പുസ്തകത്തിൽ കാണുന്ന സഭക്കുള്ള ദൂതുകളെ ശ്രദ്ധിച്ചാൽ അതു നമുക്കു വ്യക്തമാകും. ഇതു യഥാസ്ഥാനപ്പെടാനുള്ള സമയമാണ്. ഏതു നാഴികയിൽ കർത്താവ് വരുന്നു എന്നും നാം അറിയാത്തതിനാൽ സദാസമയവും ഒരുങ്ങിയിരുന്നെ മതിയാകൂ.

കത്തൃകാഹളധ്വനി കാതുകളിൽ കേൾക്കാനുള്ള കടശ്ശി നാളുകളിൽ കാത്തിരിക്കുന്ന കാന്ത കലശ്ശൽ അവസാനിപ്പിച്ചു കാപട്യം ഒഴിവാക്കി കനക കാമിനികുരുക്കുകളിൽ കയറിപിടിക്കാതെ കാന്തനെ കാത്തിരിക്കുന്നുവെങ്കിൽ സ്വന്തകണ്ണുകളാൽ കാണുവാൻ സാധിക്കും. ഒരു ചോദ്യം നമ്മുടെ നേരെയുണ്ട്. നിങ്ങളിൽ ശണ്ഠയും കലഹവും എവിടെ നിന്ന്? നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന ഭോഗേച്ഛകളിൽ നിന്നും അല്ലയോ? പാനപാത്രം പാണികളിൽ ഏന്തിയ പാതിരിമാർ സ്വയം ഒന്നു ചോദിക്കുമോ ഞാൻ അനുഗ്രഹിക്കുന്ന ഈ പാനപാത്രം യേശുക്രിസ്തുവിന്റെ രക്തത്തിന്റെ കൂട്ടായ്മയായി മാറുന്നുണ്ടോ? അതോ ഇതു പരിഭ്രമപാനപാത്രമാണോ?

## സ്റ്റേറ്റ് കൺവൻഷനും ലീഡർഷിപ്പ് സെമിനാറും

**തിരുവനന്തപുരം:** ഇറ്റാർസി കേന്ദ്രമായി പ്രവർത്തിക്കുന്ന ഫെലോഷിപ്പ് (FPCG) സഭകളുടെ കേരളാ സ്റ്റേറ്റ് കൺവൻഷനും ലീഡർഷിപ്പ് സെമിനാറും ഡിസംബർ 5,6 തീയതികളിൽ തിരുവനന്തപുരം വട്ടപ്പാറ വൈ.എം.സി.എ ഹാളിൽ വച്ച് നടന്നു. ചെയർമാൻ ഡോ. മാത്യു കെ. തോമസ് ഉദ്ഘാടനം ചെയ്തു. പ്രഫ. വി. ബാബു (USA), പാസ്റ്റർ വി.എ. തോമസുകുട്ടി (ബറോഡ), പാസ്റ്റർ റ്റി.കെ. ജോസഫ് (രാജ്ക്കോട്ട്), പാസ്റ്റർ ജെയിംസ് ചെറിയാൻ (മഹാരാഷ്ട്ര) എന്നിവർ പ്രസംഗിച്ചു.

ബൈബിൾ സ്റ്റഡി, പാസ്റ്റേഴ്സ് കോൺഫറൻസ്, ലീഡർഷിപ്പ് സെമിനാർ എന്നിവ നടന്നു. ഞായറാഴ്ച സംയുക്ത ആരാധനയോടും കർത്തൃമേശയോടും കൂടി സമാപിച്ചു. പാസ്റ്റർ പോൾ സെൽവരാജ്, പാസ്റ്റർ സാംകുട്ടി കെ.പോൾ എന്നിവർ നേതൃത്വം വഹിച്ചു.

## കൺവൻഷൻ



**നവിമുംബൈ:** നവിമുംബൈ പെന്തെക്കോസ്തൽ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നവംബർ 27,28,29 തീയതികളിൽ വാശി Alliance church ൽ കൺവൻഷൻ നടത്തപ്പെട്ടു. പാസ്റ്റർ ഷമീർ കൊല്ലം മൂന്നു ദിവസങ്ങളിൽ പ്രസംഗിച്ചു. ദൈവജനം ഉപദേശത്തിൽ നിൽക്കണം എന്നും ലോകത്ത് ഏതെല്ലാം മാറ്റങ്ങൾ വന്നാലും ദൈവവചനത്തിന് ഒരിക്കലും മാറ്റം വരികയില്ലെന്നും പ്രമാണത്തിൽ നിൽകുന്നവരെ ചേർക്കുവാൻ ആണ് കർത്താവു വരുന്നത് എന്നും ദൈവജനത്തെ ഉദ്ബോധിപ്പിച്ചു. വളരെ ആത്മീക സന്തോഷം കടന്നുവന്ന എല്ലാവരും അനുഭവിച്ചു. പാസ്റ്റർ പോൾ വർഗ്ഗീസിന്റെ നേതൃത്വത്തിൽ എൻ. എം. പി.എഫ് ക്വയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. നവി മുംബൈയിൽ ഉള്ള 55 സഭകളുടെ സഹകരണത്തിൽ ആണ് കൺവൻഷൻ നടത്തപ്പെട്ടത്. പാസ്റ്റർ യേശുദാസ് ബെന്നി, പാസ്റ്റർ റെജി തോമസ്, ബ്രദർ എം.വി.വർഗ്ഗീസ്, പാസ്റ്റർ എം.എം.വർഗ്ഗീസ്, പ്രഫ. സണ്ണി വർഗ്ഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.

## ഉപവാസ പ്രാർത്ഥന

**പെണ്ണുക്കര:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ഉപവാസ പ്രാർത്ഥന പെണ്ണുക്കര ചർച്ചിൽ നടന്നു. പാസ്റ്റർമാരായ ഷൈജു തോമസ് ഞാറയ്ക്കൽ വി. ജെ ജോൺസൻ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. സ്റ്റേറ്റ് കൗൺസിൽ ജോയിന്റെ സെക്രട്ടറി പാസ്റ്റർ ബാബു ചെറിയാൻ യോഗത്തിന് നേതൃത്വം നല്കി.

# നിത്യതയിൽ



**പാസ്റ്റർ പി. ജി. തോമസ്**

**കോന്നി:** ചർച്ച് ഓഫ് ഗോഡ് സീനിയർ ശുശ്രൂഷകൻ, ഊട്ടുപാറ പന്നാനിക്കുഴിയിൽ പാസ്റ്റർ പി. ജി. തോമസ് നിത്യതയിൽ. 1973ൽ ദൈവസഭ ശുശ്രൂഷകനായി ചുമതലയേറ്റു. കുടപ്പനമൂട്, വെള്ളക്കല്ല്, ഭരണിക്കാവ്, ഇളമ്പൽ കൊന്നപ്പാറ, മേപ്രാൽ, ഇട്ടിയപ്പാറ തുടങ്ങിയ സഭകളിൽ ശുശ്രൂഷകനായിരുന്നു. റാന്നി, ചിറ്റാർ ഡിസ്ട്രിക്ട് പാസ്റ്ററായി പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാരം ഊട്ടുപ്പാറ സഭാ സെമിത്തേരിയിൽ നടത്തി. ശുശ്രൂഷകൾക്ക് പാസ്റ്റർ തോമസ്കുട്ടി ഏബ്രഹാം, വിൽസൺ ജോയി എന്നിവർ നേതൃത്വം നൽകി. പാസ്റ്റർ പി. ജെ. ജെയിംസ് സംസ്കാര ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റേഴ്സ് പി. ജി. മാത്യൂസ്, എം. കുഞ്ഞപ്പി, പി. സി. ചെറിയാൻ തുടങ്ങിയവർ പ്രസംഗിച്ചു. ബിലീവേഴ്സ് ജേണലിനുവേണ്ടി ചീഫ് എഡിറ്റർ സാംകുട്ടി മാത്യു അനുശോചനം അറിയിച്ചു.

ഭാര്യ: സാറാമ്മ, മക്കൾ: പാസ്റ്റർ ബിജു തോമസ്, ബിജി ബ്ലസ്സൻ, ബിൻസി റ്റിജു, ബെറ്റ്സി. മരുമക്കൾ: മഞ്ചു ബിജു, പാസ്റ്റർ ബ്ലസ്സൻ, ടിജു.



**സ്കറിയ വറുഗീസ്(87)**

**ഇലന്തൂർ:** പാലനിൽക്കുന്നതിൽ സ്കറിയ വറുഗീസ്(87) നിത്യതയിൽ. സംസ്കാരം നടത്തി.

ഭാര്യ: അന്നമ്മ വറുഗീസ്, മക്കൾ: പാസ്റ്റർ തോമസ് വറുഗീസ് (യു.എസ്.എ), ലീലാമ്മ, ജോൺ വറുഗീസ് (ജാർഖണ്ഡ് ഡിവൈൻ മിഷൻ മിനിസ്ട്രി ഡയറക്ടർ), കുഞ്ഞുമോൾ, അച്ചൻകുഞ്ഞ് ഇലന്തൂർ (മരുപച്ച സമകാലിക പത്രിക, ചീഫ് എഡിറ്റർ), പാസ്റ്റർ അനിയൻ കുഞ്ഞ് വറുഗീസ്(ഐ.പി.സി, പാടിമൺ), മരുമക്കൾ: റോസമ്മ (യു.എസ്.എ), മത്തായി തോമസ്, സൂസൻ പാസ്റ്റർ ജോയി സാമുവേൽ (ഐ.പി.സി,ഹെബ്രോൻ നന്നുവക്കാട്), ജാൻസി, ഷൈനി, പരേതയായ ആനിയമ്മ



**ജോൺ ചാക്കോ**

തേപ്പുപാറ അയണിവിളയിൺ ജോൺ ചാക്കോ 64 കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം മണക്കാല സെമിത്തേരിയിൽ നടത്തി.

ഭാര്യ: മറിയാമ്മ ജോൺ, മകൻ: ജോബിൻ സി. ജോൺ, അബുദാബി., മരുമകൾ: ശോശാമ്മ ജോബിൻ,അബുദാബി



**തങ്കമ്മ ജോൺ (89)**

**കുമ്പനാട്:** ഐ.പി.സി കേരളാ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസിന്റെ ഭാര്യ മാതാവും റാന്നി നെടുന്തോട്ടത്തിൽ പരേതനായ എൻ.പി. ജോണിന്റെ ഭാര്യയുമായ തങ്കമ്മ ജോൺ (89) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഐ.പി.സി പേരൂർകട സഭയുടെ മലമുകൾ സെമിത്തേരിയിൽ നടത്തി.

മക്കൾ: കുഞ്ഞുമോൻ, ഓമന, ഗ്രേസി, സൂസി, മരുമക്കൾ: അമ്മിണി, പാസ്റ്റർ കെ.സി.തോമസ്, ജോൺ ബെഞ്ചമിൻ, കെ.റ്റി. തോമസ്.



**കെ.എസ്. രാജു (50)**

**മഞ്ഞാലി:** കാഞ്ഞിരിവിള പടിഞ്ഞാറ്റേതിൽ കെ. എസ്. രാജു (50) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭവനത്തിലെ ശുശ്രൂഷകൾക്കു ശേഷം ഐ.പി.സി എബനേസ്സർ മണ്ണടി സെമിത്തേരിയിൽ നടത്തി.

ഭാര്യ: റോസമ്മ. മക്കൾ: റോഷിൻ, റോബിൻ

# ഉപവാസപ്രാർത്ഥനയും ഉണർവ്വ് യോഗവും

**ചെന്നൈ:** ഐ.പി.സി. മഡിപ്പാക്കം എബനേസർ സഭയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 11 മുതൽ 31 വരെ ഉപവാസ പ്രാർത്ഥനയും ഉണർവ്വ് യോഗങ്ങളും സഭാഹാളിൽ നടക്കും. ഐ.പി.സി ചെന്നൈ മെട്രോ ഡിസ്ട്രിക്റ്റ് പാസ്റ്റർ രാജു.എം.ചെറിയാൻ ഉദ്ഘാടനം ചെയ്യും. ഈ യോഗങ്ങളിൽ പാസ്റ്റർമാരായ സാജൻ ജോയി, ജോൺസൺ പത്തനാപുരം, ബിജോ മാത്യു, ജോജി പി. ബെന്നി, ജിതിൻ മാവേലിക്കര, സിസ്റ്റർ അഞ്ജലി പോൾ എന്നിവർ പ്രസംഗിക്കും.

# ബൈബിൾ ക്ലാസ്

**കൊടുമൺ:** കൊടുമൺ ചർച്ച് ഓഫ് ഗോഡ് ഒരുക്കുന്ന ബൈബിൾ ക്ലാസ് ഡിസംബർ 29,30 തീയതികളിൽ സഭാഹാളിൽ നടക്കും. വേദാദ്ധ്യാപകനും പ്രഭാഷകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് "യേശു ക്രിസ്തുവിന്റെ പുനരാഗമനവും ആനുകാലിക സംഭവങ്ങളും" എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുക്കും. രാവിലെ 10 മുതൽ 12.30 വരെയും വൈകിട്ട് 6.30 മുതൽ 8.30 വരെയുമാണ് ക്ലാസ്. പാസ്റ്റർ ജോസ് ബേബി നേതൃത്വം നൽകും.

# വചന പ്രഘോഷണം

**വൈക്കം:** ഇരവിമംഗലം ഐ.പി.സി. പെനിയേൽ സഭയുടെ ആഭിമുഖ്യത്തിൽ ഉണർവ്വ് യോഗങ്ങൾ ഡിസംബർ 24,25,26 തീയതികളിൽ സഭാഹാളിൽവെച്ചു നടക്കും. പാസ്റ്റർമാരായ ജോയ്സി മാത്യു, ജെയ്സ് പാണ്ടനാട്, രാജു ആനിക്കാട് എന്നിവർ പ്രസംഗിക്കും. പാസ്റ്റർ എം.എ. എബനേസർ നേതൃത്വം നൽകും.

# ഖണ്ഡന പ്രസംഗം

**കോട്ടയം:** പാറക്കുളം ചർച്ച് ഓഫ് ഗോഡ് സഭയുടെ നേതൃത്വത്തിൽ നവംബർ 22, 29, ഡിസംബർ 6 എന്നീ ഞായറാഴ്ചകളിൽ രാവിലെ 11 മുതൽ ഖണ്ഡന പ്രസംഗം സഭാഹാളിൽവച്ച് നടക്കും. *"ന്യൂ ജനറേഷൻ പ്രവണതകൾ- പ്രതിസന്ധിയും പ്രതിരോധവും"* എന്നീ വിഷയത്തെ അധികരിച്ച് വേദാദ്ധ്യാപകനും പ്രഭാഷകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് പ്രഭാഷണം നടത്തും. പാസ്റ്റർ കെ. എ.ജെയ്മോൻ നേതൃത്വം നൽകും.

# സുവിശേഷ വിളംബര യാത്ര

**ചേർത്തല:** ചേർത്തല യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് ക്രമീകരിക്കുന്ന സുവിശേഷ വിളംബരയാത്ര ഡിസംബർ 22,23 തീയതികളിൽ നടക്കും. പാസ്റ്റർമാരായ അജി ആന്റണി, ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിക്കും. ചേർത്തലയിൽനിന്നും ആരംഭിക്കുന്നവ വിളംബര യാത്ര അഴീക്കലിൽ സമാപിക്കും. പാസ്റ്റർമാരായ ജെയിംസ്, ബൈജുമോൻ, ഇവാ. ഐസക്ക് എന്നിവർ നേതൃത്വം നൽകും.

# കൺവൻഷൻ

**തിരുവനന്തപുരം:** കാഞ്ഞിരംകുളം ഐ.പി.സി. ബെഥേസ്ദാ സഭയുടെ കൺവൻഷൻ നവംബർ 23,24,25 തീയതികളിൽ ജവഹർ സെൻട്രൽ സ്കൂൾ ഗ്രൗണ്ടിൽവെച്ച് നടന്നു. പാസ്റ്റർമാരായ ജെയ്സ് പാണ്ടനാട്, എൻ. പീറ്റർ, അനീഷ് കൊല്ലം എന്നിവർ പ്രസംഗിച്ചു. ബെഥേസ്ദാ വോയ്സ് ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർ എം.ജെ. ഷാജി നേതൃത്വം നൽകി.

**മൈസൂർ:** ഐ.പി.സി മൈസൂർ സെന്റർ വാർഷിക കൺവൻഷൻ ഡിസംബർ 1, 2, 3 തീയതികളിൽ സബർബൻ ബസ് സ്റ്റാൻഡിനു സമീപമുള്ള വെസ്ലി ഗിൽഡ് ഹാളിൽവച്ച് നടന്നു. വേദാദ്ധ്യാപകനും പ്രഭാഷകനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യപ്രഭാഷകനായിരുന്നു. ബൈബിൾ സ്റ്റഡി, യുവജന -വനിതാസമ്മേളനം എന്നിവ ഉണ്ടായിരിക്കും. സെന്റർ ക്വയർ ഗാനങ്ങളാലപിച്ചു.

**പരുത്തുംപാറ:** ഗന്നേസരേത്ത് ഗോസ്പൽ ടീം ഒരുക്കുന്ന 30-മത് പരുത്തുംപാറ കൺവൻഷൻ ഡിസംബർ 1 മുതൽ 5വരെ പരുത്തുംപാറ ദൈവസഭാ മൈതാനത്തുവച്ച് നടന്നു. പാസ്റ്റർമാരായ കെ.സി ജോൺ (നെടുമ്പ്രം) കെ.ജെ. തോമസ് (കുമളി), എബി ഐരൂർ, ജെയ്സ് പാണ്ടനാട്, ഷമീർ (കൊല്ലം) എന്നിവർ പ്രസംഗിച്ചു. കൃപാ ഇൻഡ്യ വിഷൻ ഗാനങ്ങളാലപിച്ചു.

**മാന്നാർ:** നിരണം യൂണിയൻ പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ 12-ാമത് ജനറൽ കൺവൻഷൻ കാരിച്ചാൽ കാഞ്ഞിരത്തിൻമൂട്ടിൽ ബെഥേൽ ഗ്രൗണ്ടിൽവെച്ച് നവംബർ 26 മുതൽ 29 വരെ നടന്നു. ഐ.പി. സി. ആലപ്പുഴ ഈസ്റ്റ് സെന്റർ മിനിസ്റ്റർ പാസ്റ്റർ എം.വി. വർഗീസ് ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ രാജു ആനിക്കാട്, അജി ആന്റണി, ജെയ്സ് പാണ്ടനാട്, സിസ്റ്റർ ഷീലാ ദാസ് എന്നിവർ പ്രസംഗിച്ചു. സയോൺ സിംഗേഴ്സ് ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർമാരായ കെ.റ്റി. ഉമ്മൻ, ബിനോയ് മാത്യു, തോമസ് വർഗീസ് എന്നിവർ നേതൃത്വം നൽകി.

# സെന്റർ കൺവൻഷൻ

**കോലഞ്ചേരി:** ഐ.പി.സി വാളകം സെന്റർ 87-മത് കൺവൻഷൻ വാളകം ഹെബ്രോൻ ഗ്രൗണ്ടിൽ 2016 ജനുവരി 5 ചൊവ്വ മുതൽ 10 ഞായർ വരെ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടത്തപ്പെടും. പാസ്റ്റർമാരായ സണ്ണി കുര്യൻ വാളകം, വത്സൻ ഏബ്രഹാം, വിൽസൺ ജോസഫ്, തോമസ് ഫിലിപ്പ്, വർഗീസ് എബ്രഹാം, രാജു ആനിക്കാട്, റ്റോമി ജോസഫ് (യു.എസ്.എ) എന്നിവർ പ്രസംഗിക്കും. ഗാനശുശ്രൂഷയ്ക്ക് സെന്റർ ക്വയർ നേതൃത്വം വഹിക്കും. ബുധൻ, വ്യാഴം, ശനി ദിവസങ്ങളിൽ ഹെബ്രോൻ ഹാളിൽ 10 മണി മുതൽ 1മണി വരെ പകൽ യോഗങ്ങൾ ഉണ്ടായിരിക്കും. വെള്ളിയാഴ്ച രാവിലെ 9 മുതൽ സോദരീസമാജം വാർഷികവും, ശനിയാഴ്ച രാവിലെ 8.30-ന് സ്നാനശുശ്രൂഷയും വൈകിട്ട് 3-ന് സണ്ടേസ്കൂൾ & പി.വൈ.പി.എ സംയുക്ത വാർഷികവും നടത്തപ്പെടും. ഞായർ രാവിലെ 9 മണിയോടെ സംയുക്ത ആരാധനയും കർത്തൃമേശയും ആരംഭിക്കും. തുടർന്ന് നടക്കുന്ന പൊതുയോഗത്തോടെ സെന്റർ കൺവൻഷൻ സമാപിക്കുമെന്ന് പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ബിജു വി.തോമസ് അറിയിച്ചു.

**പുതുപ്പള്ളി:** ഐ.പി.സി. പുതുപ്പള്ളി സെന്റർ 27-ാമത് കൺവൻഷൻ 2015 ഡിസംബർ 9 ബുധൻ മുതൽ 13 ഞായർ വരെ മാങ്ങാനം മന്ദിരം ആശുപത്രി ജംഗ്ഷനിൽ ചക്കിട്ടുതറ ഗ്രൗണ്ടിൽ നടക്കുന്നതാണ്. രാത്രിതോറും പൊതുയോഗങ്ങൾ, പകൽ സഹോദരിസമ്മേളനം, ഉപവാസ പ്രാർത്ഥന, വാർഷിക മാസയോഗം,സണ്ടേസ്ക്കൂൾ - പി.വൈ.പി.എ വാർഷികം, സംയുക്ത സഭായോഗം എന്നിവ ഉണ്ടായിരിക്കും. വിവിധ യോഗങ്ങളിൽ പാസ്റ്റർമാരായ പി.ഏ.മാത്യു, സാം ജോർജ് , ബാബുചെറിയാൻ, വറുഗീസ് ഏബ്രഹാം, ബി. മോനച്ചൻ, ഷമീർ കൊല്ലം, ബ്രദർ സാം സ്കറിയ, സിസ്റ്റർ അന്നമ്മ വറുഗീസ് എന്നിവർ ശുശ്രൂഷിക്കുന്നതാണ്. ബേർശേബ വോയ്സ്(കോട്ടയം) സംഗീതത്തിന് നേതൃത്വം നല്കുന്നതായിരിക്കും.പാസ്റ്റർമാരായ സാജു ജോസഫ്, കെ.കെ.സ്കറിയ എന്നിവർ കൺവീനർമാരായി പ്രവർത്തിക്കുന്നു.

# ഭാരവാഹികൾ

**തിരുവല്ല:** പി. സി. ഐ. തിരുവല്ല മേഖലാ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ പി.എം.സാമുവേൽ (പ്രസിഡന്റ്), പാസ്റ്റർമാരായ സാം പി.ജോസഫ്, ഷിബു കെ. മാത്യു, സോവി മാത്യു, കെ.ഐ. ജോൺ (വൈസ് പ്രസിഡന്റുമാർ), പാസ്റ്റർ സാം ഫിലിപ്പ് (സെക്രട്ടറി), ബ്രദർ ആൻഡ്രൂസ് ചെറിയാൻ (ട്രഷറാർ), മാത്യു പാലത്തുങ്കൽ (മീഡിയാ കൺവീനർ), പാസ്റ്റർ റ്റി.സി.ഫിലിപ്പ് (പ്രയർ കൺവീനർ), പാസ്റ്റർമാരായ സാബു റ്റി. ചാണ്ടി, സഖറിയാ ജോസഫ്, ബ്രദർ അജു അലക്സ്, അലക്സ് വൈദ്യൻ (ജോയിന്റ് സെക്രട്ടറിമാർ).


## കുമ്പനാട്ട് വസ്തു വില്പനക്ക്

കുമ്പനാട് ജംഗ്ഷനിൽ നിന്നും 1 കിലോമീറ്റർ ദൂരത്തിനുള്ളിൽ (നാഷണൽ ക്ലബിനു സമീപം) 91 സെന്റ് സ്ഥലം മൊത്തമായി വില്പനയ്ക്ക്. പ്ലോട്ടുകളായി തിരിക്കാവുന്ന ഭൂമി. NRI ക്ക് മുൻഗണന.

**ബന്ധപ്പെടുക. 9447368795**



## വിടുതൽ ശുശ്രൂഷ തിരുവല്ലയിൽ

പാസ്റ്റർ റ്റി. എം. മാമ്മച്ചൻ നേതൃത്വം നൽകുന്ന വിടുതൽ ശുശ്രൂഷ എല്ലാ വെള്ളിയാഴ്ചയും രാവിലെ 10 മുതൽ 1 മണി വരെ തിരുവല്ല ടൗൺ ചർച്ച് ഓഫ് ഗോഡ് ഹാളിൽ നടക്കുന്നു. ദൈവവചന ശുശ്രൂഷാ കേൾവിയിലൂടെ വിടുതൽ സംഭവിക്കുന്നു. ഓരോരുത്തരുടെയും വിഷയങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുന്നു.

കടന്നു വന്നു അനുഗ്രഹം പ്രാപിക്കുവീൻ.

സ്ഥലം: റ്റി. കെ. റോഡ് റെയിൽവേ ഓവർ ബ്രിഡ്ജ്, തിരുവല്ല



ഫോൺ: 9447867749 / 9747994276

ധ്യാനം

# രണ്ടു വഴികാട്ടിയും; യൂദയും യോഹന്നാനും!!



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

ലോകചരിത്രത്തിലെ നിർണ്ണായകമായ രണ്ടു സംഭവങ്ങൾ ആണ് കാലത്തിന്റെ തികവിങ്കൽ ജഡവതാരമെടുത്തു മനുകുലപാപ പരിഹാരം ലക്ഷ്യമാക്കിയുള്ള യേശുവിന്റെ പ്രഥമ പ്രത്യക്ഷതയും അതിനനന്തരം സംഭവിച്ച അവിടുത്തെ കാൽവറി മരണവും. ഇതിനിടയിൽ ഉള്ള മൂന്നര കൊല്ലത്തെ യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിലും അവസാനത്തിലും നിലകൊണ്ട രണ്ടു വ്യക്തികളെ കുറിച്ചുള്ള ഒരു അവലോകനം നമുക്ക് ഗുണം ചെയ്യും. രണ്ടു പേരുടെയും പ്രവർത്തി വഴിക്കാട്ടുക എന്നതായിരുന്നു. എങ്കിലും രണ്ടു ലക്ഷ്യങ്ങൾ ആയിരുന്നു ഇരുവരെയും വ്യത്യസ്തരാക്കിയത്. ഏത് മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് രംഗപ്രവേശനം ചെയ്യുന്ന സമയം യെഹൂദ മരുക്കാടുകളെ നടുക്കികൊണ്ട് നീണ്ട നൂറ്റാണ്ടുകളായി ഇരുൾ വ്യാപരിച്ചിരുന്ന വഴിയിലൂടെ മാനസാന്തരത്തിന്റെ ശബ്ദമുയർത്തി ഒരുവൻ വഴിയൊരുക്കി കടന്നു വന്നു!! നീ ആർ എന്ന പുരോഹിതന്മാരുടെയും ലേവ്യരുടെയും ചോദ്യത്തിന്, പ്രവാചകൻ യെശയ്യാവ് അരുളി ചെയ്ത "കർത്താവിന്റെ വഴി നേരെ ആക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം" ഞാൻ ആകുന്നു അവരുടെ അന്വേഷണത്തിന് മറുപടികൊടുത്ത സ്നാപക യോഹന്നാൻ!! മഹാരാജാവിന്റെ ആഗമനത്തിനു കളമൊരുക്കി എന്റെ പിന്നാലെ ഒരുവൻ വരുന്നുണ്ട് എന്ന് വിളംബരം ചെയ്തു കൊണ്ട് യേശുക്രിസ്തുവിനു മുന്നിൽ ഗമിച്ചു സ്നാപക യോഹന്നാൻ!! എന്നാൽ മറ്റൊരുവൻ ശിഷ്യ വൃന്ദത്തിൽ ഇടം നേടി യേശുവിനെ അനുഗമിച്ചെങ്കിലും സകല മൂല്യങ്ങളെയും കാറ്റിൽ പറത്തി വാളും വടിയുമേന്തിയ വൻ സംഘത്തിന് ക്രിസ്തുവിന്റെ അടുക്കലെത്താൻ വഴിക്കാട്ടിയായി മാറി!! മുപ്പതാമത്തെ വയസ്സിൽ യേശുവിനെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായി യോഹന്നാൻ അവർക്ക് കാണിച്ചു കൊടുത്തപ്പോൾ, യൂദാ എന്ന അഭിനയ ശിഷ്യൻ മൂന്നര കൊല്ലങ്ങളിലും മഹാപുരോഹിതന്മാർക്കും പടനായകന്മാർക്കും അവനെ കാണിച്ചു കൊടുത്തതിന്റെ ലക്ഷ്യം മറ്റൊന്നായിരുന്നു. കനത്ത യാഗശിഷ്ടവും പുരോഹിത വേഷവും ഉപേക്ഷിച്ച പ്രതിഫലേച്ച കൂടാതെ ഒരു നിയോഗം പോലെ യോഹന്നാൻ യേശുവിനു വഴികാട്ടിയായി മാതൃക കാണിച്ചപ്പോൾ, പുരോഹിത പ്രമുഖന്മാർ നല്കിയ മുപ്പതു വെള്ളിക്കാശിന്റെ മുകളിൽ ശത്രു സംഘത്തിനു യേശുവിനെ ഒറ്റികൊടുത്ത യൂദ വഞ്ചനയുടെ വഴികാട്ടിയായി നമുക്ക് മുന്നിൽ നില്കുന്നു!! (അ.പ്രവ:1:16). ഇവിടെ തെളിഞ്ഞു വരുന്ന ഒരു ചരിത്രസത്യം - അഭിനയമികവു കൊണ്ട് ഏറിയാൽ മൂന്നരകൊല്ലങ്ങൾ പിടിച്ചു നിൽക്കാമെങ്കിലും എന്നെന്നേക്കുമായി ശിഷ്യത്വത്തിൽ തുടരാൻ കഴിയുകയില്ല എന്നതാണ്.!!

യേശുവിലേക്ക് ജനത്തെ നയിക്കുക അല്ലെങ്കിൽ അവന്റെ അടുക്കലേക്ക് ജനത്തിനു വഴികാട്ടുക എന്നതാണ് നമ്മിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം. ആ ദൗത്യത്തിൽ നിന്നും നാം പിൻവലിഞ്ഞു മറ്റു പലതിനെയും നാം യേശുവിനെ പ്രയോജനപ്പെടുത്തുകയോ മറ്റുള്ളവർക്ക് മുൻപിൽ അവനെ അവതരിപ്പിക്കുകയോ ചെയ്യുമ്പോൾ നാം ലക്ഷ്യത്തിൽ നിന്നും ഗതി മാറി സഞ്ചരിക്കുകയാണ്. യോഹന്നാന്, യേശു ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായിരുന്നു. യേശുവിലൂടെ ജനത്തിനു ലഭിക്കുന്ന മഹത്തായ രക്ഷ എന്നതിൽ കവിഞ്ഞതൊന്നും അവനെ സ്വാധീനിച്ചിരുന്നില്ല. അതുകൊണ്ട് തന്നെ യേശുവിനു മുൻപിൽ വഴി ഒരുക്കി താൻ മുന്നേറുമ്പോൾ ക്രിസ്തുവേശു എന്ന കേന്ദ്ര ബിന്ദുവിൽ നിന്നും താൻ അകലുന്നതെയില്ല!!. യോഹന്നാനെ ജനം ക്രിസ്തുവിനെപോലെ കാണുവാൻ തുടങ്ങിയ സമയം "ഞാൻ ക്രിസ്തുവല്ല" എന്ന് അവരോടു തീർത്തു പറയുമ്പോൾ തന്റെ വഴികാട്ടൽ ശുശ്രൂഷയ്ക്ക് പിന്നിൽ നിഗൂഢ ലക്ഷ്യങ്ങൾ ഒന്നുമില്ലെന്ന് പരസ്യമായി പ്രസ്ഥാവിക്കുകയായിരുന്നു. യൂദയും മറ്റിതര ശിഷ്യന്മാരെ പോലെ ആരംഭിച്ചു എങ്കിലും ഗമന വഴികളിലെ പ്രലോഭനങ്ങളിലും പൈശാചിക സമ്മർദ്ധങ്ങളിലും കാലിടറി പിന്നീട് ദൈവപുത്രനെ ചവിട്ടികളഞ്ഞു കൃപയുടെ ആത്മാവിനെ അവഗണിച്ച് തന്നെ വിശുദ്ധീകരിച്ച രക്തത്തെ മലിനമെന്നെണ്ണി ഏറ്റവും ഹീനമായ ഒരു അന്ത്യത്തിനുടമയായി!!.

യോഹന്നാനും യൂദയും രണ്ടാശയങ്ങളുടെ വക്താക്കൾ ആയി വേണമെങ്കിൽ നിർവ്വചിക്കാം. നാം ഏത് ആശയത്തെ പ്രതിനിധീകരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. തിരുവചനം നമ്മെ കുറിച്ച് അഭിപ്രായം രേഖപ്പെടുത്തുന്നത്. യോഹന്നാനും യൂദയും രണ്ടു വഴികാട്ടികൾ ആയിരുന്നു!! യേശുവിനെ ഉയർത്തി മാനസാന്തരസന്ദേശം അറിയിക്കുന്ന യോഹന്നാൻ ഒരുവശത്തും ശിഷ്യത്വത്തെ വികലമാക്കി യേശുവിനെ പണസഞ്ചി നിറക്കാനുള്ള മാർഗ്ഗമാക്കിയ യൂദ മറുവശത്തും!! ജനത്തെ ക്രിസ്തുവിനു പരിചയപ്പെടുത്തുന്ന യോഹന്നാന്റെ വഴിക്കാട്ടൽ ശുശ്രൂഷയും യേശുവിനെ പിടിച്ചു കെട്ടാൻ വന്ന ശത്രു സംഘത്തിനു മുൻഗമിച്ച യൂദായുടെ വഴിക്കാട്ടലും നല്കുന്നത് രണ്ടു സന്ദേശങ്ങൾ ആണ്!! യേശുക്രിസ്തു എന്ന ലോകരക്ഷിതാവിലൂടെ സൗജന്യമായി ലഭ്യമാകുന്ന പാപമോചനം പ്രസംഗ വിഷയമാക്കിയ യോഹന്നാനും യേശുക്രിസ്തുവിനെ വെള്ളിക്കാശു നേടാനായി ഉപയോഗിക്കുന്ന സമൃദ്ധി ശാസ്ത്രത്തിന്റെ തുടക്കക്കാരനുമായ യൂദയും!! ഇന്ന് പരക്കെ കാണുന്ന വൈരുദ്ധ്യം, യോഹന്നാന്റെ ആശയത്തിൽ തുടങ്ങുകയും പുരോഗമന വഴികളിൽ സംഭവിക്കുന്ന പ്രലോഭനങ്ങൾ നിമിത്തമോ ഇടർച്ചകൾ നിമിത്തമോ യൂദയായി അവസാനിക്കുന്ന ദുരന്തം!! രണ്ടാശയങ്ങളെ പ്രതിനിധീകരിക്കുന്ന ഇവരെ കുറിച്ചുള്ള തിരുവചനാഭിപ്രായങ്ങൾ വ്യത്യസ്തമാണ്. "സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല" എന്ന ദൈവാഭിപ്രായം സ്നാപക യോഹന്നാനെക്കാൾ രേഖപ്പെടുത്തിയിരിക്കുമ്പോൾ "അവന്റെ വാസസ്ഥലം ശൂന്യമായി പോകട്ടെ" എന്നാണു യൂദായെകുറിച്ചുള്ള പരാമർശം!! നമ്മെ കുറിച്ചുള്ള ദൈവാഭിപ്രായം നാം എന്തിനെ പിൻഗമിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടിരിക്കും!! ഇവിടെയാണ് യോഹന്നാനിൽ തുടങ്ങി യൂദയിൽ അവസാനിക്കുകയോ? എന്ന ചോദ്യത്തിന്റെ പ്രസക്തി!!

ലേഖനം

# സ്വന്തം എരിവിൽ ആക്രമിക്കുന്നുവോ? ജനറേഷൻ ഏതായാലും ശുശ്രൂഷകർ മനുഷ്യരല്ലേ?



ചെറിയാൻ കെ. വി.

ഒരിക്കൽ എന്റെ ഒരു സുഹൃത്ത് തന്റെ ബാല്യകാല അനുഭവങ്ങൾ എന്നോടു പങ്ക് വെയ്ക്കുകയുണ്ടായി. അങ്ങനെ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ തന്റെ ബാല്യത്തിൽ പിതാവുമൊത്തു വേട്ടക്കു പോകുന്ന കാര്യങ്ങൾ പറയുവാൻ ഇടയായി. അപ്പോൾ ഞാൻ ചോദിച്ചു "താങ്കൾ സാധാരണയായി എന്തിനെയാണ് വേട്ടയാടിയത്?". ഓരോന്നിനെയും പിടിക്കുവാൻ പ്രത്യേക സമയം സർക്കാർ നിശ്ചയിച്ചിട്ടുള്ളതിനാൽ മുയൽ, അണ്ണാൻ, ടർക്കി കോഴി, മാൻ ഇവയിൽ ഏതാണ് വേട്ടയാടിയത് എന്നാണ് ഞാൻ ചോദ്യം കൊണ്ട് ഉദ്ദേശിച്ചത്. എന്നാൽ മറുപടി ഞാൻ പ്രതീക്ഷിക്കാത്ത ഒന്നായിരുന്നു. മുയലെന്നോ മാനെന്നോ വ്യത്യാസമില്ലാതെ കണ്ണിൽക്കാണുന്ന എന്തിനെയും ഏതിനെയും താൻ വെടിവെയ്ക്കുമായിരുന്നു. ഒന്നും കണ്ടില്ലെങ്കിൽ പന്നിയെലിയെ പോലും. അതിനു കാരണം ആ കാലങ്ങളിൽ (അമേരിക്ക) രൂക്ഷമായ ദാരിദ്രത്തിലായിരുന്നു.

അതുപോലെ ആശയ ദാരിദ്രം കാരണമായോ, ധന, സ്ഥാനം, മാനം എന്നിവക്കുവേണ്ടിയോ എന്തും ഏതും വിമർശന വിധേയമാക്കി ഷെയർ ചെയ്തും, ലൈക്ക് ചെയ്തും ന്യൂസ് ആക്കി മാറ്റരുത്. ഈ വിഷയം നമുക്കു വ്യക്തമാകാനായി മാത്രം ചില ഉദാഹരണങ്ങൾ താഴെ രേഖപ്പെടുത്തുന്നു. ഇവ ഞാൻ വളരെ ബഹുമാനിക്കുന്ന ദൈവദാസന്മാർ അവരുടെ പ്രസംഗത്തിൽ പറഞ്ഞ തെറ്റുകളാണ് (ആ വചനത്തെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടു ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്നു)

1. മോശെ നദിയിലുള്ള വെള്ളത്തിൽ അടിച്ചു; നദിയിലുള്ള വെള്ളം ഒക്കെയും രക്തമായി തീർന്നു. ഇതിന്റെ വ്യാഖ്യാനം ഇങ്ങനെ പോകുന്നു. നൈൽ നദി കുടിച്ച എബ്രായ കുഞ്ഞുങ്ങളുടെ രക്തം നദി ശർദ്ദിച്ചു. (ഒരിക്കൽ മിസ്രയീമ്യർ രക്തം ദാഹം തീർക്കുവനായി നൈൽ നദി ദുരുപയോഗം ചെയ്തു. ദൈവീക ന്യായ വിധി രക്തമാക്കി; ഇന്നു മിസ്രയീമ്യർ മുഴുവനും വെള്ളത്തിനായി ദാഹിക്കുന്നു. ദൈവീക നന്മകൾ ദുരുപയോഗം ചെയ്യരുതു എന്ന സത്യം നാം മറക്കരുത്).

2. യോഹന്നാൻ സ്നാപകനെ ഹെരോദാവു തടവിൽ ആക്കിയതു എന്തുകൊണ്ട്. ഇതിന്റെ വ്യാഖ്യാനം, യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷ തീർന്നു പോയതു കൊണ്ടു അവൻ ഹെരോദാവിന്റെ അടുക്കളക്കാര്യം അന്വേഷിച്ചു. അതിനാൽ അവൻ തടവിലാക്കപ്പെട്ടു. (സത്യം വിളിച്ചു പറയുന്നതും അതിനുള്ള വില കൊടുക്കേണ്ടി വരുന്നതും ദൈവീക ശുശ്രൂഷയുടെ ഭാഗമാണ്).

3. മോശെ കൂടാരം എടുത്തു പാളയത്തിനു പുറത്തു പാളയത്തിൽ നിന്നു ദൂരത്തു അടിച്ചു. ഇതിന്റെ വിവരണം ഇത്രയും പ്രായമുള്ള മോശെ കൂടാരം ചുമന്നു കൊണ്ടു പോകുന്ന ആ നല്ല സ്വഭാവം ഉത്തമ മാതൃകയാക്കേണം(കെഹാത്യർ എന്ന വാക്ക് പ്രസംഗകൻ കേട്ടിട്ടെയില്ല).

4. അടുത്തത് ഒരു ഗോപുരം പണിയാണ്. ലൂക്കോസ്14:28 നിങ്ങളിൽ ആരെങ്കിലും ഒരു ഗോപുരം പണിവാൻ ഇച്ഛിച്ചാൽ ആദ്യം ഇരുന്നു അത് തീർപ്പാൻ വകയുണ്ടോ എന്നു കണക്കു നോക്കുന്നില്ലയോ? വിവരണം ഇങ്ങനെ (അതിർ ലംഘിച്ചു) പോയി. ഗോപുരവും വീടും തമ്മിൽ 3 സാമ്യവും 5 വ്യത്യാസവും. 3 സാമ്യങ്ങൾ - വീടും ഗോപുരവും ഒരേ വസ്തുക്കൾ ഉപയോഗിച്ചു, ഒരേ ടൂൾസ് കൊണ്ടു, ഒരേ മേസ്തിരി പണിയുന്നു.

5. വ്യത്യാസങ്ങൾ - വീടുകൾ ധാരാളം, ഗോപുരം ചുരുക്കം,. ആത്മീയ അർത്ഥം, യഥാർത്ഥ വിശ്വാസികൾ ചുരുക്കം. വീട് പണിയാൻ ചിലവ് കുറവ്, ഗോപുരം പണിയാൻ ചിലവു കൂടുതൽ. ആത്മീയ അർത്ഥം, ക്രിസ്തീയ ജീവിതത്തിനു ചെലവ് കൂടുതൽ.

വീടിനു ഉയരം കുറവ്, ഗോപുരത്തിന് കൂടുതൽ ആത്മീയ അർത്ഥം. ക്രിസ്തീയ ജീവിതം ഉയരത്തിലുള്ളതു ചിന്തിക്കുമാറാക്കുന്നു. വീടിനു പല ഉപയോഗം, ഗോപുരത്തിനു ഒറ്റ ഉപയോഗം. വീടിന്റെ പണി മുഴുവൻ തീർന്നില്ലെങ്കിലും ഉപയോഗിക്കാം. ഗോപുരം പണി പൂർത്തിയായില്ലെങ്കിൽ ഒന്നിനും കൊള്ളില്ല. ആത്മീയ അർത്ഥം നാം സ്വർഗ്ഗത്തിൽ എത്തിച്ചേർന്നില്ലെങ്കിൽ പിന്നെ ക്രിസ്തീയ ജീവിതം വ്യർത്ഥം(ശിഷ്യനാകുവാൻ ഗൗരവമായി ആഗ്രഹിക്കുന്നവർ അതിനുള്ള വില മുടക്കുവാൻ കഴിവുണ്ടോ എന്നുള്ളതും ചിന്തിക്കുന്നു. ആ വില എന്താണെന്നു കർത്താവിൽ വിശ്വസ്ത സാക്ഷികളായിരുന്ന വില്ല്യംകേറിയുടെയും സാധു സുന്ദർ സിങ്ങിന്റെയും ചരിത്രം പഠിച്ചാൽ മനസ്സിലാകും.)

ദൈവ വചന ശുശ്രൂഷയുടെ ഉദ്ദേശം മനസ്സിലാക്കാതെ ഡ്രൈവറും കണ്ടക്ടറും മാത്രമായി അതിവേഗത്തിൽ പോകുന്ന സർക്കാർ ബസ്സുകൾ പോലെ വെറുതെ അന്തരീക്ഷം പ്രകമ്പനം കൊള്ളിക്കുന്ന പ്രസംഗകരും കുറവല്ല. വഴിയിൽ യാത്രക്കാർ ഉണ്ടെങ്കിലും ഈ ബസ്സിൽ ആർക്കും കയറാനോ ഇറങ്ങാനോ വേണ്ടി ഒന്നു നിറുത്തണം എന്ന ആഗ്രഹം അവർക്കുണ്ടോ എന്നും സംശയമാണ്. ഈ പ്രകമ്പനത്തെക്കാൾ നല്ലത് ഈ ചെറിയ തെറ്റുകൾ പറയുന്നവർ തന്നെ. അതുകൊണ്ടു എനിക്കു അവരോടുള്ള ബഹുമാനം അല്പവും കുറഞ്ഞിട്ടില്ല. ഇന്നും ഞാൻ അവരുടെ പ്രസംഗങ്ങൾ വളരെ സന്തോഷത്തോടെ ശ്രവിക്കുന്നു. ഒരാളുടെ ശുശ്രൂഷയിൽ പ്രത്യേകിച്ചു പ്രസംഗത്തിൽ തെറ്റു വരുന്നതു സർവ്വസാധാരണം. അതിനു കാരണം അവരുടെ വിദ്യാഭ്യാസത്തിന്റെ പരിമിതിയോ, പലവിധ ജീവിത സമ്മർദ്ധങ്ങളാലുള്ള ഏകാഗ്രതക്കുറവോ മുതലായ പലവിധ കാരണങ്ങളാലോകാം. ഒരു പക്ഷേ എന്തെങ്കിലും ഒരു തെറ്റ് പറഞ്ഞാലും അവർ ജീവിതത്തിന്റെ നല്ല പങ്കും കർത്താവിനു വേണ്ടി വിശ്വസ്തതയോടെ അധ്വാനിച്ചവരാണ് എന്നു നമുക്ക് മറക്കുവാൻ പറ്റുമോ?.

ഇത്രയും കാര്യങ്ങൾ രേഖപ്പെടുത്തിയതിന്റെ ഉദ്ദേശം ഏതു പ്രസംഗകനും, ഏതു പ്രസംഗത്തിലും തെറ്റ് വരാം. ഒറ്റ തെറ്റിന്റെ അടിസ്ഥാനത്തിൽ നാം അവരെ ഒരിക്കലും സ്വന്ത എരിവിൽ വിമർശിക്കാതാരിക്കുന്നതാണ് യോഗ്യം. എന്നാൽ അതിനു കഴിയാതെ പോയ രാജാവായിരുന്നു ശൗൽ. യിസ്രായേലുമായി ഉടമ്പടി ചെയ്തിരുന്ന ഗിബെയോന്യരെ കൊന്നൊടുക്കിയതു ദൈവം കല്പിച്ചിട്ടല്ല പ്രത്യുത രാജ്യത്തിനു വേണ്ടിയുള്ള സ്വന്ത എരിവിൽ ആയിരുന്നു. കാലാന്തരത്തിൽ അതിനു കൊടുക്കേണ്ടി വന്ന വലിയ വില തന്റെ ഏഴുമക്കൾ തന്നെ (2ശമു: 21) ഇതിൽ നിന്നും നാം പഠിക്കേണ്ട വചനസത്യം.

എന്നാൽ കൂടെ നിൽക്കുന്നവർ സ്വന്ത എരിവിൽ നീങ്ങുന്നതു കണ്ടപ്പോൾ പെട്ടന്ന് അതു വിലക്കിയ ബുദ്ധിമാന്മാർ വചനതിലുണ്ട്. മോശെയാണ് അവരിൽ പ്രഥമ വ്യക്തി. മീറ്റിംഗിനു വരാത്ത രണ്ടു പേരുടെ പ്രവചനത്തെ വിലക്കുവാൻ ആവശ്യപ്പെട്ട ബാല്യക്കാരന്റെ (യോശുവ) എരിവു ദൈവീകം ആയിരുന്നില്ല. പ്രത്യുത യിസ്രായേൽ എന്ന മെഗാ സഭയുടെ പാസ്റ്റർ ആയിരുന്ന മോശെയോടുള്ളതായിരുന്നു (സംഖ്യ11:29).

ശമുവേലിനെ നിലത്തോടു ചേർത്തു കുന്തം കൊണ്ടു കുത്തുവാൻ അനുവാദം ചോദിച്ച അബീശായിയുടെ സ്നേഹം തന്റെ അമ്മാച്ചനായ ദാവീദിനോടുള്ളതായിരുന്നു. അവസരം കിട്ടിയാൽ ശത്രുവിനെപ്പോലും ആക്രമിക്കുന്നത് സ്വന്ത എരിവിൽ ആയാൽ നീ വില കൊടുക്കേണ്ടിവരും എന്നു അനന്തിരവനെ പ്രബോധിപ്പിക്കുവാനുള്ള ബുദ്ധി ദാവീദിനുണ്ടായിരുന്നു (1ശമു:26:9,10) തങ്ങളെ കൈക്കൊള്ളാത്ത ശമര്യ ഗ്രാമത്തിൽ ശിഷ്യന്മാരോടു

04

കാലികം

# കാര്യം പറയുന്നവരെ കല്ലെറിയണോ.....?



സജി നെടുങ്കണ്ടം

ഭാരതജനതയെ ഭീതിയുടെ മുൾമുനയിൽ നിർത്തുന്ന സമകാലികാ രാഷ്ട്രീയം പൊതുവിൽ നാം വീക്ഷിക്കുമ്പോൾ ഭീകരവും ഭയാനകവുമാണ്. പൊതുവായുള്ള രാഷ്ട്രീയ നിലപാടിൽ നിന്ന് വ്യതിചലിക്കുന്ന രാഷ്ട്രീയ നായകന്മാർ വർഗ്ഗീയ ശക്തികളുടെ ചട്ടുകമായി മാറുന്ന കാഴ്ച രാഷ്ട്രഭാവിയെ കുറിച്ച് ഓർക്കുമ്പോൾ ഭീതി തോന്നുന്നു. ഏതു മതത്തിൽ പെട്ടവർക്കും സമാധാനത്തോടെ പുലരാനും തങ്ങളുടെ ആശയങ്ങളെ മറ്റുള്ളവരോട് പങ്കുവയ്ക്കുവാനും തുല്യ അവകാശം തരുന്ന ഭരണഘടന ഭാരത രാജ്യത്തിന്റെ പ്രത്യേകതയാണ്. ജനാധിപത്യത്തിൽ അധിഷ്ഠിതമായ ഭരണസംവിധാനങ്ങൾ സകലർക്കും തുല്യ നീതി ഉപ്പാക്കിയിരുന്നു. എന്നാൽ ഇന്ന് മഹാരഥന്മാരായ സമരനായകന്മാർ ജീവൻ കൊടുത്ത് സമ്പാദിച്ച നമ്മുടെ സ്വാതന്ത്ര്യം മതത്തിന്റെയും വർഗ്ഗീയതയുടെയും പേരിൽ ഇവിടെ തച്ചുടയ്ക്കപ്പെടുന്നു. മതമൗലികവാദികൾ ചേരിതിരിഞ്ഞ് ഇവിടെ ചോര ഒലിപ്പിക്കുന്നു. തീവ്രവാദ ആശയം ആര് മുന്നോട്ട് വച്ചാലും അത് പരിഷ്കൃതലോകത്തിൽ നമ്മുടെ രാജ്യം ഒന്നാമതാണ്. പാർശ്വവത്കരിക്കപ്പെട്ട ദളിതരെ ക്രൂരമായി പീഡിപ്പിക്കുന്നതിലും കൊന്ന് കുഴിച്ച് മൂടുന്നതിലും നമ്മുടെ നാട് ഏറെ മുന്നേറുന്നു. കടക്കെണിയും, ആത്മഹത്യയും, വിലകയറ്റവും എല്ലാം നാടിനെ മുച്ചൂട്ട് മുടിക്കുമ്പോൾ അധികാര കേന്ദ്രങ്ങളിൽ കയറി അഴിമതി നടത്തി കോടികൾ വശത്താക്കുന്നവരെ ഈ നാട്ടിലെ ജനങ്ങൾ ശാപത്തോടെ കാണുന്നു. കന്നുകാലികളുടെ വിലപോലും കേവലം മനുഷ്യനെന്ന് കല്പിക്കാത്ത മൃഗീയ സമീപനമാണ് നവീന ഭാരതത്തിന്റെ ദുസ്ഥിതിയാണ്. ജാതി വർഗ്ഗ വർണ്ണ വ്യത്യാസത്തിൽ ഇൻഡ്യൻ ജനത വേർതിരിക്കപ്പെടുകയും ഭൂരിപക്ഷം വരുന്ന സവർണ്ണർ ന്യൂനപക്ഷങ്ങളെ ക്രൂരമായി പീഡിപ്പിച്ച് കൂട്ടത്തോടെ ആട്ടിപ്പായിക്കുന്ന പ്രവണത ബലപ്പെട്ടിരിക്കുന്നു. അസഹിഷ്ണതയുടെ ബാക്കി പത്രമാണ് നമ്മുടെ തലസ്ഥാനത്ത് പിഞ്ചുകുഞ്ഞുങ്ങളേപ്പോലും ചുട്ടെരിച്ചതും അത് ന്യായീകരിക്കുന്ന രാഷ്ട്രീയ നേതാക്കൾ രംഗത്ത് വരുന്നതും.

അഭിപ്രായ സ്വാതന്ത്ര്യം ഓരോ പൗരനും ഭരണഘടന തരുന്ന അവകാശമാണ്. തെറ്റ് ചൂണ്ടിക്കാണിക്കാനും തിരുത്തലിനുമായുള്ള ആരോഗ്യപരമായ വിമർശനങ്ങൾ സാമൂഹ്യ നന്മയ്ക്ക് ഏറെ ഗുണകരമാണ്. വിമർശനങ്ങളെ നേരിടാൻ പ്രസ്ഥാനത്തിലെ ചെറുപ്പക്കാരെ അണിനിരത്തി അടിച്ചമർത്താം എന്ന് ആര് ശഠിച്ചാലും ജനാധിപത്യ സംഹിതയോടുള്ള വെല്ലുവിളി ആയിരിക്കും അത്. നൂറ് പേർ മഹാരാജാവിനെ പ്രകീർത്തിച്ച് പാടുമ്പോൾ അവരിൽ ഒരാൾ രാജാവ് നഗ്നനാണ് എന്നു പറയുന്നെങ്കിൽ ആ വ്യക്തിക്കല്ലേ അവാർഡും ആദരവും നൽകേണ്ടത്. കേരള പെന്തെക്കോസ്ത് സമൂഹം ഏറെ ബഹുമാനിക്കുന്ന ഉപദേശ സത്യങ്ങൾക്കുവേണ്ടി വില കല്പിക്കുന്ന സുവിശേഷ പ്രഭാഷകർ ദുരുപദേശരുടെ നടുവിൽ കെട്ടിപുണർന്നു നിൽക്കുന്ന കാഴ്ച കേരളജനത വെറുപ്പോടെയാണ് കണ്ടത്. ദുരുപദേശകരായ ന്യൂജൻമാരെ കൂട്ടി കൺവൻഷൻ നടത്തുന്ന മുഖ്യാധാരാ സഭക്കാരൻ ആയാലും ലൂസിഫറിന് കഞ്ഞിവച്ചയാൾ ആണ് എന്ന് പറയാതെ വയ്യ. അഴുക്കുചാലിൽ വീണവരെ ആര് ചേർത്തു പിടിച്ചാലും പിന്നത്തേതിൽ നാറും എന്നത് പുരമുകളിൽ ഘോഷിക്കപ്പെട്ട കാര്യമാണ്. തിരുത്തണം എന്നുപറയുന്നവരെ സംഘം ചേർന്ന് ഒതുക്കാനും അകറ്റി നിർത്താനും ശ്രമിക്കുന്നത് അസഹിഷ്ണത എന്നെ പറയേണ്ടതുള്ളു.

കാര്യം പറയുന്നവന്റെ ഭാഷ അൽപ്പം കഠിനപ്പെട്ടതാണെങ്കിലും വരാൻ പോകുന്ന വിപത്തിനെ കുറിച്ചല്ലെ ചൂണ്ടിക്കാണിച്ചത് എന്ന് ഓർത്ത് സഹിഷ്ണതയോടെ തിരുത്താൻ പ്രഭാഷകർക്ക് കഴിയണം. രാഷ്ട്രീയ പകപോക്കൽ പോലെ പ്രവർത്തിക്കരുത് അധഃപതിക്കരുത്. ദുരുപദേശകർ വിതച്ച കള മുളയിലെ നശിപ്പിക്കാൻ പെന്തെക്കോസ്തിലെ ഒരു കൂട്ടം എഴുത്തുകാർക്കും പ്രഭാഷകർക്കും കഴിഞ്ഞു എന്നത് വസ്തുതാപരമാണ്. മുഖ്യാധാരാ പ്രസ്ഥാനങ്ങൾ മുക്തകണ്ഠം പ്രശംസിക്കുന്ന വേലിക്കകത്തെ മുഖ്യപ്രസംഗകർ ദുരുപദേശകരുടെ പാളയത്തിൽ സെൽഫിക്ക് ഫോസ് ചെയ്യുന്നത് കണ്ടു നിൽക്കാൻ കഴിയുമോ? പെന്തെക്കോസ്തിൽ പഴക്കമോ പരിചയമോ ഇല്ലാത്ത കുട്ടി സഖാക്കൾ പണം ഉണ്ട് എന്ന ഒറ്റ കാരണത്താൽ അധികാരം പിടിച്ചടക്കി ആഗോള പെന്തെക്കോസ്തിനെ അടക്കി വാഴുന്നതു കാണുമ്പോൾ ലജ്ജ തോന്നുന്നു. ഇവറ്റകളെ അധികാര കസേരയിലേക്ക് ആനയിച്ചു പാതിവഴിയിൽ കിരീടം പോയ രാജാക്കന്മാർ പണം സമ്പാദിക്കാൻ ദൈവസഭയുടെ അടിത്തറ മാന്തുകയല്ലേ? ഒടുക്കം ദൈവസഭകളുടെ സീനിയർ നേതാക്കന്മാർ കുട്ടി സഖാക്കളുടെ മുമ്പിൽ തോട്ടി താഴെ ഇട്ട പാപ്പാനെ പോലെ മുട്ടുകൂട്ടി ഇടിക്കുന്ന കാഴ്ച ലജ്ജാകരം എന്നല്ലാതെ എന്തുപറയാൻ. കച്ചവടക്കാർക്കും ഭൂമാഫിയകൾക്കും മുമ്പിൽ ദൈവസഭയെ തീർഎഴുതികൊടുത്ത് കോടികൾ വശത്താക്കുന്ന വെള്ള തേച്ച ശവകല്ലറയിലെ ശവങ്ങളെ ഇനിയും ചുമക്കാൻ കാഴ്ചപ്പാടുള്ള വിശുദ്ധന്മാർക്ക് കഴിയുമോ...? പ്രാർത്ഥിക്കുന്ന ഭക്തർ എവിടെ? പ്രതീക്ഷക്കുവക ഇനി അവരിലേയുള്ളു...

വീക്ഷണം

# സംവരണവും പെന്തെക്കോസ്തും പിന്നെ ഘർവാപ്പസിയും



റോബിൻ സാമുവേൽ

ഗുജറാത്തിൽ ഹാർദ്ദിക്ക് പട്ടേലെന്ന 21 വയസ്സുകാരന്റെ നേതൃത്വത്തിൽ പട്ടേൽ സമുദായം ഒന്നടങ്കം ഒ.ബി.സി സംവരണം ആവശ്യപ്പെട്ട് നടത്തുന്ന പ്രക്ഷോഭങ്ങളും, ആർ.എസ്.എസ് നേതാവ് മോഹൻ ഭാഗവതിന്റെ സംവരണ വിരുദ്ധ പരാമർശനങ്ങളുമാണ് 'സംവരണം' എന്ന വിഷയത്തെ രാജ്യവ്യാപക ചർച്ചയാക്കിയത്. കേരളത്തിലും ബീഹാറിലും നടന്ന ഇലക്ഷനുകളിൽ പോലും 'സംവരണം' ഒരു പ്രധാന തെരഞ്ഞെടുപ്പ് വിഷയവുമായിരുന്നു. ഇതിനിടയിൽ സംവരണവുമായി ബന്ധപ്പെട്ട് രണ്ട് സുപ്രധാന കോടതി വിധികളുമുണ്ടായി. ഉന്നത വിദ്യാഭ്യാസ മേഖലകളിൽ സംവരണം ഒഴിവാക്കണം എന്ന സുപ്രീം കോടതി ഉത്തരവായിരുന്നു, ഇതിൽ ആദ്യത്തെതും ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടതും. രണ്ടാമത്തേതാകട്ടെ, ക്രിസ്തുമതത്തിൽ നിന്നും ഹിന്ദുമതം സ്വീകരിക്കുന്നവർക്ക് അവരുടെ പൂർവ്വീകരുടെ കാലത്ത് ജാതിയടിസ്ഥാനത്തിൽ ലഭിച്ചിരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്നുള്ള കേരളാ ഹൈക്കോടതിയുടെ വിധിയുമായിരുന്നു. 'ഘർവാപ്പസി'യെ പരോക്ഷമായി പിന്തുണയ്ക്കുന്നതായിട്ടു കൂടി ഈ വിധിയെപ്പറ്റി വലിയ പ്രതികരണങ്ങളൊന്നുമുണ്ടായില്ലതാനും.

**സംവരണം വന്ന വഴികൾ**

സാമൂഹികവും സാമ്പത്തികവും ലിംഗപരവുമായ പിന്നോക്കാവസ്ഥ ഒഴിവാക്കി അധഃസ്ഥിതരും ദുർബ്ബലരും ആയ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനായിരുന്നു രാജ്യത്ത് സംവരണം ഏർപ്പെടുത്തിയത്. ഭരണഘടനയുടെ 15,16 അനുഛേദ പ്രകാരമാണ് സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്കും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പ്രത്യേക പരിഗണനയ്ക്കും തൊഴിൽ സംവരണത്തിനും നടപടിയുണ്ടായത്. രാജ്യത്തെ സെൻസസ് കണക്കുകളുടെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവിഭാഗങ്ങൾക്ക് തെരഞ്ഞെടുപ്പുകളിലും തൊഴിലിനും സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് പിന്നോക് സഭാഗങ്ങൾക്കും(ഒബിസി) ജനസംഖ്യാനുപാതികമായി കേരളമടക്കം നിരവധി സംസ്ഥാനങ്ങളിൽ തൊഴിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

കേരളത്തെ സംബന്ധിച്ചിടത്തോളം വിവിധ ജാതി വിഭാഗങ്ങൾ തൊഴിലിലും മറ്റും അർഹമായ പ്രാതിനിധ്യമാവശ്യപ്പെട്ട് നിരവധി പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്. ഈഴവ മെമ്മോറിയൽ(1896), മലയാളി മെമ്മോറിയൽ(1891), നിവർത്തനപ്രക്ഷോഭം(1932), പൗരസമത്വവാദ പ്രക്ഷോഭം(1919) തുടങ്ങിയവയൊക്കെ അത്തരത്തിൽ നടന്നതാണ്. ഇതിന്റെയൊക്കെ ഫലമായിട്ടാണ് 1935-ൽ തിരുവിതാംകൂർ പബ്ലിക് സർവ്വീസ് കമ്മീഷൻ സ്ഥാപിച്ച് എല്ലാ ജാതിവിഭാഗങ്ങളിലുപ്പെട്ടവർക്ക് നിശ്ചിത അനുപാതത്തിൽ ജോലി നൽകാനാരംഭിച്ചത്. ഇത് പിന്നീട് കേരളാ പബ്ലിക് കമ്മീഷനാവുകയും(kpsc) ഇവിടെയും ജനസംഖ്യാനുപാതികമായ സംവരണവും തുടരുകയും ചെയ്തു. സംസ്ഥാന സർക്കാർ ജോലികളിൽ 50%-വും സാമൂഹികമായി പിന്നോക്കം നില്കുന്ന വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുകയാണ്. നിശ്ചിത വാർഷിക വരുമാനം പരിധിക്കുള്ളിലുള്ളവർക്ക് മാത്രമേ ഇത്തരത്തിൽ തൊഴിലിന് സംവരണം ലഭിക്കു.

വിവിധ ജാതി വിഭാഗങ്ങൾക്ക് psc വഴിയുള്ള നിയമനങ്ങളിലെ സംവരണ വിഹിതം(%ൽ)

| | |
|---|---|
| ഈഴവ/ തിയ്യ/ബില്ലവ | - 14 |
| മുസ്ലീം | - 12 |
| Lc/AI | - 4 |
| വിശ്വകർമ്മ | - 3 |
| SIUC നാടാർ | - 1 |
| ധീവര | - 1 |
| ഹിന്ദുനാടാർ | - 1 |
| മറ്റു ക്രിസ്ത്യാനികൾ | -1 |
| OBC | - 3 |
| SC | - 8 |
| ST | - 2 |

* ലാസ്റ്റ് ഗ്രേഡ് ഒഴികയുള്ള നിയമനങ്ങളിലേത്.

**പെന്തെക്കോസ്തും സംവരണവും**

പെന്തെക്കോസ്തർക്കും സംവരണം വേണം എന്നൊരാവശ്യം ചിലവർഷങ്ങൾക്ക് മുമ്പ് ഒരു ക്രൈസ്തവ സാംസ്കാരിക പത്രിക മുഖപ്രസംഗത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. സാമൂഹികമായി പിന്നോക്കാവസ്ഥ അനുഭവിക്കുന്ന പെന്തെക്കോസ്തർക്ക് പി.എസ്.സി നിയമനങ്ങളിൽ അടക്കം സംവരണം ആവശ്യപ്പെട്ടതായിരുന്നു മുഖപ്രസംഗം. ഇത്തരത്തിൽ ഒറ്റപ്പെട്ട ചില ആവശ്യങ്ങൾ മാത്രമാണ് പെന്തെക്കോസ്ത് സമൂഹത്തിൽ നിന്ന് സംവരണമാവശ്യപ്പെട്ട് ഉയർന്നിട്ടുള്ളത്. സംവരണമാവശ്യപ്പെട്ട് ഈ ചർച്ചയൊക്കെ നടക്കുമ്പോഴും പെന്തെക്കോസ്ത് വിഭാഗത്തിൽപ്പെട്ടവർ സംവരണാനുകൂല്യം കൈപ്പറ്റുന്നുവെന്നതാണ് യാഥാർത്ഥ്യം. 'എസ്.എസ്.എൽ.സി' സർട്ടിഫിക്കറ്റ് അടക്കമുള്ള സുപ്രധാന രേഖകളിലെ രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലാണ് ഈ സംവരണാനുകൂല്യം ലഭിക്കുന്നത്. മതവും ജാതിയും ചോദിക്കുന്നിടത്ത് മതം ക്രിസ്ത്യനെന്നു രേഖപ്പെടുത്തി ജാതികോളത്തിൽ ഐ.പി.സി, ശാരോൻ പെന്തെക്കോസ്ത് എന്നൊക്കെ രേഖപ്പെടുത്തുന്നവർക്ക് യാതൊരുവിധ സംവരണവുമില്ല. എന്നാൽ വിവിധ ജാതി മത വിഭാഗങ്ങളിൽ നിന്നും 'രക്ഷയിലേക്ക്' വരുന്നവരിൽ 'ജാതി' എന്ന സ്വത്വബോധം സംരക്ഷിച്ചു നിൽക്കുന്നവർക്കാണ് സംവരണം ലഭിക്കുന്നത്. ഉദാഹരണത്തിന്, പട്ടികജാതിവിഭാഗങ്ങൾ പട്ടിക വർഗ്ഗവിഭാഗങ്ങൾ നാടാർ, ലത്തീൻ, കത്തോലിക്കാ വിഭാഗങ്ങളിൽ നിന്നും പെന്തെക്കോസ്തിലേക്ക് വരുന്നവരിൽ ഭൂരിഭാഗവും മതം ക്രിസ്ത്യനെന്നു രേഖപ്പെടുത്തുകയും ജാതിക്കു നേരെ തങ്ങൾ നേരത്തെ ഉൾപ്പെട്ടു നിന്നിരുന്ന ജാതിയുമാണ് രേഖപ്പെടുത്തുന്നത്. ഇക്കാരണത്താൽ പട്ടികജാതി വിഭാഗത്തിൽ നിന്നും രക്ഷയിലേക്ക് വരുന്നവർക്ക് വിശ്വാസികളായിരിക്കുമ്പോൾ തന്നെ പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് ലഭിക്കുന്ന1% സംവരണം സർക്കാർ ജോലികളിൽ ലഭിക്കുന്ന പട്ടികജാതി വിഭാഗത്തിലായിരുന്നപ്പോൾ ഇത് 8% ആയിരുന്നുവെന്നതും ഓർക്കേണ്ടതാണ്. ഇതേ പോലെതന്നെ ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽ നിന്നും നാടാർ വിഭാഗത്തിൽ നിന്നും രക്ഷയിലേക്ക് വരുന്നവർക്കും ജാതി എന്ന സ്വത്വബോധം സംരക്ഷിക്കുമെങ്കിൽ സംവരണം ലഭിക്കുന്നുണ്ട്. പട്ടികവർഗ്ഗത്തിൽ നിന്നും രക്ഷയിലേക്ക് വരുന്നവരിൽ ഈ സ്വത്വബോധം സംരക്ഷിക്കുകയാണെങ്കിൽ യാതൊരു മാറ്റവും കൂടാതെ തുടർന്നും അവർക്കർഹമായ സംവരണം(2%) ലഭിക്കുകയും ചെയ്യും. ഇതേസമയം ഈഴവ, മുസ്ലീം, വിശ്വകർമ്മർ തുടങ്ങിയ സംവരണ സമുദായങ്ങളിൽ നിന്നൊക്കെ രക്ഷയിലേക്ക് വരുന്നവർ മതം ക്രിസ്ത്യനെന്നു രേഖപ്പെടുത്തി ജാതി പഴയതു തന്നെ രേഖപ്പെടുത്തിയാലും യാതൊരുവിധ സംവരണവും ലഭിക്കുകയില്ല.

**സംവരണ പ്രക്ഷോഭങ്ങൾ**

പട്ടിക ജാതി വിഭാഗങ്ങളിൽ നിന്നും പെന്തെക്കോസ്തിലേക്ക് പരിവർത്തനം ചെയ്യുമ്പോൾ 8%-ത്തിൽ നിന്നും 1%-ത്തിലേക്കാണ് തൊഴിൽ സംവരണ വിഹിതം കുറയുന്നത്. ഇത് ബുദ്ധമതത്തിലേക്കോ ജൈനമതത്തിലേക്കോ ആണെങ്കിലും യാതൊരു വ്യത്യാസവുമില്ലാതെ തുടർന്നും ലഭിക്കും. 1950ലെ പ്രസിഡൻഷ്യൽ ഓർഡറിലൂടെയാണ് ക്രിസ്ത്യാനികളായവർക്ക് മാത്രം ഈ നീതിനിഷേധം ഉണ്ടായത്. ഇതിനെതിരെ കഴിഞ്ഞ അരനൂറ്റാണ്ടിലധികമായി പ്രക്ഷോഭങ്ങൾ നടക്കുകയുമാണ്. കേരളത്തിൽ WME പോലുള്ള സഭകൾ തന്നെ ഇതിനെതിലെ ഒരുവേള സമരം ചെയ്തിരുന്നു. പ്രത്യക്ഷത്തിൽ തന്നെയുള്ള ഈ നീതി നിഷേധത്തിനെതിരായി സുപ്രീംകോടതിയിലുള്ള ഒരു കേസാകട്ടെ മെല്ലെപ്പോവുകയുമാണ്. പെന്തെക്കോസ്തിലെ സംവരണവിഭാഗങ്ങൾ പെന്തെക്കോസ്തരല്ലാത്ത സംവരണ സമുദാങ്ങളുമായി ച്ചേർന്ന് പ്രക്ഷോഭത്തിനിറങ്ങുന്നതും ഇന്നത്തെ കാഴ്ചയാണ്. തിരുവനന്തപുരത്ത് നടന്ന നാടാർ സംഗമവും കട്ടപ്പനയിൽ നടന്ന സി.എസ്.ഡി.എസ് സംഗമവും ഇത്തരത്തിലുള്ളതായിരുന്നു. വിശ്വാസികളും സന്യാസിമാരുമൊക്കെ ഒരു വേദിയിൽ നിറയുകയു ചെയ്തു.

**ഘർവാപ്പസിക്കു പിന്നിൽ**

കേരളത്തിൽ വലിയ വാർത്തയായ ഘർവാപ്പസിയുടെ വേരുകൾ യഥാർത്ഥത്തിൽ സംവരണവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഹിന്ദുമതത്തിലെ പട്ടികാതി വിഭാഗങ്ങളിൽ നിന്നും പണ്ടെങ്ങോ മതം മാറ്റപ്പെട്ട നിരവധി 'പേരു' കൊണ്ട് മാത്രം ക്രിസ്ത്യാനികളായവരുണ്ട്. പേരിലെ ക്രിസ്ത്യൻ സാന്നിധ്യം കാരണം സർക്കാർ സംബന്ധിയായ ആവശ്യങ്ങൾക്ക് ഇവർക്ക് SC സർട്ടിഫിക്കേറ്റ് ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഈ കാരണത്താൽ വിവിധ സർക്കാർ ആനുകൂല്യങ്ങളും പദ്ധതികളും നഷ്ടമാകുന്നതിനാൽ ഇവർ ദുഃഖിതരുമായിരിക്കും. പിന്നീടുള്ള ഏകവഴി തങ്ങൾ ഹിന്ദുക്കളാണെന്ന് തെളിയിക്കുകയാണ്. അതിനാകട്ടെ കടമ്പകൾ ഏറെയുമാണ്. കുടുംബമൊന്നാകെ ശുദ്ധികർമ്മം(?) നടത്തി ഹൈന്ദവമതം സ്വീകരിക്കണമെന്നതാണ് വ്യവസ്ഥ. മാത്രമല്ല ഗസറ്റിൽ വിജ്ഞാപനവും ഇനിയൊരിക്കലും ക്രിസ്തുമതത്തിലേക്ക് പോവുകയില്ലായെന്ന് ഉറപ്പാക്കുകയും വേണം. ഈ വസ്തുതകൾ മുത

04

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 23

# BELIEVERS JOURNAL

PUBLISHED ON 10/12/2015

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Posted at RMS Thiruvalla

Annual Sub. ₹ 150

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.